# MAHATHYAGI

## CHRIST ON THE CROSS
## POETRY
## IN SEVEN LANGUAGES



M.O. AVARA

ST-019



Dharmaram College Library
Acc. No. 37531
Call No. 232.9 AVA-M

# MAHATHYAGI

[ Christ on the cross ]

IN SEVEN LANGUAGES

VIDWAN M. O. AVARA

ACHARYA PALACKAL JEEVAS KENDRAM ALWAYE LIBRARY 18286

**Translations**

| | |
|---|---|
| Sanskrit | K P. NARAYANAPISHAROTI |
| Tamil | C. YESUDASAN |
| Hindi | NARAYANA DEV |
| English | B. HRIDAYAKUMARI |
| Kannada | M. RAMA |
| Bengali | SAMARENDRA LAWRENCE BISWAS |

DHARMARAM COLLEGE LIBRARY BANGALORE-29

---

PRICE Rs. 50-00

Dharmaram College Library
Acc. No. 97531
Call. No. F61
B96-5/AV16

**MAHATHYAGI**

[Christ on the cross]

Malayalam poem with six translations

Malayalam

**Vidwan M. O. AVARA**

**Translations**

| | |
|---|---|
| Sanskrit | Prof. K P. NARAYANAPISHAROTI |
| Tamil | Prof. C. YESUDASAN |
| Hindi | Vidwan NARAYANA DEV |
| English | Prof. B. HRIDAYAKUMARI |
| Kannada | Prof. M. RAMA |
| Bengali | Sri. SAMARENDRA LAWRENCE BISWAS |

**Rights reserved**

Cover : Sri. P. P. Devassy, P. O. C., Cochin
Printed at Amarakerala Industries. Cochin

**Copies 1000**

**Publisher**

**Vidwan M. O. Avara**
Menacherry
N. Parur 683513
Kerala

**Rs. 50.00**

## PREFACE

Mahathyagi is a Malayalam poem composed in the *viyogini* metre. The theme pivots round the last words of Jesus Christ as He lay writhing in agony, nailed to a cross. This poem was prescribed by the Madras University as Text Book for the Intermediate Examinations in 1949 and for the Sahithya Visarad and BA./B. Sc. Examinations of the erstwhile Travancore University in 1943 and the Kerala Univerisity 1969. The encomium showered on the poem by reviewers induced me to get the work translated into as many languages as possible.

The 1978 edition carried prof. K. P. Narayana Pisharoti's Sanskrit translation and a free translation in English by Msgr. Thomas Moothedan. The book was released by the late Joseph Cardinal Parekattil and the recipient of the first copy was Mahakavi Sankara Kurup.

If asked why I ventured upon this onerous task of getting this work translated into different languages, I may not be able to give a convincing answer. But there are a few factors that goaded me ahead; the satisfaction I derive from embarking upon such a pioneerig enterprise, and the gratification I realise that I am becoming, an instrument of spreading the 'last words' all over India, are the most important among them.

Two more translations were added in the next edition; Tamil by Prof. C. Jesudasan and Hindi by Sri Narayana Dev. The free English translation by Msgr. Thomas Moothedan was replaced by the English translation by Prof B. Hridayakumari. This edition was released by His Grace Dr. Sebastian Mankuzhikari in 1984.

The present edition carries with it two more translations-Kannada by Prof. M. Rama, Department of Linguistics of Kerala University and Bengali by Sri. Samarendra Lawrence Biswas of Don Bosco, Ranchi. Thus the present edition contains the original Marayalam work and its six translations. I am not unaware of the fact that any translation will lose much of the beauty and elegance of the original· Yet I venture upon this task to see that the book reaches every nook and corner of this peninsula.

In getting this volume ready I owe a deep debt of gratitude to a number of people. Special mention should be made of His Eminence Antony Cardinal Padiyara of Kerala who has been a source of inspiration and encouragement. It is the Cardinal's benevolence and munificence that has led me a long way. It is through him that Missio of West Germany came forward to partly finance the present edition. My gratefulness to them is unbounded. My gratitude to His Eminence Joseph Cardinal Parekattil of revered memory is even now fresh in my mind. But for his paternal solicitude, I would not have launched upon this venture at all. I shall be failing in my duty if mention is not made of His Excellency Dr. Cornelius Elanjikal, Archbishop of Verapoly, whose predilection for me has been gratuitous.

Dr. Sudhamsu Chaturvedi who has graced this volume with a magnificent Foreword, is a prolific writer in Hindi, Sanskrit and English. A recipient of many awards, he is the Chairman of the All-India writer's Conference and President of the International Translation Bureau. My profound gratefulness to him.

Dr. K. M. George has sent in his glowing appreciation of this work in his 'Aamugham'. An eminent writer and literary luminary, he has graced many fields with his personality. Malayalam language will always remember him with pride.

Dr. M. Leelavathy has opened her heart to this poem and its vaiious translations in appreciating the work in her natural way. She has established her name as a faultless critic and an eminent literary genius. My profuse thanks to her.

I extend my gratitude to all my well-wishers who have evinced their appreciation through reviews and messages congratulating me on my endeavours. The Rev. Director and Secretary of P. O. C. have been of much help to me. Special mention must be made of His Excellency Benedict Mar Gregoriose, Archbishop of Trivandrum for his boundless love and praise for my work. I gratefully acknowledge the valuable wishes and blessings showered on me by His grace Joseph Kundukulam, Bishop of Trichur and the other prelates of Kerala. I owe much gratitude to very Rev. Fr. Prior General C. M. I., Karikkamuri.

It is hardly possible to express my gratitude to all my good friends for having come forward to help me selflessly in my laborious task. Lovers of literature among posterity will gratefully remember them. The names of Padmasree Dr. Suranattu Kanjan Pillai, Mahakavi Vallathol, Chev. I. C. Chacko, Dr. Abraham Adappur, S. J., Dr. P. J. Thomas, Prof. J. Mundassery, Mahakavi Ulloor, Sardar K. M. Panicker, Dr. K. M. George, Dr. M. Leelavathy, Most Rev. Dr. Joseph Attipetty, Dr. Abraham Vadakel, Mahakavi G. Sankara Kurupu, Prof. P. C. Devassaia,

Prof. Sukumar Azhikode, Prof. V. Sivasankara Pillai, Dr. Kamil Bulke S. J., Dr. S. K. Nair, Dr S. J. Kattaikal will be ever green in my memory. Sahithyalankara, Sahithyanipuna Vidwan T. M. Chummar who wrote a lucid explanation for the Malayalam poem deserves special mention. Several of these have left for their enternal reward; may God grant them lasting peace.

This book would not have seen the light of day had I not received the unstinted co-operation of many in the form of money, time, labour and wisdom. Prof. Mathew Ulakamthara, Prof. K. P. Urumese, Prof. R. K. Rao, Prof. Thomas Pullikkan, Mrs Chinnamma Antony, the late Prof. N. J. Antony are a few of my friends who have helped me in the preparation of the manuscripts and proof-reading. Sri. P. P. Devassy, artist, P. O. C. has drawn an attractive and appealing cover for the book. I thank him heartily. Last but not least, my thanks are due to Sri. S. K. Nair, proprietor of Amarakerala Industries, and other press workers and collaborators who have made this work presentable.

The translations appearing in this volume are based on the first Malayalam edition. However, in this edition, the Malayalam text has been modified slightly. Hence it is possible that there may be slight differences between the text and the translations.

Finally I place myself, and this work at the feet of the Lord, "Mahathyagi".

N. Parur M. O. Avara
1 st January 1990

# FOREWORD

To have authored a work, published as early as in the year 1940, a work which has drawn praises from many distinguished men of letters of that period as well as those of later years, and which has been accorded recoqnition by at least two major Universities of the South by being prescribed as a text book, and has been gaining in appeal, when it is recently republished along with six translations viz. in Sanskrit, Hindi, Bengali, Tamil, Kannada, and English, all in one volume is the unique achievement of Vidwan M. O. Avara. In all humility the poet attributes this rare fortune to the blessings of Jesus Christ, around whose famous seven sentences voiced while writhing in agony on the cross, two thousand years ago, the poem, aptly titled 'Mahatyagi', is woven.

The Lord of Gurupavanapura cared more for the Bhakti of Poontanam than for the Vibhakti (grammatical excellence) of Narayana Bhattatiri. Well, Mr. Avara excels both in Bhakti and Vibhakti. Poets and scholars all over Kerala have written in appreciation of the literary merits of this Khandakavya in Malayalam. The Bhakti aspect has been emphasized by the religious heads in their appreciations. The opinions and appreciations of these men of letters and the divines, are also included in the volume. It will be presumptuous on my part to think that I can add anything new to what has been said by these great personages in their inimitable style. Most of them have emphasized particular verses to

illustrate their points. I shall remain content by drawing attention to just one verse viz No. 36. Here the poet says that seeing the plight of the Lord on the cross, even iron would melt What a striking similarity to the immortal Sanskrit poet Bhavabhooti who in his 'Uttararamacharita' says 'Api Grava, Roditi' (Even a stone would weep) while describing Lord Rama's grief. Like Bhavabhooti our poet also excels in 'Karuna' Rasa.

Mr. Avara can be justly proud that this is the first time that for a Malayalam poem and that too dealing with a Christian theme, there are as many as six translations, five in Indian languages and one in international language, English. It must be a matter of great satisfaction to him that all these are translations by experts in the respective languages. As already mentioned, this poem has been highly appreciated by at least two Universities which have prescribed it as text book for Malayalam. I understand that the publication of the entire book (original as well as translations in six languages) has been partly financed from Germany. In many respects this book is a unique attempt and its appeal is not confined to Christians but to the entire humanity.

'Mahatyagi's devine fragrance has already pervaded many regions and I am sure, it will continue to make fresh conquests, and will inspire generations of scholars, poets and men of devotion. Like the Bible and the Gita. it will continue to be translated into an ever increasing number of languages for the benefit of huminity.

The last words of Jesus carry the gist of his teaching which is for all mankind and Mr. Avara has to be congratulated for his able and dedicated rendering of the Master's words on the cross.

May the Lord bless Vidwan Avara With 'Ayuraro-gyasoukhyam', may many more moons be added to the thousand moons which he has already seen, and let his noble poem 'Mahatyagi' also see thousands of moons.

SUDHANSHU CHATURVEDI,
Professor,
Sree Kerala Varma College,
Trichur-680 011 (Kerala)

Trichur - 680 011,
1-11-1989.

ACHARYA PALACKAL JEEVASS KENDRAM
LIBRARY
ALWAYE
18226

# ആമുഖം

ഡോ: കെ. എം. ജോർജ്ജ്

കേരളത്തിലെ പ്രശസ്ത പണ്ഡിതന്മാരിൽ ഒരാളായ വിദ്വാൻ എം. ഒ. അവരാ മേന്മയുള്ള ഒരു ഡസൻ കൃതികളുടെ കർത്താവാണ് ശുദ്ധിയുള്ള ഗദ്യവും ദീപ്രമായ പദ്യവും രചിക്കുന്നതിൽ അദ്ദേഹത്തിനുള്ള പ്രാഗല്ഭ്യം വെളിവാക്കുന്ന കൃതികളാണവ. കാവ്യരചനകളിൽ ഏററവും പ്രസിദ്ധിനേടിയതു് മഹാത്യാഗി എന്ന ഖണ്ഡകൃതിയാണ്. കുരിശിൽ തൂങ്ങിമരിക്കുന്ന യേശുനാഥനെ ചിത്രീകരിക്കുന്നതും ആ ത്യാഗിവര്യന്റെ ഒടുവിലത്തെ വാക്കുകളും അനുഭവങ്ങളും ആവിഷ്ക്കരിച്ചിരിക്കുന്നതുമായ ഈ കവിത ജീവിതത്തിന്റെ അഗാധ മർമ്മങ്ങളെ സ്പർശിക്കുന്ന ഒരു വിശിഷ്ട ശില്പമായിട്ടുണ്ട്. മലയാളത്തിൽ ഉടൽപൂണ്ട ഈ കവിത ഇംഗ്ലീഷ്, സംസ്കൃതം, ഹിന്ദി, തമിഴ്, ബംഗാളി, കന്നടം എന്നീ ഭാഷകളിൽ വിദഗ്ദ്ധമായി വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു എന്നറിഞ്ഞു് ഞാൻ അത്യധികം സന്തോഷിക്കുന്നു. മലയാളത്തിൽ പ്രണയം ചെയ്യപ്പെട്ട വളരെ ചുരുക്കം കൃതികൾക്കു മാത്രമേ ഇങ്ങനെയൊരു സൗഭാഗ്യം ലഭിച്ചിട്ടുള്ളു. ഈ കൃതിയും അതിന്റെ കർത്താവും തികച്ചും ഈ അപൂർവ്വമായ ഈ പരിഗണന അർഹിക്കുന്നുണ്ട് എന്ന് ഈ കൃതി ശ്രദ്ധിച്ചു വായിക്കുന്ന ഏതു സഹൃദയനും സമ്മതിക്കാതിരിക്കയില്ല.

ബൈബിൾ പ്രമേയങ്ങളും കഥകളും ലോകമൊട്ടാകെയുള്ള ചിന്തകന്മാരെയും കലാകാരന്മാരേയും പണ്ടുകാലം മുതലേ ആകർഷിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലോകത്തിലെ പ്രധാന ഭാഷകളിലെ സാഹിത്യകൃതികൾ മാത്രമല്ല, ഗാനരചന, ചിത്രമെഴുത്തു്, പ്രതിമാനിർമ്മാണം തുടങ്ങിയ മേഖലകളിലെ കലാപരമായ ആവിഷ്കാരങ്ങളും ഇതിന് സാക്ഷ്യം വഹിക്കുന്നുണ്ട്. സോവിയററു യൂണിയൻ, പശ്ചിമ യൂറോപ്പ്, അമേരിക്ക, ജപ്പാൻ തുടങ്ങി നാഗരികതയും ഉച്ച ശൃംഗങ്ങളിൽ സ്ഥിതിചെയ്യുന്ന പല നഗരങ്ങളും അവയിലെ പേർപെററ മ്യൂസിയങ്ങളും പലതവണ സന്ദർശിക്കുന്നതിനുള്ള സൗകര്യം ഈ ലേഖകന് ലഭിച്ചിട്ടുണ്ട്. അവ

യിൽ പ്രദർശിപ്പിച്ചരിക്കുന്ന അമൂല്യങ്ങളായ കലാസൃഷ്ടികളിൽ എൺപതു ശതമാനത്തിൻേറയും അടിസ്ഥാന പ്രചോദനം ബൈബിൾ പ്രമേയങ്ങളാണ്. വിശേഷിച്ചും ക്രിസ്തുനാഥൻെറ ജീവിതാനുഭവങ്ങൾ മതപരമായ കാര്യങ്ങളിൽ താത്പര്യമില്ലാത്ത സോവിയററു യൂണിയനിലെ മ്യൂസിയങ്ങൾ തന്നെയും ഇതിനൊരു അപവാദമല്ല എന്ന സത്യം എന്നെ വീണ്ടും വീണ്ടും ചിന്തിപ്പിക്കുന്ന ഒരു വസ്തുതയാണ്.

പാശ്ചാത്യ സാഹിത്യ മണ്ഡലത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ ക്ലാസിക്കുകളിൽ ഒരു നല്ല ശതമാനം ബൈബിൾ പ്രതിഷ്ഠിതമാണ്. ഭാരതീയ സംഹിതൃങ്ങളിലാകട്ടെ രാമായണവും ഭാരതവുമാണ്, ക്ലാസിക് രചനകൾക്ക് മുഖ്യ സ്രോതസ്സായി നിലകൊണ്ടിരുന്നതു്. ആധുനികകാലത്തു് ബൈബിളിലും സർഗ്ഗസ്ഥിതിയുള്ള എഴുത്തുകാർക്ക് പ്രചോദനം നല്കിയിട്ടുണ്ട്. ക്രിസ്ത്യാനികൾ മാത്രമല്ല ക്രിസ്ത്യേതരരും ഈ രംഗത്തു വന്നിട്ടുണ്ട് എന്നതു് വിസ്മരിച്ചുകൂടാ. മലയാളഭാഷ എടുക്കുക, വള്ളത്തോളിൻെറ മഗ്ദലനമറിയം കാവ്യവും, കൈനിക്കര പത്മനാഭപിള്ളയുടെ കാൽവരിയിലെ കല്പപാദപം നാടകവും ഒന്നാംകിട സാഹിത്യകൃതികളാണല്ലൊ. ക്രിസ്ത്യാനികൾ എഴുതിയിട്ടുള്ള കൃതികളും എണ്ണത്തിൽ കുറവൊന്നുമല്ല. ഇക്കൂട്ടത്തിൽ ക്രിസ്തുചരിതം ആസ്പദമാക്കി രചിക്കപ്പെട്ട രണ്ടു കാവ്യങ്ങളാണ്, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ ശ്രീയേശുവിജയവും പുത്തൻകാവു മാത്തൻ തരകൻെറ വിശ്വദീപവും. ഈ മേഖലയിൽതന്നെ ഉൾപ്പെടുന്ന ചെറിയസംഭവങ്ങളും സന്ദർഭങ്ങളും ധാരാളം ഖണ്ഡകാവ്യങ്ങൾക്ക് അവലംബമായിട്ടുണ്ട്. അക്കൂട്ടത്തിൽ രചനാ ചാതുരികൊണ്ടു് മുന്നിട്ടുനില്ക്കുന്ന ഒരു കൃതിയാണ്, വിദ്വാൻ അവരായുടെ മഹാത്യാഗി.

യേശുദേവൻെറ അവിസ്മരണീയമായ ജീവിതത്തിൻെറ മൂർദ്ധന്യം എന്നു പറയാവുന്ന ഒരു സന്ദർഭമാണ് നമ്മുടെ കവി തൻെറ രചനയ്ക്കു് വിഷയമായി സ്വീകരിച്ചിട്ടുള്ളതു്. ക്രിസ്ത്യാനികൾക്ക്, യേശു ദൈവപുത്രനാണ്; ത്രിത്വത്തിൻ ഒന്നായ ദൈവം തന്നെയാണ്, പക്ഷെ മററുള്ളവരുടെ കൂട്ടത്തിൽ ബുദ്ധിജീവികൾക്ക്

യേശു ദൈവമല്ല, ദിവ്യത്വമുള്ള മനുഷ്യനാണ്, ഒരു മഹാ ഗുരുവാണ്. അവരെ സവിശേഷം ആകർഷിക്കുന്ന ജീവിതഘടകം ആ ഗുരുവിൻെറ ആത്മത്യാഗമാണ്; നിസ്തുലമായ ആ ത്യാഗം കേന്ദ്രബിന്ദുവായി സ്വീകരിച്ചുകൊണ്ടുള്ള ഈ കവനം അങ്ങനെ മതഭേദമില്ലാതെ സർവ്വസമാകർഷകമായി ഭവിച്ചിരിക്കുന്നു.

വിദ്വാൻ അവരയേപ്പോലുള്ള ഒരു വിശ്വാസിക്ക് താൻ ദൈവനിശ്വസ്തമായി കരുതുന്ന ഒരു വേദഭാഗം കാവ്യവിഷയമായി സ്വീകരിക്കുമ്പോൾ ചില പരിമിതികൾ എല്ലാം ഉണ്ട്. വായിച്ചു രസിക്കാനുള്ളതാണ്, കവിത. അതിനെ രസാവഹമാക്കുന്ന ചില ഘടകങ്ങളാണല്ലോ ശബ്ദാലങ്കാരവും അർത്ഥാലങ്കാരവും ഭാവനയും. വൃത്തവും പ്രാസവും ഗണ്യമായൊരളവിൽ ഗാനസൗഖ്യം പ്രദാനം ചെയ്യുന്നു. എന്നാൽ നവീന ഭാവനകൾ ഇല്ലാത്ത പദ്യം കവിതയായി ഗണിക്കപ്പെടുകയില്ല ഭാവനയ്ക്ക് കൊഴുപ്പു കൂട്ടുന്ന ഒരു ഘടകമാണ്, അലങ്കാരം. മറെറാരു തരത്തിൽ പറഞ്ഞാൽ കേവല വസ്തുതയ്ക്ക് ചമല്കാരം ചേർത്ത് ഭംഗി വരുത്തുന്ന ഘടകമാണ്, അലങ്കാരം. പക്ഷെ അലങ്കാരങ്ങൾ ചിലപ്പോൾ ശുദ്ധസത്യത്തെ വഴിതെററിക്കുകയും വികലമാക്കുകയും ചെയ്തുകൂടായ്കയില്ല. ഇതു് ഒരു കവിസ്വാതന്ത്ര്യ പരിമിതിയായി ശുദ്ധവിശ്വാസികൾക്ക് അനുഭവപ്പെടാതിരിക്കയില്ല. കേവലം കാവ്യവിഷയം മാത്രമായി ബൈബിൾ ഇതിവൃത്തം സ്വീകരിക്കുന്നവർക്ക് തങ്ങളുടെ ഭാവനയെ യാതൊരു കടിഞ്ഞാണും കൂടാതെ അഴിച്ചുവിടുവാൻ കഴിയും.

കാൽവരിയിലെ ചുററുപാടുകളെക്കുറിച്ച് വർണ്ണിക്കുമ്പോൾ വിദ്വാൻ അവരം സ്വതന്ത്രനാണ്, അവിടെ ഉപമാദി അലങ്കാരങ്ങൾ യഥേഷ്ടം കാവ്യഗാത്രത്തിൽ നിവേശിപ്പിച്ച് മോടി പിടിപ്പിക്കാൻ കവി ശ്രദ്ധിച്ചിട്ടുണ്ട്.

അളിനീല തൃണാംബരം വിരി—
ച്ചരിയോരദ്രിയെ യങ്ങു കാൺമുനാം
നരസന്തതികൾക്കു വിണ്ണിലേ—
ക്കയരാൻ വച്ചൊരു കോണിപോലവേ.

തുടർന്നു വരുന്ന നാലഞ്ചു ശ്ലോകങ്ങൾ കവിയുടെ അലങ്കാരപ്രയോഗങ്ങൾ എത്ര സ്വതന്ത്രവും സന്ദർഭോചിതവും ആയിരി

ക്കുന്നു എന്നു് ശ്രദ്ധിക്കുക. അതുപോലെ ആകർഷകവും കൂടുതൽ ഹൃദയദ്രവീകരണ സമർത്ഥവുമാണ്, "മുനക്കൂർത്താരാണികൾ കൊണ്ടു്" മരക്കുരിശിൽ യേശുവിനെ തറച്ചിരിക്കുന്ന രംഗത്തിൻെറ ചിത്രീകരണം. കുരിശിൻെറ മരം ഹവ്വയുടെ അപരാധകാരണമായ മരവുമായി ബന്ധപ്പെടുത്തുന്ന കവിഭാവന ഹൃദ്യം തന്നെയാണ്.

യേശുവിൻെറ അവസാന മൊഴികൾ വർണ്ണ്യവിഷയമാകുമ്പോൾ സ്വാതന്ത്ര്യം വെടിഞ്ഞ് മൂലരേഖയിൽ ഒതുങ്ങി നിൽക്കുവാൻ കവി ശ്രദ്ധിക്കുന്നു. തന്നെ ക്രൂശിച്ചവരോടു് ക്ഷമിക്കണമേ എന്നു് ദൈവത്തോടു് പ്രാർത്ഥിക്കുന്ന ഭാഗം നോക്കുക.

കരങ്ങളിൽ കനിവാർന്നു താത! നീ
യിവർ തൻ തെററു പൊറുത്തിടേണമേ
അറിവീലിവർ തങ്ങൾ ചെയ്‌വതിൻ
പൊരുളങ്ങേത്തിരുവുള്ളവും വിഭോ!

ഇവിടെ ചമൽകാരത്തിൻെറ കൊഴുപ്പ് ആവശ്യമില്ല. ശുദ്ധവും മഹനീയവുമായ ആ പ്രാർത്ഥനയിൽ സത്യവും സൗന്ദര്യവും കലർന്നിരിക്കുന്നു എന്നു് പരിണത പ്രജ്ഞനായ കവി ഗ്രഹിച്ചിരിക്കുന്നു. ഇത്തരത്തിലാണ്, യേശുവിൻെറ മററു മൊഴികളും രേഖപ്പെടുത്തിയിരിക്കുന്നതു്. അവിടെയെല്ലാം കവി നിയന്ത്രണം ശരിക്കും പാലിക്കുന്നുണ്ടു്.

ആകെപ്പാടെ നോക്കുമ്പോൾ മൗലികമായ കാവ്യബോധവും കല്പനാ ശക്തിയുമുള്ള ഒരു കവി തൻെറ അരുമനാഥനായ യേശുക്രിസ്തുവിൻെറ ജീവിത സന്ദേശങ്ങളെ ഔചിത്യ ബുദ്ധിയോടുകൂടി ആവിഷ്കരിക്കുന്ന ഒരു കാവ്യമാണ്, മഹാത്യാഗിയെന്നു് തീർത്തു് പറയാവുന്നതാണ്. മലയാളക്കരയിലെ സഹൃദയരെപ്പോലെ മററു ഭാഷകളിലെ സഹൃദയരും ഈ കവിത വായിച്ചാസ്വദിക്കുമെന്നും ആ മഹാത്യാഗിയുടെ ജീവിത സന്ദേശമർമ്മങ്ങൾ ഗ്രഹിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. വിദ്വാൻ എം. ഒ. അവരാ അവർകൾക്കു് എൻെറ ഹൃദയപൂർവ്വമായ ആശംസകൾ.

# ആസ്വാദനം

ഡോ: എം. ലീലാവതി

സഹയജ്ഞരായി പ്രജകളെ സൃഷ്ടിച്ചിട്ട്, ''നിങ്ങരം ഇതു കൊണ്ടു് വൃദ്ധി നേടുക'' എന്നു് പ്രജാപതി അരുളിച്ചെയ്ത — ഈ ഗീതാസൂക്തത്തിൻെറ പൊരുരം നാം അറിയുന്നതു് ക്രിസ്തു, ബുദ്ധൻ മുതലായ മഹാത്യാഗികളുടേയും, വക്താവായ കൃഷ്ണൻേറയും അദ്ദേഹത്തിൻെറ പൂർവ്വാവതാരമായ രാമൻേറയും ജീവിതസന്ദേശം അറിയേണ്ടുംപോലെ അറിയുമ്പോഴാണ്. ചിലർ ത്യജിക്കാൻ മാത്രമായി ജീവിക്കുകയും ഒടുവിൽ ജീവിതത്തെത്തന്നെ ത്യജിച്ച് മനുഷ്യമനസ്സിൽ അനശ്വര ജീവിതം നേടുകയും ചെയ്യുന്നു; ചിലർ ത്യജിച്ചതിന്നുശേഷം ഭുജിച്ച് ത്യാഗഭോഗസന്തുലനം കൊണ്ടു് മാതൃക കാട്ടിത്തരുന്നു. ''തേനത്യക്തേനഭുഞ്ജീഥാ'' എന്ന ഈശാവാസ്യമന്ത്രത്തിൻെറ തുടച്ചയാണ്, ''യജ്ഞ ശിഷ്ടാ ശിഹഃ സന്തോമുച്യന്തേ സർവ്വകില്ബിഷൈഃ'' എന്ന ഗീതാവചനം യജ്ഞശിഷ്ടം, (അതായതു് വിധിപോലെ ബന്ത്യാഗം ചെയ്തു് ശേഷിക്കുന്നതു്) ഭുജിക്കുക എന്നതു് സാധാരണക്കു് നല്ലപ്പെടുന്ന ജീവിതസന്ദേശമാണ്. സർവപരിത്യാഗമാകട്ടെ അസാധരണരുടെ വഴിയാണ്. എല്ലാവരും സഹയജ്ഞരായിട്ടാണ്, (സഹജമായ ത്യാഗബോധമുള്ളവരായിട്ട്) സൃഷ്ടിയ്ക്കപ്പെടുന്നതെങ്കിലും അത്തരക്കാർ, വെറും സഹയജ്ഞരല്ല; യജ്ഞാത്മാക്കളാണ്. അവർ എല്ലാം ത്യജിക്കുന്ന, അന്യരുടെ വൃദ്ധിക്കുവേണ്ടി. ''ഈ യജ്ഞം നിങ്ങരംക്ക് ഇഷ്ടം ചുരത്തിത്തരാം'' (ഏഷവോസ്ത്വിഷ്ട കാമധുക്) എന്നു് പ്രജാപതി പറയുന്നതിന് സാധാരണക്കാർ ഗ്രഹിക്കുന്ന അർത്ഥം, യജ്ഞം (ത്യാഗം) അനുഷ്ഠിക്കുന്നതിൻെറ ഫലമായി അർഹിക്കുന്ന അഭിവൃദ്ധി തങ്ങരംക്കുതന്നെ, ഉണ്ടാവും എന്നാണ്.

അസാധാരണരായ ഇവർ ഗ്രഹിക്കുന്ന അർത്ഥമാകട്ടെ തങ്ങളെത്തന്നെ യജിക്കുന്നതുകൊണ്ടു്, അന്യക്കു് അഭിവൃദ്ധിയുണ്ടാകുമെന്നും ത്യജിച്ചു് അഭിവൃദ്ധിനേടുന്നവർ ത്യാഗികളാണെങ്കിലും ത്യാഗഭോ

ഗങ്ങളെ സന്തുലനം ചെയ്യുന്നു. സ്വയം ത്യജിച്ച് പരർക്ക് നന്മയു ണ്ടാകുന്നവർ മഹാത്യാഗികളാണ്. ലൗകികമായ ത്യാഗഭോഗ സന്തുലനം എന്ന പ്രലോഭനത്തിനുപോലും അവർ വിധേയരല്ല. അങ്ങനെയുള്ള മഹാത്യാഗികൾ മാനവചരിത്രത്തിൽ വളരെ കുറവേ യുള്ളു. അവരിൽ വെച്ച് നരവർഗ്ഗ ചേതസ്സിലേക്ക് പ്രകാശം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന ഏററവും മഹത്തായ ജ്യോതിസ്സാണ്, യേശുക്രിസ്തു. ആ സൂര്യൻ കെട്ടുപോയാൽ ലോകം ശൂന്യാകാശത്തി ലെ ഒരു തമോഗഹ്വരത്തിലേക്ക് നിപതിക്കും. സൂര്യൻ മരിക്കാതി രിക്കേണ്ടതു് സൂര്യനുവേണ്ടിയല്ല; ഭൂമിയ്ക്കുവേണ്ടിയാണ്. യേശു ക്രിസ്തുവെന്ന ജ്യോതിർഗോളം, മനുഷ്യമനസ്സിൽ ജ്വലിച്ചു നില്ക്കേ ണ്ടതു് അദ്ദേഹത്തിനുവേണ്ടിയോ ക്രിസ്തുമതത്തിനു വേണ്ടിയോ അല്ല; മനുഷ്യരാശിക്കു വേണ്ടിയാണ്. അതിനാൽ ആ സ്മരണയ്ക്കു് മങ്ങലേൽക്കാതെ നിലനിരത്തിക്കൊണ്ടു പോകേണ്ടതു് നരവംശ ത്തിന്റെ നിലനില്പ് ഉച്ചരിക്കുന്ന എല്ലാവരുടേയും കത്തവ്യമാണ്. വാക്ക്, വർണ്ണം, വരവടിവ് വസ്തു മുതലായവയിൽ സ്ഥിത്യാ ത്മകവും ഗത്യാത്മകവുമായ നാളത്തിന്റെ വിധാനത്തിലൂടെ ആവിഷ്കരിക്കപ്പെടുന്ന കലാരൂപങ്ങളെല്ലാം മനുഷ്യചേതസ്സിലെ സൂര്യചേതസ്സിനെ ജ്വലിപ്പിക്കേണ്ടവയാണ്. അവ കരിംകാറുപോ ലെയോ വിഷധരമായ കരിനിഴലുപോലെയോ തേജസ്സിനെ ഗ്രസി ക്കുന്ന നിമിഷങ്ങളുണ്ടാവാം. ആ കറുത്ത നിമിഷങ്ങളെ അതിജീവി യ്ക്കാൻ കരുത്തുനല്കുന്നവയായിരിക്കും ഉദാത്ത കലാവിഷ്കാര ങ്ങൾ. ഗ്രഹണകാലങ്ങളിൽ വിവേകമുള്ളവർ അകത്തു് അടച്ചു പൂട്ടി യിരിക്കുകയും ഗ്രഹണം കഴിഞ്ഞാൽ പുണ്യസ്നാനത്തിലൂടെ പാപം കഴുതിക്കളയുകയും ചെയ്യുന്നു. അത്രയേ ചെയ്യേണ്ടൂ. പ്രാകൃതർ സൂര്യ നെ വിഴുങ്ങുന്ന പാമ്പിനെ ഓടിക്കാൻ മടലെടുത്തു് ഭൂമിയിലടി ക്കാറുണ്ട്. വിവേവികളാകട്ടെ മൗനം പാലിക്കുകയും അന്തരീക്ഷ ത്തിൽ പരക്കാവുന്ന വിഷപാതകമേല്ക്കാതിരിക്കാൻ വേണ്ടി വാതിലുകളടയ്ക്കയും ചെയ്യുന്നു. മനസ്സിൽ മുറിവുകളുണ്ടാക്കുന്ന കലാഭാസങ്ങൾ പ്രചരിക്കുമ്പോൾ ഇതുപോലെ ഹൃദയകവാടങ്ങട ച്ചിരിക്കുകയും ഉദാത്ത കൃതികൾ ജനിക്കുമ്പോൾ ഹൃദയം തുറന്നു വെയ്ക്കുകയും ചെയ്യുന്നതാണ്, സഹൃദയ ധർമ്മം. 'മഹാത്യാഗി' യെന്ന കൃതിക്കായി ഹൃദയകവാടം തുറന്നുവെയ്ക്കുകയെന്ന ഭാവുക

ധർമ്മം ഓർമ്മിപ്പിക്കുക മാത്രമേ കവിക്കു. സാമാന്യ വായനക്കാർക്കും ഇടയ്ക്കു നിൽക്കുന്ന വിശേഷവായനക്കാർ ചെയ്യേണ്ടതുള്ളു. ആകരണീയം നിർവ്വഹിക്കുവാൻ ക്ഷണിക്കപ്പെട്ട ഞാൻ അതു് സന്തോഷത്തോടെ ചെയ്യുകൊള്ളുന്നു.

യേശുക്രിസ്തുവിൻെറ കഥയ്ക്കു് ദേശകാല സമൂഹാദികളുടെ പരിമിതികളില്ല. മാനുഷ്യകത്തിനൊട്ടാകെ ലഭിച്ച മഹിത സംസ്കാരിക പൈതൃകമാണു്. അതിനാൽ ആ പാവനകഥയെ അവലംബിച്ചു് രചിയ്ക്കപ്പെട്ടുന്ന ഏതു സത്കൃതിയും ഇതരഭാഷകളിൽ പുനർജനിക്കാനർഹമാണു്. അങ്ങനെ ഈ കൃതി അഞ്ചാറു ഇന്ത്യൻ ഭാഷകളിൽ അവതരിപ്പിക്കുകയാണു്. ഏററവും വിദഗ്ധരായ പരിഭാഷകരെ കണ്ടെത്താൻ കഴിഞ്ഞതിൽ ഗ്രന്ഥകർത്താവും കൃതിയുടെ ചൈതന്യത്തിൽ നിന്നു് നീരും ചോരയും വാർന്നുപോകാതെ പുനഃപ്രതിഷ്ഠിക്കാൻ കഴിഞ്ഞതിൽ പരിഭാഷകരും നിറഞ്ഞ അഭിനന്ദനമർഹിക്കുന്നു.

അളിനീലതൃണാംബരം വിരി
ച്ചരിയോരദ്രിയെയങ്ങു കാൺമുനാം,
നരസന്തതികാംക്കു വിണ്ണിലേ—
യ്ക്കുയരാൻ വച്ചൊരു കോണി പോലവേ.

അളിനീല തൃണാംബരാവൃതം
കലയാമോ വയമദ്രി മഗ്രതഃ
രചിതാമധിരോഹണീം യഥാ
ദിവമാരോഢു മഭീപ്സതാം നൃണാം. സംസ്കൃതം

നീല് തൃണാംബർ സേ ആച്ഛാദിത്
ദീഖ് രഹാ ജോ ഗിരിവർ സുന്ദർ
ദിവ് ചഢനേ കേ ഇച്ഛുക് നരഹിത്
മാനോം നിർമിത് ഹൈ സീഡിവർ ഹിന്ദി

മൂലത്തിലെ ആശയങ്ങളുടെ സൗന്ദര്യവും രചനയുടെ അനർഗളഗതിയും ലാളിത്യവും പരിഭാഷകർക്കു് കർത്തവ്യം എളുതാക്കിത്തീർ

ത്തിട്ടുണ്ടെന്നും അവർ സ്വസിദ്ധികരം കൊണ്ടു് അതു് പരിപോഷി പ്പിച്ചിട്ടുണ്ടെന്നും ഈ നിദർശനത്തിൽ നിന്നു് വ്യക്തമാവും.

ആകെ കോരംമയിർ പൂണ്ടനുക്ഷണ മമന്ദാനന്ദബാഷ്പോദകം തൂകി-
ക്കൊണ്ടുണയെപ്പദങ്ങളിടറും ഹേ! വാണി! നീയെത്തുണ.

എന്നു് പ്രാർത്ഥിക്കുന്ന മൂലഗ്രന്ഥ കർത്താവിന്നോ

അംഗൈരുത് പുളകാ പ്രതിക്ഷണമമന്ദാനന്ദ ബാഷ്പാമൃതം
വർഷിത്വോ പഗതാ സ്ഖലദ്ഗതിരപി ത്വം വാണി കല്യാണി നീ

എന്നു് വിവർത്തനം ചെയ്യുന്ന പിഷാരടി മാസ്റ്റർക്കോ, ആക്കാണു്, അനുഗ്രഹലബ്ധിയിൽ കൂടുതൽ ധന്യത എന്നു് നിർണ്ണയിക്കാവതല്ല. "ഉദകവും" "അമൃതവും" ഒന്നാണെങ്കിലും ബാഷ്പോദക ലാവണ്യവും അമൃതമഹത്വ മാധുര്യവും വ്യഞ്ജിപ്പിക്കുമ്പോരം ഭാവധ്വനനത്തിൽ ഞാൻ മുമ്പ്, ഞാൻ മുമ്പ്, എന്നൊരു തോന്നൽ ആ വാങ്മയങ്ങരം ഉളവാക്കുന്നു. ഗ്രന്ഥകർത്താവിന് സ്വകൃതിയുടെ ഉദാത്തഗൗരവത്തിൻപേരിലും അതിനോടു് പൂർണ്ണ നീതിചെയ്യുന്ന പരിഭാഷകരെ കണ്ടെത്തിയതിൻപേരിലും ഒരുപോലെ ധന്യതയ്ക്കവകാശമുണ്ടു്. മററു ഭാരതീയ ഭാഷകളിലേയ്ക്കും ലാവണ്യ മാധുര്യങ്ങരം പ്രസരിപ്പിക്കാൻ ഈ കാവ്യബാഷ്പോദകാമൃതത്തിനു് കഴിയട്ടെ. മതസൗഹാർദ്ദത്തിലൂടെ ജനസമുദായത്തെ ഏകകുടുംബമാക്കുന്നതിന് വിശേഷോത്തരമായ ത്യാഗത്തിൻെറ സങ്കീർത്തനമായ ഈ കാവ്യം ഉതകട്ടെ.

"ആനോ ഭദ്രാഃ ക്രതവോയന്തു വിശ്വതഃ" എന്നു മാത്രം ദർശിച്ച ഭാരതം ഉദാരമായ ആത്മീയ സ്വാതന്ത്ര്യത്തിലേക്കു് വീണ്ടും ഉണരട്ടെ.

# അഭിപ്രായങ്ങൾ

ഡോ. പി. ജെ. തോമസ്
M. A.; D. Litt. D. Phil
പ്രൊഫസ്സർ - ധനതത്വശാസ്ത്രം
മദിരാശി സർവ്വകലാശാല.

പകലോമററം, ആലുവ;
9-8-1936

കുരിശിൽ തൂങ്ങിക്കിടക്കുന്ന യേശുവിൻെറ മഹാത്യാഗമാകുന്നു, ഈ ലഘുകാവ്യത്തിലെ പ്രതിപാദ്യവിഷയം.

''നരസന്തതികൾക്ക് വിണ്ണിലേക്കുയരാൻ വച്ചൊരു കോണി പോലവേ'' നിലകൊള്ളുന്ന കാൽവരി മലയെ വർണ്ണിച്ചുകൊണ്ടാണ്, കാവ്യമാരംഭിച്ചിരിക്കുന്നതു്. അനന്തരം യേശുവിൻെറ രൂപം ചിത്രണം ചെയ്യപ്പെട്ടിരിക്കുന്നു. "മനുഷ്യ പാപ സംഹതി നീക്കാൻ മരണം വരിച്ച്'' കൊണ്ടു് സ്ഥിതി ചെയ്യുന്ന യേശുവിൻെറ സ്വരൂപത്തെ ഭംഗിയായി ലേഖനം ചെയ്തിട്ടുണ്ടു്. ഓരോ ഘട്ടത്തിലും കവി, തൻെറ വ്യുല്പത്തിയും വാസനയുമുപയോഗിച്ച് സമുചിതങ്ങളായ ഉത്പ്രേക്ഷാദ്യലങ്കാരങ്ങളാൽ മഹനീയമായ ഈ സംഭവത്തിലെ ഓരോ ഭാഗവും ഹൃദയാവർജ്ജകമാകുംവണ്ണം വർണ്ണിച്ചിരിക്കുന്നു.

കുരിശിൽക്കിടന്നുകൊണ്ടു്, ക്രിസ്തു അരുളിച്ചെയ്യുന്ന സപ്ത വാക്യങ്ങളെയാണ്, കവിതാ ഗാത്രമായി സ്വീകരിച്ചിരിക്കുന്നതെന്നു പറയാം. ആ വാക്യങ്ങളെ വ്യാഖ്യാനിക്കുന്നതോടുകൂടി, യേശുവിൻെറ ജീവിതത്തിലെ പ്രധാന സംഭവങ്ങളും കൊണ്ടുവരുവാൻ യത്നിച്ചിട്ടുണ്ടു്.

ത്യാഗത്തെ ആധാരമാക്കിയുള്ള പ്രതിപാദനം ഏററവും വിഷമതയേറിയ ഒന്നായിരിക്കെ, അതിനിടയ്ക്ക് അലങ്കാരങ്ങളെക്കൊണ്ടു് ചമത്കാരം വരുത്തുവാൻ ലഭിച്ചിട്ടുള്ള അവസരം ഉചിതമാംവണ്ണം ഉപയോഗപ്പെടുത്തിയിരിക്കുന്നു. ആകപ്പാടെ ഈ കൃതി ഭക്തി, കരുണം മുതലായ രസങ്ങൾ വിളയാടുന്ന ഒരുത്തമകാവ്യമാണെന്നുള്ളതിനു് സംശയമില്ല.

ഐ. സി. ചാക്കോ
B.Sc, B.A, A.R.S.M, A.R. C.S.C.

തിരുവനന്തപുരം,
1–4–1938

വിചാൻ മി. എം. ഒ. അവരായുടെ 'മഹാത്യാഗി' എന്ന കാവ്യം പ്രശംസനീയമായിരിക്കുന്നു. അദ്ദേഹം പ്രതിഭാവിലാസവും ഭാവനാശക്തിയുമുള്ള ഒരു കവിയാണെന്നു് ഈ കൃതിയിൽ നിന്നു് പ്രത്യക്ഷമാകുന്നുണ്ടു്. ഈ കാവ്യത്തിലെ ശ്ലോകങ്ങളെല്ലാം തന്നെ പ്രസന്നങ്ങളായിരിക്കുന്നു. കാവ്യങ്ങളുടെ പല ലക്ഷണങ്ങളെക്കുറിച്ചും കാലഭേദമനുസരിച്ചു് രുചിഭേദമുണ്ടാകാം. എന്നാൽ പ്രസാദമെന്ന ഗുണം സകല കാലങ്ങളിലും ദേശങ്ങളിലും ഗുണമായിട്ടുതന്നെ നില്ക്കും.

ഈ കവിതക്കു് പ്രാസദീക്ഷയില്ലെന്നുള്ള വാസ്തവം വളരെ ശ്ലോകങ്ങൾ വായിച്ചു കഴിഞ്ഞതിന്റെ ശേഷമാണു്, എന്റെ ദൃഷ്ടിയിൽപ്പെട്ടതു്. പ്രാസമില്ലായ്കകൊണ്ടു് ഈ കാവ്യത്തിനു് യാതൊരു ദോഷവും വന്നിട്ടില്ലെന്നു് ഇതിൽ നിന്നു് സ്പഷ്ടമാകുന്നുണ്ടല്ലോ,

ദർശിത കവിതചനായ ഈ യുവ കവിയുടെ പന്ഥാവിൽ വിഘ്നങ്ങളൊന്നും ആവിർഭവിക്കാതിരിക്കട്ടെ.

ഉള്ളൂർ
എസ്. പരമേശ്വരയ്യർ
എം. എ. ബി. എൽ.
എം. ആർ. എ. എസ്സ്.

തിരുവനന്തപുരം,
27-10-1939.

വിദ്വാൻ മി. എം. ഒ. അവരാ, രചിച്ച 'മഹാത്യാഗി' എന്ന ഈ ഖണ്ഡകാവ്യം ഞാൻ മുമ്പു തന്നെ വായിച്ചിട്ടുണ്ടെങ്കിലും, അതിൻെറ പരിഷ്കരിച്ച പ്രതിയായ പ്രസ്തുത പുസ്തകം വീണ്ടും വളരെ ശ്രദ്ധിച്ചു വായിക്കുകയും ആവശ്യമാണെന്നു തോന്നിയ ഭാഗങ്ങളിൽ ചില ഭേദഗതികൾ ചെയ്കയും ചെയ്തു. ശ്രീമാൻ അവരാ, കറയററ വാസന തികഞ്ഞ ഒരു കവിയാണെന്നുള്ളതിനു ഈ കൃതിയിലെ പല പദ്യങ്ങളും സാക്ഷ്യം വഹിക്കുന്നു.

''പ്രണയിച്ച ജനത്തിനൊപ്പമായ്
പ്രണയം നല്കുകിലെന്തു മേന്മയാം.
അണിയിക്കണമാത്മ ശത്രുവെ
പ്രണയത്തുമലരായത്തുത്തമം.'' (155)

''തലചുററി മറിഞ്ഞു വീണുപോയ്
തഴകം വള്ളിയൊടും തരുവ്രജം.
മൃഗരാജി പകച്ചു പായുമാ-
റലറീ കാററിലുലഞ്ഞ കാടകം.'' (147)

ഇത്യാദി പദ്യങ്ങൾ എനിക്കു ഏററവും ഹൃദ്യങ്ങളായി ത്തോന്നി. ത്യാഗമൂത്തിയായ ക്രിസ്തുദേവൻെറ അന്ത്യദശയെ വിയോഗിനീ - വൃത്തത്തിൽ വിവരിക്കുന്ന ഒരു കൃതി പ്രാഗത്ഭ്യമുള്ള ഏതു കവി രചിച്ചാലും ആകർഷകമാകാതിരിക്കുകയില്ല. ശ്രീമാൻ അവരായുടെ നിർമ്മലമായ ഭാവനാമുകരത്തിൽ പ്രതിബിംബിക്കുമ്പോൾ അതിനുള്ള മാററു ദ്വിഗുണീഭവിക്കുക തന്നെ ചെയ്യുന്നു. ക്രൈസ്തവ കഥകളെ ഉപജീവിച്ചെഴുതിയിട്ടുള്ള കാവ്യങ്ങൾ കൈരളിയിൽ വിരളമാണെന്നുള്ള അപവാദത്തെ ഇത്തരത്തിലുള്ള ഉത്കൃഷ്ട കൃതികൾ നിശ്ചയമായി മാർജനം ചെയ്യുന്നതാണു്. ശ്രീമാൻ അവരായുടെ കാവ്യാധ്വ സഞ്ചാരം അപ്രതിഹതവും വിജയപൂർണ്ണവുമായി പരിലസിക്കുമാറു ജഗദീശ്വരൻ കടാക്ഷിക്കട്ടെ.

മഹാകവി
വള്ളത്തോൾ
നാരായണമേനോൻ

ചെറുതുരുത്തി,
4-7-1115.

രണ്ടായിരം വർഷങ്ങൾക്കു മുമ്പ് യാതൊരു മഹാത്യാഗി മനുഷ്യ വർഗത്തിൻെറ മനസ്തീക്ഷ്ണതകൾ കൊണ്ടു നിർമ്മിതമായ മുൾക്കിരീടം ചൂടി, കൂർത്തു മൂത്ത ഇരുമ്പാണികൾ കൊണ്ടു കുരിശിന്മേൽ തറയ്ക്കപ്പെട്ടുവോ, ആ ക്രിസ്തുഭഗവാൻെറ ദയനീയമായ ദിവ്യരൂപത്തെ ഭാവനാ ദൃഷ്ട്യാ ദർശിച്ച് ചുടു കണ്ണീരൊഴുക്കുകയും, വിലപിക്കുകയും, പഴിയ്ക്കുകയും, പ്രാർത്ഥിയ്ക്കുകയുമാണ് വിദ്വാൻ എം. ഒ. അവരാ അവർകളുടെ മനസ്വിനിയായ സരസ്വതി ചെയ്തിരിക്കുന്നതു്.

ഈ ചെറുകാവ്യത്തിൽ അടങ്ങിയിരിക്കുന്ന വിയോഗിനീവൃത്താത്മകങ്ങളായ ശ്ലോകങ്ങളെല്ലാംതന്നെ കരുണരസത്തെ വിശേഷേണ വിസ്ഫുരിപ്പിക്കുന്നു.

വരികെന്നരികത്തു ദാഹമു-
............... പരൻെറ ലീലകൾ. (129)

എന്നും മററുമുള്ള ശ്ലോകങ്ങൾ വായനക്കാരൻെറ കണ്ണിൽ ജലം പുറപ്പെടുവിക്കാതിരിക്കുമോ? അന്നുവരെയും അതിൽ പിന്നെ ഇന്നുവരെയും ലോകം കണ്ടിട്ടില്ലാത്ത ഒരു നിഷ്ഠൂരമായ ദുഷ്കൃത്യമാണല്ലൊ ഗാഗുൽത്താമലയിൽ നടത്തപ്പെട്ടതു്. പരമരക്ഷകൻെറ പ്രാണനിഷ്ക്രമണാവസരത്തിൽ പ്രകൃതിക്കുണ്ടായ പ്രകോപത്തെ

തലചുററി മറിഞ്ഞു വീണുപോയ്
............ കാററിലുലഞ്ഞ കാടുകൾ.

എന്നിങ്ങനെ വർണ്ണിച്ചിട്ടുള്ളതിൽ കവിയുടെ വാസനയും വൈദഗ്ധ്യവും ഏറെ പ്രകാശിക്കുന്നുണ്ടു്.

എല്ലാംകൊണ്ടും ഖണ്ഡകാവ്യങ്ങളിൽ ഒരു പ്രധാനസ്ഥാനത്തെ അർഹിക്കുന്ന ഒന്നുതന്നെയാണു് മഹാത്യാഗി.

സർദാർ
കെ. എം. പണിക്കർ
എം. എ. (ഓക്സൻ)

ബിക്കാനീർ,
17-11-39.

കുരിശിൽ കിടക്കുന്ന യേശുദേവൻെറ സപ്തസൂക്തങ്ങളാണല്ലോ ഈ കൃതിയിൽ കാവ്യരൂപേണ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നതു്. ക്രൈസ്തവ സിദ്ധാന്തത്തിൻെറ പരമോൽകൃഷ്ട തത്ത്വങ്ങളെ ഉദ്ഘോഷിക്കുന്നവയാണ്, ആ തിരുവായ്മൊഴികൾ. അതിനാൽ പ്രതിപാദ്യ വിഷയത്തിൻെറ മാഹാത്മ്യം എടുത്തുകാണിക്കേണ്ടതായിട്ടില്ല.

തന്നെ കുരിശിൽത്തറച്ചുകൊല്ലിച്ച പാപിഷ്ഠന്മാരെ അനുഗ്രഹിച്ച് അവർക്കുവേണ്ടി സ്വന്തം പിതാവിനോട്ട് മാപ്പ് ചോദിക്കുന്ന ആ ഒന്നാമത്തെ സൂക്തം എല്ലാനാളും മനുഷ്യരെ പാപത്തിൽ നിന്നു വീണ്ടെടുക്കുന്ന സനാതനമായ ധർമ്മം തന്നെയാണ്.

'കരളിൽ കനിവാർന്നു താത! നീ-
യിവർതൻ തെററു പൊറുത്തിടേണമേ
അറിവീലി, വർ തങ്ങൾ ചെയ്‌വതിൻ-
പൊരുളങ്ങേത്തിരുവുള്ളവും വിഭോ!

ദയാമൂർത്തിയായ ഭഗവാൻെറ ഈ വാക്കുകൾ ഇന്നും ലോകത്തിലെങ്ങും മാറെറാലിക്കൊള്ളുന്നുണ്ടല്ലോ. തന്നോട് എത്ര ഘോരമായ അപരാധം ചെയ്യുന്നവരോടും മനസ്സിൽ വിരോധം തോന്നാതിരിക്കയാണ്, അഹിംസയുടെ പരമമായ രൂപമെന്നു യേശുദേവൻ ലോകസമക്ഷം വെളിപ്പെടുത്തുകയാണ് ഈ തിരുവായ്മൊഴികൊണ്ടു ചെയ്തതു്. ഈ പാവനമായ മന്ത്രം കുരിശിൽക്കിടന്നുകൊണ്ട് യേശു ഉപദേശിച്ചപ്പോൾ ചരാചരങ്ങൾ തന്നെ ശാന്തമായിത്തീർന്നതായി വർണ്ണിച്ചിരിക്കുന്ന ഭാഗം സാഹിത്യഗുണം കൊണ്ടു പുളകോദ്ഗമകാരിയാണെന്നുള്ളതിനു സംശയമില്ല.

അതുപോലെ തന്നെ, തൻെറ സമീപം കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന, തസ്കരനും തന്നെപ്പോലെതന്നെ സ്വർഗ്ഗവാസം ലഭിക്കുമെന്നനുഗ്രഹിക്കുന്ന ഭാഗവും വളരെ മനോഹരമായിട്ടുണ്ട്. മനുഷ്യജാതിയുടെ പാപത്തെ സ്വന്തം ബലികൊണ്ടു് നിമ്മാജ്ജനം ചെയ്‌വാനായി അവതീണ്ണനായ യേശുദേവൻ എവിടെ? ദുഷ്പ്രവൃത്തി ചെയ്യും മോഷ്ടിച്ചും ജീവിതം മുഴുവൻ കഴിച്ച തസ്കര പ്രമാണിയെവിടെ? ദൈവകാരുണ്യം കൊണ്ടു എത്ര വലിയ കുററങ്ങളും നശിച്ചുപോകുമെന്നും മനുഷ്യർ കാണുന്നു. പാപങ്ങളല്ല, ദൈവത്തിൻെറ മുൻപിൽ അക്ഷന്തവ്യമായ പാപങ്ങൾ എന്നുമുള്ള പ്രൗഢ തത്വങ്ങൾക്കു് ഇതിൽപ്പരമൊരുദാഹരണം എന്താണാവശ്യമുള്ളതു്?.

ഇങ്ങിനെ ഉചിതമായ ധർമ്മോപദേശത്തോടുകൂടി ക്രിസ്തുവിൻെറ ഓരോ സൂക്തവും ലളിതകോമളമായ ഭാഷയിൽ മി: അവരാ വർണ്ണിച്ചിരിക്കുന്നു.

163 ശ്ലോകങ്ങൾ മാത്രമുള്ള ഈ ചെറിയ കൃതികൊണ്ടു് ലോക ചരിത്രത്തിലെ വിശിഷ്ടമായ ഒരവസരത്തെ തെളിച്ചുകാട്ടുകമാത്രമല്ല നമ്മുടെ കവി ചെയ്തിട്ടുള്ളതു്. ഭൂതദയാമൂർത്തിയായ യേശുദേവൻെറ ഹൃദയത്തെത്തന്നെ ഉചിതവും മനോഹരവുമായ ഭാഷയിൽ തുറന്നു കാട്ടിത്തരുന്നതിനും അദ്ദേഹം ശ്രമിച്ചിട്ടുണ്ടു്.

അക്ലിഷ്ടമായ ഭാഷ, ഹൃദയാവജ്ജകമായ പദപ്രയോഗസാമത്ഥ്യം, ഉചിതമായ അലങ്കാര പ്രയോഗം, സർവ്വോപരി തിങ്ങിക്കാണുന്ന ഭക്തിരസം ഇവയാണ് മഹാത്യാഗിയുടെ പ്രധാനമായ ഗുണങ്ങൾ. ഉത്തമ സാഹിത്യത്തിനുവേണ്ട ലക്ഷണങ്ങൾ ഈ ഖണ്ഡകാവ്യത്തിനുണ്ടെന്നു നിമ്മത്സര ബുദ്ധികൾ സമ്മതിയ്ക്കുമെന്നാണ് എൻെറ അഭിപ്രായം.

ഭഗവദ്വാക്യങ്ങളെ സാരസ്വത സുരഭിലമായ ഒരു കാവ്യഹാരമാക്കി കൈരളീ പാദങ്ങളിൽ സമർപ്പിച്ച മി: അവരായെ ഭാഷാ പ്രണയികൾ സബഹുമാനം അഭിനന്ദിക്കാതിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മോസ്റ്റ്‌റവറൻറ്, ഡോക്ടർ ജോസഫ്‌അട്ടിപ്പേററി    എറണാകുളം
Ph. D; D. D.    10-4-1940

കറയകന്ന കവനങ്ങളാൽ കൈരളിയെ പോഷിപ്പിക്കുവാൻ ക്രൈസ്തവ യുവകവികൾ പ്രദർശിപ്പിച്ചുപോരുന്ന ഉത്സാഹത്തിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. ക്രിസ്തീയ വിഷയങ്ങളെ പുരസ്സരിച്ചുള്ള നല്ല കവിതകൾ ഭാഷാപദ്യസാഹിത്യത്തിനു വിലയേറിയ ഒരു സമ്പാദ്യമായിരിക്കും. വിദ്വാൻ എം. ഒ. അവരാ അവർകളാൽ വിരചിതമായ 'മഹാത്യാഗി' എന്ന ഈ ഖണ്ഡകാവ്യം ആ കൂട്ടത്തിൽ കൈരളിക്കു കൈവന്നിട്ടുള്ള മഹത്തരമായ ഒരു സമ്പാദ്യമായിട്ടാണു് ഞാൻ കണക്കാക്കുന്നതു്.

സാഹിത്യവും സമുദായവും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടു്. അതേ, ഒരു സമുദായത്തിൻെറ ഉൽകർഷാപകർഷങ്ങൾ സ്വസാഹിത്യത്തെ ആശ്രയിച്ചാണിരിക്കുന്നതു്. അതിനാൽ സമുദായത്തെ ഉന്നമിപ്പിക്കുന്നതിനും പ്രബുദ്ധമാക്കിത്തീർക്കുന്നതിനും സ്വസമുദായാംഗങ്ങളുടെ സാഹിത്യപരിശ്രമങ്ങൾ അപരിത്യാജ്യമായ ഒരുപാധിയാണു്. ഈ വസ്തുത നാം പലപ്പോഴും വിസ്മരിച്ചുകളയുന്നതുകൊണ്ടാണു് നമ്മുടെ സാഹിത്യപരിശ്രമങ്ങൾ പ്രായേണ പ്രചാരലുപ്തങ്ങളും പ്രോത്സാഹനരഹിതങ്ങളുമായി കാണപ്പെടുന്നതു്. സാഹിത്യസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിൽ നാം കാണിക്കുന്ന ഈ അനാസ്ഥ പ്രത്യക്ഷത്തിലല്ലെങ്കിൽ പരോക്ഷത്തിലെങ്കിലും നമ്മുടെ സമുദായത്തെ അപകർഷപ്പെടുത്താതിരിക്കയില്ലെന്നുള്ളതു് നിസ്സംശയമത്രെ.

അതിനാൽ താദൃശങ്ങളായ സാഹിത്യപരിശ്രമങ്ങളെ സ്വാഗതം ചെയ്കയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതു് സമുദായാഭിമാനികളായ സകലരുടേയും അനുപേക്ഷണീയമായ കടമയാണു് മി: അവരായുടെ സാഹിത്യപരിശ്രമങ്ങൾക്കു ഞാൻ സർവ്വാത്മനാ വിജയമാശംസിക്കുകയും ഗുണസമ്പുഷ്ടമായ ഈ ഖണ്ഡകാവ്യത്തിനു പ്രചുരമായ പ്രചാരം സിദ്ധിക്കട്ടെയെന്നു് ആശിക്കുകയും ചെയ്യുന്നു.

ഫാ. ഏബ്രാഹം വടക്കേൽ — വടകര
B.A; Ph. D; D. D. — 8-4-1940

ലോകപരിത്രാണാർത്ഥം ''കാൽവരിയിലെ കല്പപാദപ''ത്തിൽ ആത്മ ബലിയർപ്പിച്ച സാക്ഷാൽ സ്നേഹസാര സർവ്വസ്വമായ, ത്യാഗാദർശമായ, ശ്രീ യേശുനാഥന്റെ ...................................... വദനോദ്ഗതസപ്തവാക്യ സപ്തസ്വരങ്ങളുടെ മാധുരിയെപ്പരത്തി''. അവിടുത്തെ ത്യാഗപാരമ്യത്തെ പ്രകീർത്തിക്കുന്ന ഒരു ഖണ്ഡകാവ്യമാണ് 'മഹാത്യാഗി'. വിദ്വാൻ എം. ഒ. അവരാ അവർകളുടെ, വാസനാസ്നിഗ്ദ്ധവും വ്യുൽപത്തി വിശാലവുമായ ഹൃദയകേദാരത്തിൽ നിന്നുളവായ ഈ ലഘുകാവ്യ പ്രവേകം ഉൽകൃഷ്ടങ്ങളായ ആശയങ്ങളേയും ആദരണീയങ്ങളായ ആദർശങ്ങളേയും സമീചീനമായി ആവിഷ്കരിക്കുന്നുവെന്നുള്ളതിന് സന്ദേഹമില്ല. മനുഷ്യമനസ്സിനെ വിഷയാന്തരങ്ങളിൽ നിന്ന് നിവർത്തിപ്പിച്ച് ആമുഷ്മികങ്ങളിലേക്കാകർഷിച്ച്, സനാതന ചിന്തകളെ ഉദ്ദീപിപ്പിക്കുന്നതിന് നൈസർഗ്ഗികമായുള്ള ശക്തിവിശേഷത്തെ ഈ യുവ കാവ്യകാരൻ തന്റെ ഭാവനാശക്തി കൊണ്ട് സവിശേഷം പരിപോഷിപ്പിച്ചിരിക്കുന്നു.

കവിതാംഗന ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം പരാങ്മുഖിയാണെന്നും വിവിധ മതസ്ഥരായ കേരളീയരെ രസിപ്പിക്കുന്നതിന് മതാതീതങ്ങളായ പൊതുവിഷയങ്ങളെ അധികരിച്ചെഴുതുന്ന കവിതകൾക്കേ സാധിക്കയുള്ളു എന്നും മററുമുള്ള അഭിപ്രായങ്ങൾ കേവലം അന്തസ്സാരരഹിതമെന്ന് ഈ കാവ്യതല്ലജം വിശദമാക്കുന്നുണ്ട്, ആദ്യന്തം കാണുന്ന ശബ്ദസുഷമകൊണ്ടും അകൃത്രിമരാമണീയകം കൊണ്ടും ഇതിലെ കവിതാരീതി നിതരാം ആസ്വാദ്യമായിരിക്കുന്നു. ലളിതകോമളങ്ങളായ പദങ്ങൾ ഉപയോഗിച്ച് അത്ഥസമ്പന്നമായ കവിത എഴുതുവാൻ ഇദ്ദേഹത്തിന് പാടവമുണ്ടെന്ന് ഈ കൃതിയിലെ മിക്ക പദ്യങ്ങളും തെളിയിക്കുന്നുണ്ട്.

സ്നേഹ സ്വരൂപനായ ക്രിസ്തുനാഥന്റെ പ്രാണവിയോഗത്താൽ പ്രകൃതിക്കുണ്ടായ വികാരവിശേഷങ്ങളെ

ഉടനങ്ങിടിവെട്ടി ഘോരമായ്
നിലവിട്ടാഞ്ഞലറീ സമുദ്രവും.
ക്ഷിതിഗോളമടിച്ചുടസ്സുവാൻ
മുതിരും വണ്ണമുയർന്നു മാരുതൻ. (146)

രവിബിംബ മുയർന്ന വാരിദ—
ച്ഛടയാൽ മൂടി; യിരുണ്ടു പാരിടം,
ഇളകീ മഹി, പർവ്വതാരവ—
ത്തൊടു പൊട്ടിച്ചിതറീ ഭയാനകം. (148)

എന്നിങ്ങനെ എത്ര സാക്ഷാത്കരണദക്ഷതയോടുകൂടിയാണ്, വർണ്ണിച്ചിരിക്കുന്നത്! രസഭാവാദ്യുപസ്ക്കാരകങ്ങളായ ഉപമോൽപ്രേക്ഷാദി അർത്ഥാലങ്കാരങ്ങളും അനുപ്രാസാദിശബ്ദാലങ്കാരങ്ങളും ഔചിത്യദീക്ഷയോടുകൂടി പ്രയോഗിച്ച് ഓരോ സന്ദർഭവും കാവ്യകാരൻ ഹൃദയാകർഷകമാക്കിയിട്ടുണ്ട്. അവസരോചിതം ഹിതോപദേശങ്ങൾ നൽകി ആദ്ധ്യാത്മിക ചിന്തയെ തട്ടിയുണർത്തുന്ന രീതിയും അഭിനന്ദനാർഹമായിരിക്കുന്നു.

ഉപകാര ശതങ്ങൾ ചെയ്കിലു—
ന്നവനും പീഡകൾ ചെയ്കിടും ഖലർ;
കുളർകാന്തിയെഴുന്ന ചന്ദ്രനെ—
ദ്ധരണിച്ഛായ മറപ്പതില്ലയോ? (25)

ഇത്യാദി മനോഹരങ്ങളായ പദ്യങ്ങൾ ഭാവനാവിഭവനായ കവിയുടെ വാസനാവിലാസത്തിൽ നിന്നുണ്ടായിട്ടുള്ളവതന്നെ. 'മഹാത്യാഗി' സാഹിത്യവാടിയിൽ സുമണം പരത്തുന്ന ഒരു വാടാമലരായി പരിലസിക്കട്ടെ!!

ഡോക്ടർ എസ്. കെ. നായർ
എം. എ. പി. എച്ച്. ഡി.

മദിരാശി സർവ്വകലാശാല
5–8–1967

ലക്ഷണമൊത്ത ഒരു ഖണ്ഡകാവ്യമാണ് 'മഹാത്യാഗി' പ്രമേയത്തിൻെറ ഉദാത്തത; പ്രതിപാദനത്തിൻെറ ഏകാഗ്രത; ഭാവോന്മീലനത്തിൽ വന്ന പരിപക്വത; അതിനനുകൂലമായ വാഗ്മിത; — അതെ, മിതവും സാരവുമായ ആ വചോവിലാസം — ഇതെല്ലാം കൊണ്ടും എൻെറ സുഹൃത്തു് ശ്രീ. എം. ഒ. അവരാ ഒരമരകവിയായിത്തീർന്നിരിക്കുന്നു.

'സാഹിത്യനേപത്ഥ്യ'ത്തിനും 'സാഹിത്യഭൂഷണ'ത്തിനും, സർവ്വഥാ അർഹനായ ഈ കവി, 'ആദർശകഥകൾ' കൈകാര്യം ചെയ്യുന്നതിൽ അദ്വിതീയനാണെന്നു് 'വിശ്വപ്രേമം' വിളിച്ചു പറയുമെങ്കിലും 'മഹാത്യാഗി' യിലാണ് അദ്ദേഹത്തിൻെറ രചനാശില്പത്തിലുള്ള ഹൃദ്യത അനവദ്യമായി തെളിഞ്ഞു കാണുന്നതു്. അദ്ദേഹത്തിൻെറ കല്യാണിയായ വാണി ഒരിടത്തും സ്ഖലത്ഗതി കൈക്കൊള്ളുന്നില്ലെന്നു നിർമത്സരന്മാർ പറയും.

"മൃദുവർണ്ണമെഴുന്ന വാങ്മയപ്പുതു-പൂമാലയണിഞ്ഞ" ഈ 'മഹാത്യാഗി' ആരിലാണ്, പുളകാങ്കുരങ്ങൾ വെളിവാക്കാത്തതു്?

കൈരളീദാസൻ
കെ. പി. നാരായണപ്പിഷാരടി

കേരളവർമ്മ കോളേജ്
തൃശ്ശൂർ

23-5-1967

പല സാഹിത്യശാഖകളിലും സനിഷ്കർഷം പ്രവർത്തിച്ച് പത്തിലേറെ പ്രശസ്ത കൃതികൾ കൈരളിക്ക തിരുമുൽക്കാഴ്ച വെച്ച ഒരു സാഹിത്യ പ്രണയിയാണ് എന്റെ പ്രിയസുഹൃത്ത് എം. ഒ. അവരാ അവർകൾ. അദ്ദേഹം ഏതാനും വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച ഒരു മനോഹര ഖണ്ഡകാവ്യമാണ്, 'മഹാത്യാഗി'. ശത്രുവിലും കരുണപൊഴിക്കുകയെന്ന ത്യാഗവൈഭവം പ്രകാശിപ്പിക്കുന്ന ക്രിസ്തുഭഗവാന്റെ ഒടുവിലത്തെ ഏഴു തിരുമൊഴികളുടെ മിഴിവുറ്റൊരു ചിത്രീകരണമാണ് ഇതിലെ മുഖ്യമായ ഉള്ളടക്കം. അതിനുള്ളൊരു പശ്ചാത്തലമൊരുക്കുവാനെന്നവണ്ണം ഗാഗുൽത്താമലയും യേശുദേവന്റെ ചരമരംഗവും കേശാദിപാദവും മററും വർണ്ണിച്ചിരിക്കുന്നു. ഭാഷയും, പ്രതിപാദന രീതിയും തികച്ചും ഹൃദ്യമാണ്. കാവ്യരസാസ്വാദനവും, ഹിതോപദേശവും ഒന്നിച്ച് സഹൃദയലോകത്തിനു് സംഭാവന ചെയ്യുന്ന ഈ കൃതിയുടെ ഗൗരവം വേണ്ടേടത്തോളം വർദ്ധിപ്പിക്കുന്ന ഒന്നാണ്, വിദ്വാൻ ടി. എം. ചുമ്മാർ അവർകളുടെ വ്യാഖ്യാനം. സർവ്വഥാ പഠനാർഹമായ നല്ലൊരു കൃതിയാണ്, ഈ 'മഹാത്യാഗി'യെന്നു പറയുവാൻ എനിക്കു് അതിയായ സന്തോഷമുണ്ടു്.

എൻ. വി. കൃഷ്ണവാരിയർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട്. 6, മാർച്ച് 1969.

കേരളീയരുടെ മതസഹിഷ്ണത വളരെയധികം വാഴ്ത്തപ്പെട്ടിട്ടുണ്ട്. അതിന്നു കാരണങ്ങൾ ഇല്ലാതില്ല. ക്രിസ്തുശിഷ്യനായ തോമ്മാശ്ലീഹയുടെ കാലത്തുതന്നെ ക്രിസ്തുമതത്തിന് കേരളം സ്വാഗതമോതിയെന്നാണല്ലോ വിശ്വസിക്കപ്പെട്ടുവരുന്നതു്. ഏറെ ത്താമസിയാതെ ജൂതന്മാരുടെ വിപുലമായ ഒരു സംഘം കേരളത്തിൽ പാർപ്പുറപ്പിച്ചു. മുഹമ്മദുനബി മരിച്ച് അധികം കാലം കഴിയുംമുമ്പ് ഇസ്ലാമും കേരളത്തിൽ പ്രതിഷ്ഠനേടി. പാഴ്സികളുടെ കോളനികൾ എത്രയോ പഴയ കാലത്തു തന്നെ കേരളത്തിലെ പല നഗരങ്ങളിലുമുണ്ടായിരുന്നു. ജൈന–ബൗദ്ധ മതങ്ങൾ ഒരു കാലത്തു് ഇവിടെ വ്യാപകമായ തോതിൽ പ്രചരിച്ചിരുന്നു. ഇന്നും കേരളത്തിൽ ജൈന ദേവാലയങ്ങൾ കുറെയെണ്ണമുണ്ട്. ജൈനരുടെ സംഖ്യയും നിസ്സാരമല്ല. മതകലഹങ്ങൾ കേരളത്തിൽ താരതമ്യേന കുറവാണു താനും.

പ്രശംസാർഹമായ ഈ സഹിഷ്ണതയ്ക്ക് അത്രതന്നെ പ്രശംസ അർഹിക്കാത്ത മററൊരു വശമുണ്ട്. ഈ മതങ്ങളിലും അവയിൽ വിശ്വസിക്കുന്നവരുടെ വ്യത്യസ്ത സംസ്ക്കാരങ്ങളിലും എന്തു ഇരിക്കുന്നു എന്നു ചികഞ്ഞു നോക്കുവാൻ നമ്മുടെ പ്രാചീനർ ശ്രമിച്ചിരുന്നുവോ? ആയിരം വഷത്തെ വളർച്ചയുള്ള മലയാള സാഹിത്യത്തിൽ ഈ മതങ്ങൾ വല്ല സ്വാധീനവും ചെലുത്തുകയുണ്ടായോ? ദാശ്നികതയിലും ആദ്ധ്യാത്മികതയിലും അഭിമാനം കൊണ്ടിരുന്ന നാം ഈ മതങ്ങൾക്കു പിന്നിലുള്ള ദശ്നങ്ങളേയും സദാചാര സംഹിതകളെയും കുറിച്ച് ചിന്തിക്കുവാൻ മെനക്കെട്ടുവോ? യഥാർത്ഥത്തിൽ ഈ മതങ്ങളോട് അടുത്തകാലംവരെ കേരളീയർ, പ്രത്യേകിച്ച് ഇവിടുത്തെ മുഖ്യസമുദായമായിരുന്ന ഹിന്ദുക്കൾ, അത്യന്തം അധിക്ഷേപാർഹമായ ഉദാസീനതയല്ലേ, പുലർത്തിവന്നതു്?

കുററം മുഴുവൻ ഹിന്ദുക്കളുടെ തലയിൽ കെട്ടിവയ്ക്കേണമെന്നു്, എനിയ്ക്കു് നിർബ്ബന്ധമില്ല. ക്രിസ്ത്യാനികളുടേയും മുസ്ലീങ്ങളുടേയും ജൂതരുടേയും ഇടയിലുമുണ്ടായിരുന്നുവല്ലോ അഭ്യസ്തവിദ്യർ? തങ്ങളുടെ മതസംസ്ക്കാരങ്ങളെപ്പററി സാധാരണ ജനങ്ങൾക്ക് അറിയത്തക്കവിധത്തിൽ മലയാളത്തിൽ ഗ്രന്ഥങ്ങൾ രചിയ്ക്കാൻ അവരും മുന്നോട്ടു വരുകയുണ്ടായില്ല. ഈ രംഗത്തു നടന്ന സ്വല്പമായ പ്രവർത്തനം തുലോം സങ്കുചിതമായ ഒരു മണ്ഡലത്തിനകത്തായിരുന്നു.

സ്വന്തം അണികളിൽ പെട്ടവരുടെ ഉപയോഗത്തിന്നു മാത്രമായി, അതിന്നിണങ്ങിയ പ്രാദേശിക സാമുദായിക ഭാഷാവിശേഷങ്ങളിൽ, ഏതാനും ചില ഭക്തിമാർഗ്ഗ ഗ്രന്ഥങ്ങളേ നമ്മുടെ ക്രിസ്ത്യൻ മുസ്ലീം സാഹിത്യശാഖകളിൽ കാണുകയുള്ളു. മററു മതവിഭാഗങ്ങളാകട്ടെ, മലയാളത്തിൽ എന്തെങ്കിലും എഴുതുന്നതിന് ശ്രമിച്ചതായിത്തന്നെ തോന്നുന്നില്ല.

ഇതിൻെറ ഫലമെന്താണ്? ക്രൈസ്തവ ദർശനങ്ങളെപ്പററി താരതമ്യേന പൂർണ്ണവും സുവിചിന്തിതവുമായ ഒരു മലയാള ഗ്രന്ഥം ഉണ്ടായതു് രണ്ടോ മൂന്നോ കൊല്ലം മുമ്പു മാത്രമാണ്. മുഹമ്മദുനബിയുടെ ഏറെക്കുറെ സമഗ്രമായ ചില ജീവചരിത്രങ്ങൾ കിട്ടാനുണ്ടെങ്കിലും ഇസ്ലാമിക ദർശനത്തെപ്പററി ആധികാരികമായ ഒരു ഗ്രന്ഥം മലയാളത്തിൽ ഇനിയും ഉണ്ടായിട്ടില്ല. യഹൂദമതം നമുക്കിന്നും അജ്ഞാതമാണ്. താൽമൂദിനെപ്പററിയും മററും കേട്ടറിവുള്ള കേരളീയർ എത്രയുണ്ട്?

ഇതൊക്കെയാലോചിയ്ക്കുമ്പോഴാണ്, മഹാകവി വള്ളത്തോളിൻെറ സമാധിയിൽച്ചെന്നു് നമസ്ക്കരിക്കാൻ തോന്നുന്നതു്; മഗ്ദലനമറിയത്തിലൂടെ നമ്മുടെ സാഹിത്യത്തിനും സംസ്ക്കാരത്തിനും അദ്ദേഹമനുഷ്ഠിച്ച സേവനത്തിൻെറ ഗൗരവം മനസ്സിലാകുന്നതു്.

പണ്ഡിതനായ ശ്രീ എം. ഓ. അവരായുടെ ''മഹാത്യാഗി'', 'മഗ്ദലന മറിയ'ത്തിൻെറ ഇനത്തിൽപെട്ട ഒരു കൃതിയാണ്. സംവത്സരങ്ങൾക്കു മുമ്പു രചിയ്ക്കപ്പെടുകയും അന്നത്തെ നിലയിൽ ലഭ്യമായിരുന്ന എല്ലാ ബഹുമതികൾക്കും പാത്രമാവുകയും ചെയ്ത ആ കാലഘട്ടത്തിൻെറ മുദ്രയ്ക്കു സവിശേഷതകളും ഉൾക്കൊള്ളുന്ന ഒന്നായതിൽ അത്ഭുതമില്ല. സംസ്കൃതവൃത്തനിബദ്ധത, അർത്ഥഗ്രഹണത്തിന് ചിലേടങ്ങളിൽ വ്യാഖ്യാനസാപേക്ഷത, സാങ്കേതിക പ്രസ്ഥാനത്തിൻെറ മററു സവിശേഷതകൾ മുതലായവ ഉണ്ടായിട്ടും ഇന്നും ഈ ഖണ്ഡകാവ്യം ആഹ്ലാദകമായ ഒരു പുതുമ പുലർത്തിവരുന്നതു്, പക്ഷെ, അത്ഭുതകരമായ ഒരു വസ്തുതയാണ്. ഇതിനുകാരണം, ഒരു പക്ഷെ, പ്രതിപാദ്യത്തിൻെറ മഹത്വമാകാം; ഒരുപക്ഷെ കവിയുടെ പ്രതിഭാശക്തിയാകാം; ഒരുപക്ഷെ രണ്ടുമാകാം.

കേരളീയർ ഈ വിശിഷ്ട കൃതിക്ക് ഏതുകാലത്തും അർഹമായ അർഹണം നൽകാതിരിക്കുകയില്ല.

സുകുമാർ അഴിക്കോട്
പ്രിൻസിപ്പൽ
S. N. ട്രെയിനിംഗ് കോളേജ്

മൂത്തകുന്നം
15-5-1969

വിശ്വവന്ദ്യനായ ക്രിസ്തുഭഗവാന്റെ ദിവ്യചരിത്രം അന്നു മിന്നും കവികൾക്കും കലാകാരന്മാർക്കും ഉന്മേഷത്തോടുകൂടി വിഹരിക്കുവാനുള്ള ഒരു വിഷയമാണല്ലോ. മഹാത്മാക്കൾ എക്കാലത്തും പ്രതിഭാശാലികളുടെ ചിത്തങ്ങളെ പ്രചോദിപ്പിക്കുന്നുവെന്നതാകാം, ഇതിനു കാരണം. ലോകസാഹിത്യത്തിലെ ഒരു വലിയ ഭാഗം മഹൽപ്രകീർത്തനപരങ്ങളായ കൃതികൾകൊണ്ട് ഉണ്ടാക്കപ്പെട്ടതാണെന്ന് സഹൃദയന്മാർ മനസ്സിലാക്കിയിരിക്കും.

നിത്യപൂജ്യരായ ശ്രീബുദ്ധൻ, ക്രിസ്തുദേവൻ, മുഹമ്മദ് നബി, മുതലായവരുടെ ജീവിതസംഭവങ്ങൾ പല കവികളും മലയാളികളായ നമുക്ക് മനോഹരമായി അവതരിപ്പിച്ചു തന്നിട്ടുണ്ടല്ലോ. കാല്പനിക പ്രസ്ഥാനത്തിന്റെ ദശയിൽ ഈ കവനപരമായ മഹദഭിമാനം വളരെ പ്രകടമായി നമ്മുടെ സാഹിത്യത്തിൽ കാണാമായിരുന്നു. ആ പ്രവണതയുടെ വിജയക്കൊടികളാണല്ലോ, കുമാരനാശാന്റെ 'കരുണ', വള്ളത്തോളിന്റെ 'മഗ്ദലനമറിയം.' മുതലായ പ്രശസ്ത കൃതികൾ.

പോയ കാലത്തിന്റെ പോക്കുവെയിൽ തട്ടി നിറന്നു നിൽക്കുന്ന ഒരു കവിതയാണ്, ശ്രീ എം. ഓ അവരായുടെ 'മഹാത്യാഗി'. കവിത കവിതയായിരിക്കെത്തന്നെ പ്രബോധനവ്യഗ്രമായിരിക്കുകയും വേണം എന്ന നിഷ്ഠ, ഈ കവിതയെ വിദ്യാർത്ഥികൾക്ക് ഏററവും പ്രയോജനമുള്ളതാക്കിത്തീർത്തിരിക്കുന്നു. ക്രിസ്തുദേവന്റെ മനുഷ്യസ്നേഹം ഹൃദ്യമായ ഒരു കവനശൈലിയിലൂടെ ആസ്വാദനീയമായിക്കിട്ടുക, ഒരു മനുഷ്യന് പ്രാപ്യമായ മികച്ച അനുഭൂതികളിൽ ഒന്നാണ്. ശ്രീ. അവരായുടെ കൃതി, കുട്ടികളുടെ ഹൃദയങ്ങളിൽ കാലെ തന്നെ അത്തരം ഒരു അനുഭവം പകർന്നുകൊടുക്കാൻ കരുത്തുള്ളതായിക്കാണുന്നതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു.

ഡോക്ടർ ജെ. കട്ടയ്ക്കൽ തിരുവനന്തപുരം
B. A Hons (London) D. D (Rome) 12-5-1869

സർവ്വഭൂതൈക ദയാവാരിധിയായ യേശുക്രിസ്തു, കുരിശിൽ കിടന്നനുഭവിച്ച കഠിനയാതനകളെയും, കുരിശിൽ നിന്നവിടുന്നുച്ചരിച്ച സപ്തസൂക്തങ്ങളേയും ആസ്പദമാക്കി, വിദ്വാൻ എം. ഒ. അവര വിരചിച്ച 'മഹാത്യാഗി' അത്യുൽകൃഷ്ടമായ ഒരു ഖണ്ഡകാവ്യമാണ് വിഷയവൈശിഷ്ട്യം. ധർമ്മോപദേശ മാഹാത്മ്യം, കാവ്യഗുണം, എന്നിവ പരിഗണിക്കുമ്പോൾ, ഇതു മലയാളഭാഷയിലെ കൃതികളുടെ മുൻപന്തിയിൽ നില്ക്കുന്നുവെന്നു കാണാം. വള്ളത്തോൾ, ഉള്ളൂർ എന്നീ മഹാകവികളുടെയും, ഐ. സി. ചാക്കോ, ജോസഫ് മുണ്ടശ്ശേരി, Dr. പി. ജെ. തോമസ്, സർദാർ കെ. എം. പണിക്കർ, തുടങ്ങിയ പണ്ഡിതശ്രേസരന്മാരുടേയും അഭിനന്ദനങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും പണ്ടേ അർഹനായിത്തീർന്നിട്ടുള്ള ശ്രീ അവരായുടെ ശ്രേഷ്ഠകൃതിയാണ് 'മഹാത്യാഗി' യെന്നു പറയാം.

ജീവിതപ്രലോഭനങ്ങളിൽ പെട്ടുഴലുന്ന മാനവരാശിക്കു പ്രകാശവും ആത്മധൈര്യവുമേകാൻ പര്യാപ്തമാണ്, മഹാത്യാഗിയിലെ ഓരോ പദ്യവും.

"വരികെന്നരികത്തു ദാഹമു" -
ള്ളവരെന്നോതിയ യേശുവല്ലയോ
ജലമേകുവിനെന്നിരന്നതും,
ഗഹനാത്ഥങ്ങൾ പരന്റെ ലീലകൾ". (129)

കരളിൽ കനിവാർന്നു താത! നീ—
യിവർതൻ തെറ്റു പൊറുത്തിടേണമേ.
അറിവീലി,വർ തങ്ങൾ ചെയ്‌വതിൻ—
പൊരുളങ്ങേത്തിരുവുള്ളവും വിഭോ!" (71)

ഇത്തരം ശ്ലോകങ്ങളുടെ പാരായണവും പഠനവും നമ്മുടെ യുവജനങ്ങളെ ഉത്കൃഷ്ടാശയരും ഉദാത്ത മാനസരുമാക്കാൻ സഹായിക്കുമെന്നതിന് സംശയമില്ല. ഗ്രന്ഥകത്താവിനു അനുമോദനവും ഗ്രന്ഥത്തിന് പ്രചുരപ്രചാരവും ആശംസിക്കുന്നു.

മഹാകവി, ജി  
ഭദ്രാലയം

എറണാകുളം  
28-1-69

പരമകാരുണികനായ ശ്രീ യേശുവിൻെറ അന്തിമമായ ആത്മസമർപ്പണവും ചരമപീഡയും എത്ര കവികളുടെ, ചിത്രകാരന്മാരുടെ, ശില്പികളുടെ, ഗാനരചയിതാക്കളുടെ സർഗാത്മക ഭാവനയെയാണ്, ഉത്തേജിപ്പിച്ചിട്ടുള്ളതു്! സംഭവം പഴകിപ്പോകാം; ചരിത്രത്തിൻെറ ഭാഗമായി മാറാം; എന്നാലും അനുഭവം എന്നും പുത്തനായിത്തന്നെ തോന്നാവുന്നതാണ്. ആ പാവനരക്തം ഇന്നും തുടുത്ത നിറത്തിൽതന്നെ, തണുത്തുറയ്ക്കാതെ, വേദനിക്കുന്ന വിശ്വഹൃദയത്തിൽ ഒലിച്ചുകൊണ്ടിരിക്കയാണ്. മനുഷ്യമുക്തിക്കുവേണ്ടിയുള്ള മനുഷ്യപുത്രൻെറ ആ ധർമ്മവീരത്യാഗം ഇന്നും പുതിയ സങ്കൽപ്പങ്ങളേയും പുതിയ ഭാവലയങ്ങളേയും സമുല്ലാദിപ്പിച്ചുകൊണ്ടിരിക്കുന്നു. എൻെറ സുഹൃത്തായ ശ്രീ. എം. ഓ. അവരയവർകളുടെ 'മഹാത്യാഗി' തത്താദൃശമായ ഒരു സങ്കല്പലയ സങ്കലനത്തിൻെറ ഹൃദയംഗമമായ രുചിര ഫലമാണ്.

മഷിയാണിതു യേശുരക്തമ-  
ല്ലിതഹോ! തുലിക, കീലമല്ല താൻ,  
ക്ഷതമല്ലിതു കാണുകക്ഷരം,  
മിഴിയേ നീ കുഴകായ്കിതേതുമേ.

എന്നു് സ്വവൈദഗ്ദ്ധ്യത്തേയും ഉപകരണ വൈകല്യത്തേയും കുറിച്ച്, കവി വിഷാദിക്കുന്നുണ്ടെങ്കിലും, സംഭവത്തിന് സജീവവും ഭാവവ്യഞ്ജകവും ആയ രൂപം കൊടുക്കുവാൻ സാധിച്ചിട്ടുണ്ടു്; അദ്ദേഹത്തിന്. അന്തഃകരണത്തെ വികസിപ്പിക്കയും ആത്മാവിനെ ശുദ്ധീകരിക്കയും മാനവീയ ദർശന ചക്രവാളത്തെ വിപുലമാക്കുകയും ചെയ്യു ഒരു വിശിഷ്ട കാവ്യമാണ്, ഈ 'മഹാത്യാഗി'.

പ്രൊഫസ്സർ പി. സി. ദേവസ്യ,
മലയാളം ഡിപ്പാർട്ടുമെൻറ്,
കേരള സർവ്വകലാശാല

തിരുവനന്തപുരം
27-2-1969

ലോകചരിത്രത്തിലെ ഏററവും ശോകാത്മകമായ ഇതിവൃത്തം; ശതാബ്ദങ്ങളിലായി ഭക്തഹൃദയങ്ങളിൽ അനുരണനം ചെയ്തുകൊണ്ടിരിക്കുന്ന ദിവ്യവാക്യസപ്തകം; അയത്നലളിതമായി പ്രവഹിക്കുന്ന ഭാഷാശൈലി; സമുചിതവും സമുജ്ജ്വലവുമായ അലങ്കാരങ്ങൾ, ഭാവനാദീപ്തമായ പശ്ചാത്തലവിധാനം; സർവ്വാദൃതവും ചിന്താമൃതവുമായ ധർമ്മസൂക്തങ്ങൾ എന്നിവയൊത്തിണങ്ങിയ 'മഹാത്യാഗി' മലഖണ്ഡകാവ്യ മണ്ഡലത്തിൽ സ്ഥിരപ്രതിഷ്ഠയർഹിക്കുന്നുണ്ടെന്ന് നിസ്സംശയം പറയാം; മാത്രമല്ല,

ഭവരാഗ വിദാരകം കവി-
പ്രവരർക്കും പുളകപ്രദായകം,
അവരായുടെ കാവ്യമുൾക്കളും
കവരാതുള്ളവരാതുരാത്മകർ;

എന്നുകൂടി പ്രഖ്യാപിക്കുവാൻ ഞാൻ ധൈര്യപ്പെടുന്നു.

# മഹാത്യാഗി

(ഖണ്ഡകാവ്യം)

വിദ്വാൻ എം. ഒ. അവര

1990

# മഹാത്യാഗി

ശ്രീയേശുനാഥവദനോദ്ഗതസപ്തവാക്യ-
സപ്തസ്വരങ്ങളുടെ മാധുരിയെപ്പരത്തി
ശോഭിച്ചിടുന്ന കുരിശാകുമഭൗമവീണ,
കയ്യാളി നീ മധുരവാണി, വരൂ സമീപം. 1

ഭോഗത്തിൽ സ്പൃഹയെന്നിയേ ഭുവനസം-
രക്ഷയ്ക്കു വീണ്ടും മഹാ-
ത്യാഗംതന്നെ വരിച്ച ദൈവസുതതൃ-
പ്പാദങ്ങളോർത്താർത്തഹോ
ആകെക്കോൾമയിർപൂണ്ടുതൽക്ഷണമമ-
ന്ദാനന്ദബാഷ്പോദകം
തൂകിക്കൊണ്ടുണ്ണയെ പ്പദങ്ങളിടറാം
ഹേ വാണി, നീയേ തുണ 2

അളിനീലതൃണാംബരം വിരി-
ച്ചരിയോരദ്രിയെയങ്ങു കാണ്മു നാം,
നരസന്തതികൾക്കു വിണ്ണിലേ-
ക്കുയരാൻവച്ചൊരു കോണിപോലവേ. 3

ഖലർ മാനുഷർ നിശ്വസിക്കയാൽ
കറയേന്തീടിന കാററിൽനിന്നുമേ
തല പൊക്കി നിവർന്നുനില്ക്കയോ
മല, ഗാഗുൽത്തയിവൻ മഹോന്നതൻ? 4

ഉലകിന്നുടൽപൂണ്ട പുണ്യമായ്
വിലസും വിശ്രുതനീ നഗോത്തമൻ
പരിശുദ്ധ ജറൂസലത്തെ നി-
ശ്ചലമായ് നോക്കി നിനപ്പതെന്തുവാൻ? 5

ധരണീധരമെന്ന പേരിനാ-
ലറിയപ്പെട്ടിടുമാത്മഗൗരവം
പരമിഗ്ഗിരിയിൽ പവിത്രമാം-
ചരിതത്താൽ ചരിതാർത്ഥമായ് ചിരാൽ. 6

ഒരു കാളിമ ഹന്ത! കാണ്മതെ-
ന്തിതു കാകോളകഷായസന്നിഭം
നരദൃഷ്ടി പൊടിച്ചു പൊങ്ങിടും
നരകത്തീപ്പുകയായിരിക്കുമോ? 7

ഘനഗർജ്ജനമാർന്ന മിന്നലാം-
കരവാളം വീശിവരും പിശാചിവൻ
ഉലകം നരകത്തിലാഴ്ത്തിടാൻ
കരുതിപ്പോന്നതുതന്നെയായിടാം. 8

അതിഭീതിദനാമിവന്റെ നി-
ശ്വസനംപോലുയരുന്ന കാററിനാൽ
തടവററിളകുന്നുവോ മഹീ-
തടമാർന്നുള്ള സമസ്തവസ്തുവും? 9

പരമുച്ചയിൽ നില്ക്കുമിദ്ദിവാ-
കരനും കൂരിരുളിൽക്കുടുങ്ങിയോ?
അശുഭോദയ ഭീതി തന്മുഖേ
നിഴലിക്കും ക്ഷമയും വിറയ്ക്കയോ? 10

അതു നോക്കുക, പൊങ്ങി നില്ക്കുമ–
ഗ്ഗിരിയും പാരമിരുണ്ടിരിക്കിലും
അവിടം ദ്യുതിചേർപ്പൂ, താരക–
പ്രഭമേതോ ശുഭദീപ്തിമണ്ഡലം. 11

പല ദുസ്സഹദുഃഖചിന്തകൾ–
ക്കടിമപ്പെട്ട മതിക്കരക്ഷണാൽ
പരിശാന്തി കൊടുത്തഹോ മഹ–
സ്സിതു വിണ്ണിൻനിലനല്കി മന്നിനും. 12

പെരുതായിടുമിപ്രഭാചയം
പുരുഷാകാരമെടുത്തുനില്പുതേ;
ഇവനാരഭിവന്ദ്യകാന്തിമാ–
നിവിടെക്കാൺമതിനെന്തു കാരണം? 13

അഴലായിടുമഗ്നിയേറ്റുകൊ–
ണ്ടുരുകിക്കല്മഷമറ്റു സർവ്വവും
തെളിയുന്നൊരു ഭക്തചിത്തമാം–
കനകംകൊണ്ടു ചമച്ച രൂപമോ? 14

അളവറ്റൊരഭൗമസദ്ഗുണ–
വ്രജമൊന്നിച്ചലിവിൽക്കുഴച്ചുടൻ
അവധാനമൊടാദിദൈവതം
വിരചിച്ചുള്ളൊരു വന്ദ്യമൂർത്തിയോ? 15

അമിതപ്രഭ, നീശപാശദാ–
വലിയിൽപ്പെട്ടിടുമേകനല്ലിവൻ
മനമേ പതറായ്ക; ഹന്ത! കാ–
ണ്മതു നാം ക്രൂശിതനേശുദേവനെ. 16

അയിമത്! പ്രിയതാത ദൈവമേ–
യമലപ്രേമഗുണൈകധാമമേ
അഘസങ്കുലമാം ധരയ്ക്കനിൻ
പദപദ്മം പരിശുദ്ധിയേകിമേൽ. 17

മറയായ്ക മദീയദർശനം
നിറയും ശീതളബാഷ്പധാരയിൽ
ചെറുതൊന്നു സുഖിച്ചിടട്ടെ ഞാൻ;
കുറവല്ലോ ഭുവി ദിവ്യദർശനം. 18

സ്ഫുടമായ്ത്തിരുമെയ് കിടപ്പതെ–
ന്തിതു ഹാ ഹാ കുരിശിൽത്തറച്ചപോൽ
അടയൂ നയനങ്ങളേ; വിടൂ
മനമേ നിൻെറ വിചാരശക്തിയും. 19

അതിദുഷ്ടപിശാചുകാട്ടിടും
മറിമായങ്ങളിലൊന്നിതായിടാം;
പ്രണയൈകരസാർദ്രനാകുമീ–
പ്രഭുവെ, ങ്ങിക്കുരിശെങ്ങു ദൈവമേ! 20

അതികഷ്ടമിതെന്തുകാണ്മു നാം,
നരർതൻ പാപവിമോചനത്തിനായ്
ധരപുക്കരുളീടുമീശ്വരൻ
കുരിശിൽ ക്രൂശിതനായ് കിടക്കയോ? 21

ഉപകാരശതങ്ങളാം ചെയ്തിടു–
ന്നവനും പീഡകളേകിടും ഖലർ;
കുളുർകാന്തിയെഴുന്ന ചന്ദ്രനെ–
ദ്ധരണിച്ഛായ മറപ്പതില്ലയോ? 22

ജടകെട്ടിയ കേശവും പരം
രുചിരശ്മശ്രുകലന്ന വക്ത്രവും
ചെറുതൊന്നു ചരിച്ച പാതിയും
തനിയേ കൂമ്പിയ നേത്രയുഗ്മവും, 23

കുരിശിന്റെ കരത്തിൽ നീട്ടിവ–
ച്ചലിവററാണികളാഞ്ഞടിക്കയാൽ
രുധിരം ചൊരിയുന്ന നീണ്ട ക–
യ്യിണയും പൊങ്ങിയമന്നൊരംസവും, 23

ഹൃദയത്തിൽ നിറഞ്ഞഹോ! പുറ–
ത്തൊഴുകീടും ദയയെന്നപോലവേ,
ചുടുചോര കലന്ന പുണ്യമാം–
തിരുമാറും വലിവാർന്ന കുക്ഷിയും, 25

കുരിശിൻതടിയോടു ചേർത്തുവ–
ച്ചുരമങ്ങാണി തറയ്ക്കകാരണം,
മുറിവേററു നിണം പൊഴിച്ചിടും
നിറമേറും മൃദുപാദപത്മവും, 26

കരളേവനുമൊന്നു കാണുകിൽ–
ത്തകരുംമട്ടിലിടയ്ക്കിടയ്ക്കഹോ!
ചെറുതൊന്നു തുടിച്ചിടുന്ന ഹൃ–
ത്തടവും ഹാ! നെടുതായ വീർപ്പുമായ്, 27

ഉലകിൻ പരിപാവനാംശമി–
പ്പരതത്വപ്പൊരുളായ തമ്പുരാൻ
മരുവുന്നു മനുഷ്യപാപസം–
ഹതി നീക്കാൻ മരണം വരിച്ചിതാ. (കുളകം) 28

അറിവററവർ തന്നെയീവിധം
വെടിയും ദൃഷ്ടത കാട്ടിയെങ്കിലും
തുണയുണ്ടു തനിക്കു ദൈവമെ-
ന്നൊരു വിശ്വാസമൊടുററ തൃപ്തിയും, 29

സുഖമാക്കു വരുന്നതിന്നു താൻ
തനുവുംകൂടി വെടിഞ്ഞിത, ക്ഖലർ
മതികെട്ടു തനിക്കു ചെയ്തൊരീ-
യപകാരത്തെ നിനച്ച ചിന്തയും, 30

കദനം ഗണനീയമല്ല, തൻ-
കരണീയം നിറവേറിയീവിധം
നിറയും കൃതകൃത്യഭാവവും
നിഴലിക്കുന്നു തദാനനേന്ദുവിൽ. (വിശേഷകം) 31

കരുതീല ശരീരയാത്രയും
നിലയും മാനവുമെന്നിതൊന്നുമേ
മരണക്കൊടുശയ്യകൂടിയും
മഹിതത്യാഗമതിൻ നിദർശനം 32

ശ്വാസനോച്ഛ്വാസനാദികൾക്കുമേ
കഴിവില്ലാത്ത ദശാന്തരത്തെയും
അഴലററു സഹിച്ച മുററുമീ-
യമലത്യാഗമഹാധ്വരവ്രതൻ. 33

ക്ഷണഭംഗുരമായ് ദുരന്തമാ-
യറിയും ഭൗതികമാം സുഖത്തിനായ്
പരപീഡനകർമ്മമെന്തുവാൻ
നരർ ചെയ്യില്ല നരച്ചനാളിലും 34

പരിപൂത കളേബരത്തിലീ–
വിധമായാണി തറച്ചതാരുവാൻ?
ചുടുചോരവഴിഞ്ഞിടുന്നൊരാ–
മുറിവുള്ളിൽ ക്ഷതമാർക്കു നല്കിടാ? 35

അതിതാപമിയന്നിരിമ്പുമി
ങ്ങലിയും കാഴ്ചയിതൊന്നു കാണുകിൽ
ഇവയാണികളല്ല; തെല്ലുമുൾ–
ക്കനിവില്ലാത്ത കൊടുംപിശാചുകൾ. 36

പരിപാവനഹൃദ്രസത്തിനാൽ
കുരിശിന്മേൽ മുനകൂർത്തൊരാണികൾ
ഇതുമട്ടു കുറിച്ച വൃത്തമീ–
മഷിയാൽപ്പേന കുറിപ്പതെങ്ങനെ? 37

മഷിയാണിതു; യേശുരക്തമ–
ല്ലിതഹോ! തുലിക കീലമല്ലതാൻ;
ക്ഷതമല്ലിതു കാണുകക്ഷരം,
മിഴിയേ നീ കഴകായ്കിതേതുമേ. 38

അറിവും കനിവും നിറഞ്ഞ പൊൽ–
ക്കുടമാഹന്ത! തുളച്ചതാരുവാൻ?
എവനന്ധതമൻ കെടുത്തതീ–
യമലസ്നേഹ രസാർദ്രദീപിക? 39

നിലവിട്ടൊരു ദുഷ്ടസേവതൻ–
ഫലമായുള്ള ദുരന്തദുർമ്മദം
പരമുള്ളിൽ നിറഞ്ഞവർക്കു കൺ–
തെളിയാമിത്ര മഹോദയത്തിലും. 40

ഇടർ നീക്കി നരക്കു സൗഖ്യമേ-
കിടുവാൻ പൊക്കിയ കൈയിനീവിധം
മുറിവേകിയ ദുഷ്ടർതൻ മനം
ശിലയെക്കാളുമതീവകക്കശം! 41

എവരാണികളാൽത്തറച്ചുവോ
കുരിശിന്മേൽക്കലിശോഗ്രമാനസർ
അവരെപ്പുണരാൻ കൊതിച്ചപോൽ
വിരിവാർന്നുവിഭുവിൻകരദ്വയം. 42

തനതാത്മനി ശാന്തിസൗരഭം
നിറയുംമട്ടു നിതാന്തഭക്തിയാൽ
മറിയം നറുമത്തർപൂശിയ-
മ്മുടിയിൽച്ചാർത്തിയ ദിവ്യമാം സുമം, 43

കടലിൻ നടുവിൽത്തിരങ്ങുമേ-
ലടിതെററാതെ നടന്ന ശിഷ്യരിൽ
ദൃഢഭക്തിയണച്ചകാൽവരി-
ഗ്ഗിരിയിൽ പൂത്തൊരു കല്പപാദപം, 44

അഗതിക്കഖിലാത്ഥസാധനം,
ജഗദാലംബമതീവനിമ്മലം
ഭഗവത്പദപത്മമിന്നു ഹാ!
വിഗതാഭം രുധിരത്തിലാപ്ലുതം. (വിശേഷകം) 45

പുരുപുണ്യപഥത്തിൽ നിത്യവും
നിലതെററാതെ നടന്ന തെററിനായ്
കഠിന വ്യഥയേററു ഹാ ഭവാൻ
നരർതൻ നീതി വിരുദ്ധചാരിണി. 46

നിജധർമ്മമഹോ ചരിച്ചിടും
മനുജൻ തന്റെ വിപാകമേവമോ
അഥവാ പരിപൂത സത്പഥം
സതതം കാൺമതു കണ്ടകാവൃതം. 47

അഴലാം കരിമേഘമാലയാൽ
ചുഴലും മഞ്ജുമുഖേന്ദുമണ്ഡലം
പ്രിയദർശനമൊന്നു നോക്കുവോ-
നരുതെന്തീയമൃതത്തിലോ വിഷം? 48

'ഇവനാണു യഹൂദനാഥ'നെ-
ന്നരിവൃന്ദം പരിഹാസപൂർവ്വകം
കുരിശിൻ മുകളിൽക്കുറിച്ചു താൻ-
നിഖിലത്തിന്നധിനാഥനാകിലും. 49

മനുജാന്വയ പാപമേററുവാൻ
കുനിയും നിന്റെ ശിരസ്സിതാ വിഭോ,
മുനയേറിയ മുൾക്കിരീടമി-
ന്നണിവൂ, ത്യാഗമഹോ വിമോഹനം. 50

പല പാപികൾ തന്നസൂയയാം-
വിഷവൃക്ഷത്തിനെഴുന്ന മുള്ളുകൾ
തവമൗലിയിൽ വച്ചുകെട്ടിയോ-
രതിപൈശാചികചിത്തവൃത്തികൾ. 51

അറിവററവർ ചെയ്ത പാപമോ-
ർത്തകതാർ നൊന്തുഴലും ജഗദ്പ്രഭോ.
തവ മൗലിയലങ്കരിക്കുവാൻ
മുനകൂർത്തുള്ളൊരു മുള്ളുചേരുമേ! 52

ദിവി പാഷ്ദർ വാഴ്ത്തുമേശുതൻ–
മുടിയിൽച്ചാർത്തിന മുൾക്കിരീടമേ!
എവനീ ഭുവി നിന്നെ വാഴ്ത്തിടാ
മഹിതത്യാഗജയൈകചിഹ്നമേ! 53

കരതാരിണയെൻ ഗുരോ ഭവാ–
നിരുഭാഗത്തു പരത്തി ഘോരമാം
കുരിശേറിയതീ, ജഗത്തിനെ–
പ്പുണരാൻ വീണ്ടുമഹോ കൊതിക്കയോം 54

അഥവാ നരലോകമേന്തിടും
വ്യഥയെല്ലാം ചുമൽതന്നിലേററി നീ,
ധരവിട്ടു പറന്നുയർന്നിടാൻ
ചിറകാഹന്ത! വിടുത്തിടുന്നതോ? 55

പിതൃപുത്രവിശുദ്ധജീവനായ്
ത്രിവിധം വിശ്രുതതത്വമൊന്നിനെ
കുരിശിൻമുന മൂന്നിലും പരം
വെളിവായ് കാട്ടുകയോ ജഗൽപതേ! 56

ജനസഞ്ചയരക്ഷണത്തിനാ–
യവതീർണ്ണൻ പരിപൂർണ്ണനീശ്വരൻ
തലചായ്ച്ചുവതിന്നു പാഴ്മര–
ത്തടിയോ കണ്ടതു കഷ്ടമിങ്ങനെ? 57

അറിവിൻ മര 'മവ്വ' ചെയ്തതാ–
മപരാധത്തിനൊരുററ കാരണം
അതുതാൻ മൃതിപുല്കുമേശുവി–
ന്നൊരു താങ്ങായ്ക്കുരിശായിനില്പതും. 58

കുരിശേ, തവ മുൻപിയന്ന ദുഃ-
സ്ഥിതിയെ, ഞങ്ങൾ പുകഴ്ന്നൊരീ നില?
അതിനീചനുമാദരാർഹമാം
പദമേകുന്നു മഹൽസമാഗമം. 59

കുരിശിന്നിരുപർശ്വമാന്നതാ
മരുവുന്നുണ്ടു പെരുത്തു ദുഷ്ടരാം
ഇരുതസ്കരർ, കുട്ടിനിസ്സുധാ-
കലശത്തിന്നു സുരാഘടങ്ങളോ? 60

സുകൃതൈകനിധാനമേശുവെ-
ങ്ങുരുപാപാത്മകരെങ്ങു തസ്കരർ?
നട്ടനായകരത്നമേ നിന-
ക്കണിയായ് വന്നതു കാചമായിതേ. 61

വഴിതെററിയലഞ്ഞു പാഴ്ച്ചുളി-
ക്കുഴിയിൽപ്പെട്ടു വലഞ്ഞ മർത്ത്യരെ
കനിവാർന്നു കരേററുവാൻ വിര-
ഞ്ഞണവോനാണഥവാ ജഗത്പ്രഭു. 62

മുറതെററിയ മൂഢശക്തിതൻ-
പിടിയിൽപ്പെട്ടൊരു രാജ്യതന്ത്രമേ,
പറവാൻ പണി, നീതിതൻ കഴ-
ത്തരിവാംകൊണ്ടരിയുന്നു ഹന്ത! നീ. 63

സുത വത്സലയമ്മ, സൗഹൃദം-
പെടുവോരിൽ ചില,രുററശിഷ്യനും,
കൃപയററ വിരോധിവൃന്ദവും
കുരിശിൻചുററിലുമങ്ങു നില്പുതേ. 64

ഹൃദയം പിളരുന്ന ശോകമാ–
ന്നതിയായുററവർ കേണുവാഴവേ,
ഖലജിഹ്വ വമിച്ചുതിത്തരം
ശ്രുതികൾക്കേററമസഹ്യമാം വിഷം. 65

പലജാലമെടുത്തു ദൈവമെ–
ന്നിഹ ജല്പിച്ചൊരു നിന്നൊടൊന്നു ഞാൻ
പറയുന്നിതു ദൈവമെങ്കിൽ നീ–
യിതിൽനിന്നും പരിരക്ഷ നേടുക. 66

പരലോകമണഞ്ഞ ലാസറെ–
പ്പുരമിപ്പാരിലണച്ചതായ നീ
കുരിശിൻ മരണത്തിൽ നിന്നുത–
ന്നുയിർ കാക്കുന്നതിനെന്തശക്തനോ? 67

മൃതപുത്രക ജീവിതം ജവം
വിധവയ്ക്കേകിയനുഗ്രഹിച്ച നീ
യമദംഷ്ട്രകളാകുമാണികൾ–
ക്കടിമപ്പെട്ടവസാനമേല്ലയോ? 68

''എട! കശ്മല! നിൻവിചിത്രമാ–
മടവീഞ്ഞങ്ങളിലൊട്ടുമേശിടാ
ത്രപയററൊരു നീ കഥിക്ക, നിൻ–
ജനകൻ ദൈവതമിപ്പൊഴെങ്ങവൻ''? 69

ഇതുകേട്ടളവേശസുതൻ ദയാ–
മയമാം കണ്മണി തെല്ലുയർത്തിനാൻ,
മൃദുവായ് സരളത്വമാർന്ന തേൻ–
മൊഴി പിന്നീടരുൾചെയ്തതീവിധം: 70

''കരളിൽക്കനിവാന്ന താത! നീ–
യിവർതൻ തെററു പൊറുത്തിടേണമേ,
അറിവീലിവർ തങ്ങരം ചെയ്‌വതിൻ–
പൊരുളങ്ങേത്തിരുവുള്ളവും വിഭോ!'' 71

പ്രതിയോഗികളോട്ടമക്ഷരം–
പ്രതിയൂറും കനിവാന്നിതേവിധം
വരസൂക്തമിതാദ്യമാണതിൽ–
ല്പരമാരും പറയാത്തൊരീമൊഴി. 72

അനവദ്യവിശിഷ്ടവാക്യമാ
മനുജോത്തംസമിവണ്ണമോതവേ,
ഇളകാതെയരക്ഷണം ചരാ–
ചരമാനന്ദമിയന്നു നിന്നുപോയ്. 73

കുളർതെന്നലിതിൻ പ്രശാന്തമാം–
പൊരുരം മന്ത്രിച്ചിടവേ തരുവ്രജം
തലയാട്ടി നമിച്ചു പൂക്കളാൽ
മൃദുമഞ്ജുസ്മിതമാന്നു നില്ക്കയായ്. 74

ഭ്രമരങ്ങളിതേററുപാടിടു–
ന്നതുപോൽ മൂളിയണഞ്ഞിടും വിധൗ,
തളിരാട്ടി വിളിച്ചു വല്ലരീ–
നികരം പൂക്കളിലേകി നന്മധു 75

തരുശാഖകളേറി മോഹന–
സ്വരമായ് പക്ഷികരം പാടി മംഗളം,
ചെറുവല്ലികരം നൃത്തമാന്നു പൂ–
നിരയും തത്ര പൊഴിച്ചു ഭക്തിയാൽ, 76

കൃപയും ക്ഷമയും, മനോജ്ഞമാം-
പൊരുളും ചേർന്നോരപൂർവ്വനിസ്വനം
ഉളവായൊരുനേരമെങ്ങുമേ
വെളിവായ് നൂതനകാന്തി നിസ്തുലം. 77

ദിശകൾക്ക മുഖം പ്രസന്നമായ്
കതിർ വീശീ ദിനനായകൻ ഭുവി;
ജലദങ്ങൾ പൊഴിച്ചു സദ്രസം
ദിവി മാലാഖകളെന്നപോലവേ. 78

നിജശത്രുഗണങ്ങളെത്രയും
ഭുജദർപ്പം തനുപൂണ്ട ഘാതകർ
അപകാരപരൈകചിന്തയാൽ
ഭുവനം പങ്കിലമാക്കിടുന്നവർ, 79

പരദൃഷ്ടിയിൽ വധ്യരെങ്കിലും
പരമീശന്നനുകമ്പ്യരാണവർ
കരുണാനിധിയല്ലി, തമ്പുരാ-
നിവരും തൽപ്രിയപുത്രരല്ലയോ? 80

പ്രതികാരിയെ വാർത്തിടുന്നതാ-
മിതിഹാസങ്ങൾ പഠിച്ചൊരീ നരർ
അതിമാനുഷമാകുമീ മനഃ-
സ്ഥിതിതൻ മേന്മ ധരിപ്പതെങ്ങനെ? 81

നിജശത്രുഗണങ്ങളോടുമി-
ങ്ങെവനും പ്രേമമിയന്നു വാഴണം,
നരമാനസദീപമുജ്ജ്വലി-
ച്ചിടണം സ്നേഹമഹസ്സുകൊണ്ടുതാൻ. 82

അതിൽനിന്നുയരുന്ന ദീപ്തിയാൽ
ഭുവനം ശോഭനമാകണം സദാ,
പരഹിംസനപാപമാം തമ–
സ്സകലേണം സകലാനന്ധ്യദായകം. 83

ഇതുമട്ടിലുറച്ചതിന്നു ത-
ന്നുയിരുംകൂടി വെടിഞ്ഞിടും പ്രഭു
ഇതു ചൊന്നതിലെന്തു വിസ്മയം,
മതികാംക്കപ്പുറമുത്തമാശയം. 84

മിശിഹായ്ക്കു വലത്തുഭാഗമായ്
കുരിശിൽത്തൂങ്ങിടുമുഗ്രതസ്കരൻ
കരുണാമൃതധാരപെയ്യുമ-
പ്പൊരുളാംചേരും മൊഴികേട്ട സാദരം. 85

മൃദുവർണ്ണമെഴുന്ന വാങ്മയ-
പ്പുതുപൂമാലയണിഞ്ഞ ജീവനിൽ
ഉളവായ വിശേഷമാ മുഖം–
വെളിവാക്കി, പുളകാങ്കുരങ്ങളും. 86

ഇടമാം വശമങ്ങു തൂങ്ങിടും-
കുടിലൻ ക്രിസ്തുവിനോടു ചൊല്ലിനാൻ;
ജഗദീശ്വരനെങ്കിൽ നിന്നെ നീ-
പരിരക്ഷിക്കുക, ഞങ്ങളേയുമേ'' 87

അവിവേകധനുസ്സു വിട്ടൊരാ-
വചനാസ്ത്രം ചെവിയിൽത്തറയ്ക്കവേ,
ക്ഷണമൊന്നു നടുങ്ങിയോതിനാ–
നപരൻ ദക്ഷിണവർത്തി തസ്കരൻ. 88

"അരുതേവമുരച്ചിടായ്ക നീ
പരനിന്ദാവഹമായ വാക്കുകൾ,
അപരാധികളർഹരാണു നാ-
മതിയായുള്ളൊരു ദണ്ഡനത്തിനും; 89

ഇവനോ പരിശുദ്ധ ജീവിതൻ,
ഭുവി, നാകം വിരചിച്ചിടും പരൻ,
കറയറ്റൊരജം സഹിക്കയാ-
ണധുനാ ശാന്തിതയാന്ന ദണ്ഡനം. 90

മതിയില്ല നിനക്കഹന്തയാ-
മതിപാപത്തിലകപ്പെട്ടൊല്ല നീ
പറയാമിരുപക്ഷമേതിലും,
മറയാ സത്യമതോത്തുകൊള്ളുക." 91

ഒഴുകും മിഴിനീരുകൊണ്ടുടൻ
കഴുകിപ്പങ്കിലമാം കളേബരം,
ഇതുമാത്രമുരച്ചുനിത്തിനാ-
നുയരും തൊണ്ടയിടച്ചയാന്നവൻ. 92

ഉലകിൽദ്ദുരിതാഴിതന്നക-
ത്തുഴലും കീടസമാനരാം നരർ
പരമെന്തറിയുന്നു ദൈവമേ!
പരമോൽകൃഷ്ടതയാന്ന നിൻമതം. 93

മിഹിരൻ നിജ ശുഭ്രഗോക്കളാൽ
മഹിതന്നന്ധത നീക്കിടുംവിധൗ
അഹരന്ധമുലൂകമാ മഹാ-
മഹിമാവിൻ പ്രഭ കാണ്മതെങ്ങനെ? 94

അതിമൂർഖനമാത്മവേദിയായ്–
ച്ഛമയാമീശ്വരസംഗമത്തിനാൽ,
പരമാകരപാകശക്തിയാൽ
കരിയും കാന്തിയെഴുന്ന ഹീരമാം. 95

മിശിഹായുടെ പാദതീർത്ഥമേ–
റ്റുടലിൻ ശുദ്ധിവരിച്ച മുമ്പിവൻ
ഇതുനാം വരസൂക്തി കേൾക്കയാൽ
പരമാത്മീയ വിശുദ്ധി നേടിനാൻ. 96

അപരാധികളിൽ പ്രമാണിതാ–
നിതിബോധം ദൃഢമായുറച്ചവൻ
അനുതാപവുമേശുവീശനെ–
ന്നൊരു വിശ്വാസവുമാർന്നു ശുദ്ധനായ്. 97

''പലനാൾ കുപഥങ്ങളിൽച്ചരി–
ച്ചിവനാർജ്ജിച്ചൊരു പാപമൊക്കെയും
അലിവാർന്നു പൊറുത്തിടേണമേ,
മലിനൻ ഞാൻ പണിയുന്ന ദൈവമേ! 98

ഭഗവൻ! പറുദീസയിലങ്ങു പൊൽ–
പ്രഭയാൽ മിന്നിലസിച്ചിടുന്ന നാൾ
ചെറുതോർക്കുകവേണമേ ഭവത്–
പദസേവാപരനായൊരെന്നെയും.'' 99

ഒഴുകും മിഴിനീരൊടാത്തഗദ്–
ഗദമസ്പഷ്ടതരാക്ഷരങ്ങളാൽ
അകതാരഴിയും വിധത്തിലാ–
യനുതാപാർത്തനുരച്ചു നിർത്തിനാൻ 100

കനിവാന്ന തെളിഞ്ഞ ദൃഷ്ടിയ-
ങ്ങനുതാപം കലരുന്ന പാപിയിൽ
പരിചോടു പതിച്ചു ചൊല്ലിനാൻ
പരമേശൻ നിഖിലാഘനാശനൻ: 101

''പറുദീസയിലിന്നുതന്നെ നീ-
യണയും നിർണ്ണയമെന്നൊടൊപ്പമേ
അവിടെക്കുടികൊള്ളുമാടൽ വി-
ട്ടരുളുന്നേൻ തവ നിത്യമംഗളം'' 102

സുകൃതൈക നിഷേവ്യമാം നിജം-
പറുദീസാപദവും വിശങ്കമായ്,
അനുതാപമിയന്ന പാപികൾ-
ക്കരുളുന്നു കനിവേറുമാ വിഭു. 103

കളവും ചതിയും സ്വകീയമാം-
തൊഴിലായ്ത്തന്നെയെടുത്തുപോന്നവൻ
ഇതുപോലൊരു ഭാവശുദ്ധിയാ-
ന്നുമൂലം ത്രിദിവാർഹനായഹോ! 104

സുപരീക്ഷിത ശിഷ്യർക്കൂടിയും
ഗുരുവിൻ ദൈവികമായ ശക്തിയിൽ
ഒരു ശങ്ക വഹിച്ചു; കള്ളനോ
ദൃഢവിശ്വാസമിയന്ന ശിഷ്യനായ്. 105

ഇതുനാൾവരെയുഗ്രപാതകം
പലതും ചെയ്തൊരു പാപി തസ്കരൻ
ഹൃദി താപമിയന്നമൂലമായ്
പുതുതാം രൂപമെടുത്തപോലെയായ്. 106

അയി! ഭക്ത! വിശുദ്ധിവന്ന നിൻ-
ചരിതം പാർക്കുകിലെത്ര മോഹനം!
ഗുരുവിൻ സഹഗാമിയായ്ബ്ഭവാൻ
പറുദീസയ്ക്കു ഗമിപ്പതോർപ്പു ഞാൻ. 107

മനതാരുരുകിക്കരഞ്ഞിടു-
ന്നൊരു മാതാവിനൊടോതി തമ്പുരാൻ,
കുരിശാർന്ന നിജാംഗവും സ്മരി-
''ച്ചിവനമ്മേ! തവ പുത്രനോർക്ക നീ!'' 108

ഉടനേ നിജശിഷ്യനോടുമ-
ക്കരുണാവാരിധിയോതിയീവിധം:
''ഇതു നിന്നുടെയമ്മയെന്നുതാൻ
കരുതിക്കൊണ്ടു ഭജിച്ചുകൊൾക നീ.'' 109

സുതനോതിയ സാന്ത്വനോക്തിയാൽ
സതിയാശ്വാസമിയന്നതില്ലതാൻ
അതുമല്ല, ടന്തൽക്കടവ്യഥാ-
ഹതമായ്ത്തീർന്നു തദീയമാനസം. 110

പ്രിയപുത്രവിയോഗതപ്തമാം-
പ്രസവിത്രീഹൃദയത്തിലാർന്ന, തീ
പരിസാന്ത്വനശീതമാരുതൻ
പെരുമാറീടിലുമേറും; ആറുമോ? 111

അതനുപ്രിയമാർന്ന തൻമകൻ
ബത! കൺമുന്നിൽ മറഞ്ഞുപോകവേ,
പരനാകിലുമാവിയോഗമാൽ
ജനനിക്കെങ്ങനെ സഹ്യമായിടും? 112

കനകോജ്ജ്വലമാം പരന്റെ മെ-
യ്യനവദ്യം ഗണിയാതെ, കൗതുകാൽ
തനതാത്മജർതന്നഴക്കെഴും-
തനു പുല്കുന്നവർ ഹന്ത! മാനുഷർ! 113

ഇഹ തൻസുതനേശുവോ—മഹാൻ
മഹിതോദാരഗുണാകരൻ പരൻ,
കടുതായൊരു തദ്വിയോഗമാൽ
കമനീയാംഗി സഹിപ്പതെങ്ങനെ? 114

സതി മേരി, ജഗത്പിതാവുതൻ-
ജനനീഭാവമിയന്ന ധന്യ നീ
മതി ഖേദം; അനന്യലഭ്യമാ-
സ്ഥിതിയോർത്തോട്ടു സമാശ്വസിക്കയേ! 115

നിജ ഭൗതികപിണ്ഡമത്ര വി-
ട്ടുയരാനീശനൊരുങ്ങിടും വിധൗ
ഹൃദയം ചെറുതായ് തുടിച്ചുപോയ്
ബഹുധാ മർമ്മവിഘട്ടനാർത്തിയാൽ 116

"ശരണാഗത നാഥ! ദൈവമേ!
കരുണാബ്ധേ! കനിവൊട്ടുമെന്നിയേ
അവിടുത്തെയൊരുററ വത്സനാ-
മിവനെക്കൈവെടിയുന്നതെന്തഹോ!" 117

വിലപിച്ചിതു കഷ്ടമീവിധം
വ്യഥയാൽ ക്രിസ്തുവുമസ്തധൈര്യനായ്,
ഇരുൾപാഞ്ഞു മുഖത്തു; ദിവ്യരും
മരണത്തിൻ വിഷമേല്ക്കിലീദൃശർ! 118

ഉടനാ നിഴൽ നീങ്ങി വീണ്ടുമേ
വിളറീടും വദനം പ്രസന്നമായ്.
അനലൻെറ ശിഖയ്ക്കു മേൽഗതി-
യ്ക്കധികം നേരമിടർച്ച ചേരുമോ? 119

തുണയുണ്ടു തനിക്കു സൽപിതാ-
വിതി വിശ്വാസമതേവരെയ്ക്കുമേ
നിലനിന്നിതതും നിരസ്തമായ്
മരണത്തിൻ മുഖമെത്ര ദാരുണം. 120

നരരക്ഷ നിനച്ചു ദുസ്സഹം
നരകോഗ്രവ്യഥയും സഹിച്ചഹോ!
പരിതൃപ്തിയടഞ്ഞിടുന്നിതാ
പരമത്യാഗിവരൻ ജഗദ്ഗുരു. 121

ദുരയാർന്ന മനുഷ്യനീശനെ-
ക്കരുതാഞ്ഞന്നു പിഴച്ചു പാപിയായ്,
അതിനാൽ രുജയാർന്നിടുന്നതാം
നരനായ്ത്തീർന്ന വിശുദ്ധജീവനും. 122

ജനദുഷ്കൃതി നിഷ്കൃതിക്കുതാ-
നലിവുറേറല്ക്കുകയാലിതേവിധം
ജഗദീശ്വരനീതിഭാരവും
പരമാത്മപ്രഭവന്നധീനമായ്. 123

അഴലാം വളമിട്ടുപോററിയി-
ട്ടമലാത്മീയസുഖം വളർത്തിടാൻ
വഴികാട്ടിന യേശു ചൊല്ലുമാ-
മൊഴി മാലാഖകൾ കേട്ടു വിസ്മയാൽ. 124

വെടിയട്ടെ ജനങ്ങളൊക്കെയും
പ്രിയരാം ശിഷ്യരുമജ്ജനിത്രിയും
പരമേശനുമെത്രയാകിലും
ലവമദ്ധീരനിളക്കമില്ലിനി. 125

വളരും വിവശത്വമോതിടും–
പടി വാടും വദനാരവിന്ദവും,
വിളറിത്തളരുന്ന ദേഹവും,
വരളും ചുണ്ടുകളും കലന്നിതാ 126

പരമാത്മസുഖാതിതൃഷ്ണകൊ–
ണ്ടതിയായിട്ടു വരണ്ട ജിഹ്വയാൽ
അരുൾചെയ്തിതു യേശു, ''ദൈവമേ,
പെരുകുന്നു പെരുതാം പിപാസ, മേ'' (യുഗ്മകം) 127

മരണാർത്തി പെരുത്തവന്നുതൻ–
കദനം ഘോരപിപാസതന്നെയാം,
അതുമന്യഹിതത്തിനായ് സഹി–
ച്ചിടുന്നാ ത്യാഗവിധേയനാമിവൻ 128

വരികെന്നരികത്തു ദാഹമു–
ള്ളവരെന്നോതിയ യേശുവല്ലയോ
ജലമേകുവിനെന്നിരന്നതും?
ഗഹനാർത്ഥങ്ങളാം പരന്റെ ലീലകൾ, 129

എവ, നത്ഭുതമപ്പമഞ്ചുകൊ–
ണ്ടുടനയ്യായിരമാളെയൂട്ടിയോ,
എവനന്നു മുതിർന്ന മുന്തിരി–
ദ്രവമായ് മാറ്റി വെറും ജലത്തെയും, 130

എവനക്കിണററിന്നടുത്തുവെ–
ച്ചൊരു നാരീമണിയാൾക്കയെത്തമായ്
അതിഘോരപിപാസ നീക്കുവാ–
നരുളീ സൂക്തിശുഭാമൃതം പുരാ, 131

അവൻ — അത്ഭുതവീര്യനാ മഹാ–
നരുളം ചെയ്യുന്ന പിപാസയെന്തുവാൻ?
അവനാർന്ന പിപാസ പാപിത–
ന്നവനത്തിന്നെഴമാത്മ തൃഷ്ണ താൻ. 132

നരകത്തിനു പാത്രമായിടും–
നരനായ്പ്പാടുപെടുന്ന സജ്ജനം,
അവനെ പ്രതിയോഗിയായ് സ്സദാ–
കരുതീടുന്നതു ഹന്ത! ദുജ്ജനം, 133

''മമ ജീവിതകൃത്യമൊക്കെയും
നിറവേറി'' പുനരെന്നു തമ്പുരാൻ
അരുളം ചെയ്തിതു സ്പഷ്ടമായിടും–
തിരുവാക്യം വരദാനതൽപരൻ 134

ജഗദാദിമുതല സിദ്ധർ പ–
ണ്ടുരചെയ്തീടിന വാക്യമൊക്കെയും
പരിപൂർണ്ണഫലാപ്തിയാർന്നുവെ–
ന്നരുളുന്നോ പരമേശനിങ്ങനെ? 135

അവലംബനമാരുമെന്നിയേ
കുടിലിൽപ്പണ്ടു ജനിച്ച നിസ്സ്വനായ്
കഴിവിന്നൊരു കാരുവൃത്തിയെ–
ങ്കിലുമീശൻ ജഗദേക വന്ദ്യനായ്. 136

വിപിനങ്ങളിലും നടന്നഹോ!
വിവിധോൽകൃഷ്ടവചോമണിവ്രജം
വിതറിപ്പരമാത്ഭുതങ്ങളാ-
ലെവനം ഭക്തിവളർത്തി നിത്യവും. 137

ദുരിതം മനുജർക്കു നീക്കിട്ട-
ന്നതിനും ഹൃത്തടശോധനത്തിനും
അശനം നിരസിച്ചു വാണു പ-
ണ്ടനഘൻ നാല്പതുനാളം നിരാമയൻ 138

ഇതുമെന്നിയെ ജീവികൾക്കെഴും-
പുരുപാപത്തിനു തന്റെ ജീവിതം
ബലിയാക്കിയതോർത്തുതന്നെയോ
പറയുന്നു കൃതകൃത്യനെന്നുതാൻ? 139

കൃതികൾക്കിയലും കൃതാർത്ഥതാ-
നിലയും ശാന്തഗഭീരഭാവവും
കളിയാടി മുഖത്തു വീണ്ടുമാ-
വിശദാത്മപ്രഭ വിസ്ഫുരിക്കയായ്. 140

മരണത്തിനടുത്തു തമ്പുരാൻ
കരണം ചെറ്റു തളർന്നു ചൊല്ലിനാൻ
'പരാമശ! ഭവത് പദങ്ങളിൽ
പൊരിയും പ്രാണനെ വച്ചിടുന്നു ഞാൻ'. 141

പൃതനാധിപനാം 'ശതേശ'നും
കരൾഞെട്ടുംവിധമുള്ളൊരീ മൊഴി
പവനൻ ഗഗനത്തിൽ നിന്നെട-
ത്തുടനേ നാകമണച്ചു സാദരം. 142

പരിപൂജ്യത ചേർന്നൊരാ വച-
സ്സുമ, മാനന്ദ വികാരവായ്പിനാൽ
പുരുഭക്തിനിറഞ്ഞ പാർഷദ-
പ്രവരന്മാർ മുടിചേർത്തു ചൂടിനാർ. 143

ഒരുയാമ, മിവണ്ണമേശുവ-
ക്കരിശിൽത്തന്നെ കിടന്നു സങ്കടം
അതിയായ് പലതും സഹിച്ചുനി-
ശ്ചലനായ് ദിവ്യസുഖാഭിലാഷിയായ്. 144

ഇതുപോൽ നരചിത്തമേന്തിടും-
നിനവും, ഭാവവുമാർന്നൊരീശ്വരൻ
മുഖമൊട്ടു കുനിച്ചു തൽക്ഷണാ-
ലുയിർവിട്ടു; മിഴിക്കൂമ്പി, മന്ദമായ്. 145

ഉടനങ്ങിടിവെട്ടി ഘോരമായ്,
നിലവിട്ടാഞ്ഞലറീ സമുദ്രവും,
ക്ഷിതിഗോളമടിച്ചുടയ്ക്കുവാൻ-
മുതിരുംവണ്ണമുയർന്നു മാരുതൻ. 146

തലചുററി മറിഞ്ഞുവീണുപോയ്
തഴകുംവള്ളിയൊടും തരുവ്രജം,
മൃഗരാജി പകച്ചു പായുമാ-
റലറീ കാററിലുലഞ്ഞ കാടകം. 147

രവിബിംബമുയർന്നവാരിദ-
ച്ഛടയാൽ മൂടി;യിരുണ്ടു പാരിടം,
ഇളകീ മഹി, പർവ്വതാരവ-
ത്തൊടു പൊട്ടിച്ചിതറീ ഭയാനകം. 148

ബലിവേദി മറച്ച ചിത്രമാം-
വസനം കീറിയൊരാരവത്തോടേ,
ഉടനേ, മൃതമണ്ഡപങ്ങളും
കഠിനദ്ധ്വാനമൊടേ പിളന്നുപോയ്, 149

പ്രകൃതീശ്വരിയേറെ രുഷ്ടയായ്
ഖലർതൻ നിന്ദ സഹിച്ചിടായ്കയാൽ,
പ്രതികാരവിധിക്കൊരുങ്ങിനാൾ;
പെരുതാം ദുഷ്ടതയാർ സഹിച്ചിടും? 150

നിലയൊന്നഥ മാറി പിന്നെയും
നിരുപിച്ചോ നിഖിലേശശാസനം
അവനീമുഖമാശു ശാന്തിതൻ-
സുമനോമോഹനനൃത്തരംഗമായ്. 151

നരസംഭൃതപാപപംക്തിതൻ-
പരിഹാരത്തിനു വേണ്ടിയീവിധം
ഉടലും ബലിചെയ്ത നാഥ! നിൻ-
ചരിതം ധ്യേയമെവന്നുമെന്നുമേ. 152

പരനിന്ദയെഴാത്ത ശുദ്ധമാം-
കരളും കായവുമേററ വൈശസം
നിരുപിക്കി, ലതാതതായിയും
പൊരിയാ, തീ, നരകത്തിലീദൃശം 153

അതിരററ സഹിഷ്ണുതയ്ക്കുമ-
ക്കറയേശത്തൊരു യൗവ്വനത്തിനും
മതിയായ നിദർശനം ഭവാൻ
ഗുരുവേ! നിൻസഹനം വിമോഹനം. 154

പ്രണയിച്ച ജനത്തിനൊപ്പമായ്
പ്രണയം നല്കുകിലെന്തു മേന്മയാം,
അണിയിക്കണമാത്മ ശത്രുവെ
പ്രണയത്തുമലരായുത്തമം. 155

വിഹഗോത്തമനാം 'പെലിക്ക' നി–
ക്കരുണാവൃത്തിയെയല്ലമെങ്കിലും
നരർതൻ ഹൃദി ലജ്ജവായ്ക്കുമാ–
റനുവർത്തിച്ചുവരുന്നു നിസ്പൃഹം. 156

അരിയോടു പൊറുക്കുവാൻ കരു–
ത്തരുളേണം കരുണാനിധേ! ഭവാൻ
ക്ഷമയററ മനുഷ്യനൊട്ടമീ-
ക്ഷമയിൽ മാപ്പിനു പാത്രമായിടാ. 157

അവിടുന്നരുളുംചെയ്യൊരന്ത്യമാം–
തിരുവാക്യങ്ങളെ മർത്ത്യകോടികൾ
അണിയുന്നിതു സപ്തരത്ന സം–
ഖചിതം മാലിക, പോലെ സാദരം. 158

പ്രണയപ്രഭയാൽ ജഗത് സുഖ–
പ്രഭവം നൽകരിശേന്തിയാമഹാൻ
പരിപാവനനേശു സേവ്യനായ്
മരുവുന്നൂ, ഭുവനൈക ദീപമായ്. 159

ഭുവി മർത്ത്യനെ മർത്ത്യനാക്കിയും
നരജന്മം കൃതകൃത്യമാക്കിയും
പരിശുദ്ധിയൊടുല്ലസിപ്പതീ–
യനഘത്യാഗമതൊന്നു മാത്രമാം. 160

നദി മന്ദ്രരവത്തിലും മരു-
ത്തനിശം മഞ്ജുളമർമ്മരത്തിലും
കിളി നന്മധുരസ്വരത്തിലും
കളമായ്പ്പാടിവരുന്നു തദ്ഗുണം. 161

അതിശുഭ്രയശഃപതാകത-
ന്നടിയിൽച്ചാരു സുവർണ്ണരേഖയിൽ
എവനുള്ളൊരു നാമമുജ്ജ്വലി-
ച്ചിടുമത്യാഗിവരന്നു കൈതൊഴാം. 162

സ്നേഹത്തിൻ വരദീപമായരികളെ-
    സ്നേഹിച്ചു, മാലോകർ തൻ-
മോഹം നീക്കിയസഹ്യമായ കദനം
    ഘോരം, സഹിച്ചന്ത്യമായ്, 163
ദേഹം ക്രൂശിതമാക്കി, ജീവിത മഹാ-
    യജ്ഞത്തിനാൽ മർത്ത്യരേ
നാകത്തിൽ കരയേററി, യേശു വിജയി-
    ക്കണ്ടു, മഹാത്യാഗിയായ്.

# ടിപ്പണി

വിദ്വാൻ ടി. എം. ചുമ്മാർ.

ശ്ലോകം 1. കാവ്യാരംഭത്തിൽ കവി മംഗളപ്രാത്ഥന ചെയ്യുന്നു ശ്രീയേശു ...മാധുരി = ശ്രീയേശുനാഥൻെറ വദനത്തിൽനിന്നു് ഉൽഗതമായ സൽവാക്യങ്ങളാകുന്ന സപ്തസ്വരങ്ങളുടെ മധുരിമ.

കുരിശാകുമഭൗമഗാനയന്ത്രം = മനുഷ്യൻെറ ആദ്ധ്യാത്മികരക്ഷയ്ക്കാണല്ലോ ക്രിസ്തു കുരിശുമരണം സ്വീകരിച്ചതു്. അതിനാൽ കുരിശിനെ ആദ്ധ്യാത്മിക സംഗീതയന്ത്രമായി രൂപണം ചെയ്തിരിക്കുന്നു.

വൃത്തം:— വസന്തതിലകം. ചൊല്ലാം വസന്തതിലകം ത ഭ ജം ജ ഗം ഗം.

ശ്ലോകം 2. ഭോഗം = ലൗകികസുഖാനുഭവം. സ്പൃഹ = ആഗ്രഹം, അനുക്ഷണം = നിമിഷംതോറും, അമന്ദാനന്ദബാഷ്പാമൃതം = അമന്ദാനന്ദബാഷ്പമാകുന്ന അമൃതം

വൃത്തം:— ശാർദ്ദൂലവിക്രീഡിതം. പന്ത്രണ്ടാൽ മസജം സതംത ഗുരുവു, ശാർദ്ദൂലവിക്രീഡിതം.

3. മഹാത്യാഗിയായ ക്രിസ്തുവിനെ തറയ്ക്കുന്നതിനുള്ള കുരിശ് നാട്ടിയതു് 'ഗാഗുൽത്താ' അഥവാ, 'കാൽവരി' എന്ന മലയിലാണു്. അതിനാൽ ആ മഹാപുരുഷൻെറ കഷ്ടാനുഭവങ്ങൾക്കും സ്വർഗ്ഗാരോഹണത്തിനും സാക്ഷിയായിനിന്ന ആ മലയെ വണ്ടിച്ചുകൊണ്ടു് കാവ്യം ആരംഭിച്ചിട്ടുള്ളതു് കവിയുടെ ഔചിത്യബോധത്തെ വ്യക്തമാക്കുന്നു, അളിനീലതൃണാംബരം = അളിയെപ്പോലെ നീലനിറമായിട്ടുള്ള തൃണാംബരം. തൃണാംബരം = തൃണമാകുന്ന അംബരം. (വസ്ത്രം) അരിയ + ഒരു + അദ്രിയെ = മഹത്തായ ഒരു പർവ്വതത്തെ.

വൃത്തം:— വിയോഗിനി. വിഷമേ സസജം ഗവും സമേ സഭരം ലം ഗുരുവും വിയോഗിനി

4. ഖലർ മാനുഷർ എന്ന പദംകൊണ്ടു കാൽവരിമലയുടെ താഴ്‌വാരത്തിൽ സ്ഥിതിചെയ്യുന്ന 'ജറൂസലം' പട്ടണത്തിലെ നിവാസികളായ യഹൂദജനങ്ങളെ ഉദ്ദേശിക്കുന്നു (അനുസ്മരിപ്പിക്കുന്നു).

5. 'പലസ്തീൻ' രാജ്യത്തിൻെറ തലസ്ഥാനമാണ് 'ജറൂസലേം' പട്ടണം. പ്രസ്തുത പട്ടണത്തിനടുത്തുള്ള 'ബത്‌ലേഹം' എന്ന ഗ്രാമത്തിലാണ് ക്രിസ്തു തിരുവവതാരം ചെയ്തതു്. എങ്കിലും പിന്നീടു വളർന്നതു് 'ജറൂസല' ത്തിൽ തന്നെയാണ്. ഉലകിന്നുടൽ പൂണ്ട് = ലോകത്തെ ഉടലായി സ്വീകരിച്ചുകൊണ്ടു്. നഗോത്തമൻ പർവ്വതശ്രേഷ്ഠൻ.

6. ധരണീധരം = പർവ്വതം. ലോകോദ്ധാരണാർത്ഥം യേശു, സ്വജീവനെ അർപ്പിച്ചതു് ഈ മലയിൽവച്ചായിരുന്നല്ലോ.

7. കാളിമ = കറുപ്പ്. കാകോളം = വിഷം. സന്നിഭം = തുല്യം. ഉദ്ദേശം 3 മണിയോടുകൂടിയാണ് ക്രിസ്തുവിൻെറ മരണം. മരണത്തിനു കുറെ മുൻപുമുതല്ക്കുതന്നെ (ഉച്ചയോടുകൂടി) അന്തരീക്ഷത്തിൽ വലിയ ഭാവഭേദമുണ്ടായതായിട്ടാണ് ബൈബിളിൽ പറയുന്നതു്. ആ അവസ്ഥയാണ്, അടുത്ത 4 പദ്യങ്ങളിലെ വർണ്ണനാവിഷയം.

8. ഘനഗർജ്ജനം = ഇടിമുഴക്കം. മേഘനാദത്തെ ഘോരാട്ടഹാസമായും, മിന്നലിനെ കരവാളവീശലായും രൂപണം ചെയ്തിരിക്കുന്നു.

9. അതിഭീതിദൻ = അതിഭയത്തെ നല്കുന്നവൻ. മഹീതടം = ഭൂതലം.

10. ക്രിസ്തുവിൻെറ മരണസമയത്തു് ഉച്ചസ്ഥനായ സൂര്യൻ ഇരുളുകയും ഭൂമി വിറയ്ക്കുകയും ചെയ്തുവെന്നാണ്, ഐതിഹ്യം.

11. ദ്യുതി = ശോഭ. താരകപ്രഭം = നക്ഷത്രങ്ങളുടെ ശോഭയോടു കൂടിയതു്. ദീപ്തി = പ്രഭ.

12. മഹസ്സ് = പ്രകാശം — ഇവിടെ ക്രിസ്തുവിൻെറ മുഖതേജസ്സ്. വിണ്ണിൻനില = സ്വർഗ്ഗസ്ഥിതി. മതി = ബുദ്ധി. പരിശാന്തി = പൂർണ്ണസമാധാന.

13. പ്രഭാചയം = ശോഭാസമൂഹം. കവി, കുരിശിൻെറ സമീപത്തേക്കു കുറച്ചുകൂടി അടുക്കുന്നു. പുരുഷാകാരമെട്ടത്തു് = പുരുഷാകൃതിയോടുകൂടി.

14. താപാഗ്നി തട്ടി കറ നീങ്ങിയ ഭക്തചിത്തമാകുന്ന തനിസ്വർണ്ണംകൊണ്ടു നിർമ്മിച്ച രൂപമായിരിക്കുമോ എന്നു് യേശു ഉൽപ്രേക്ഷിക്കപ്പെടുന്നു. കല്മഷം = പാപം.

15. അഭൗമസദ്ഗുണവ്രജം = സ്വർഗ്ഗീയമായ സദ്ഗുണസമൂഹം. അവധാനം = ശ്രദ്ധ. ദൈവതം = ദൈവം.

16. ഈശപാർഷദാവലി = ഈശ്വരൻെറ പരിജനങ്ങൾ (മാലാഖമാർ).

17. അമലപ്രേമഗുണൈകധാമം = പരിശുദ്ധമായ സ്നേഹഗുണത്തിന് ഒരേ ഒരു ഇരിപ്പിടമായിട്ടുള്ളതു്, പാദപയോജം = കാൽത്താമര. പൂതം = പരിശുദ്ധം. പങ്കിലം = അഴുക്കുള്ളതു്.

18. യേശുവിൻെറ മുഖകമലം കണ്ടതോടെ കവിയുടെ കണ്ണുകൾക്കു കുളർമ്മ സിദ്ധിച്ചു കഴിഞ്ഞു. മദീയം = എൻേറതു്. ശീതളബാഷ്പധാര = തണുത്ത കണ്ണുനീരിൻെറ ധാര.

19. ക്രിസ്തു കുരിശിൽ തൂങ്ങിക്കിടക്കുകയാണെന്നുള്ള വസ്തുത കവി കാണുന്നു.

20 പ്രണയൈകരസാർദ്രൻ = പ്രണയരസത്താൽ അലിവുള്ളവൻ. കവിക്കു് തൻെറ കണ്ണുകളെത്തന്നെ വിശ്വാസമില്ലാതായിത്തീരുന്നു.

21. കുരിശിൻകൽസിതസംഗം — ക്രിസ്തുവിൻെറ കാലംവരെ കുരിശുമരണം വളരെ നിന്ദ്യമായിട്ടാണു കരുതിയിരുന്നതു്.

22. ഉപകാരശതങ്ങൾ = അനേകം ഉപകാരങ്ങൾ. ശതം = നൂറ് ഇവിടെ അനേകമെന്നർത്ഥം. കളർ ...മറപ്പതില്ലയോ? = ഭൂമിക്കു ചന്ദ്രൻ എപ്പോഴും കുളർകാന്തി നല്കിക്കൊണ്ടിരിക്കുന്നു; എന്നിട്ടും ആ ചന്ദ്രനെത്തന്നെ ഭൂമിയുടെ ച്ഛായയാണല്ലോ മറയ്ക്കുന്നതു്.

23. 23 മുതൽ 28 വരെ ശ്ലോകങ്ങൾ കുരിശിലെ ക്രിസ്തുദേവൻെറ ഒരു ചിത്രമാണ്. രുചിരശ്മശ്രു = രുചിരമായ ശ്മശ്രു. ശ്മശ്രു = മുഖരോമം. നേത്രയുഗ്മം = ഇരുകണ്ണുകൾ.

24. അംസം = തോൾ.

25. കുക്ഷി = ഉദരം.

26. പാദപത്മം = കാലാകുന്ന താമര. പാദപത്മം എന്നു പ്രയോഗിച്ചതുകൊണ്ടു്, ആണിതറച്ചതിൻെറ ക്രൂരതയെ വദ്ധിപ്പിച്ചു കാണിക്കുന്നു.

28. പാപസംഹതി — പാപസമൂഹം.

29. 26 മുതൽ 31 വരെയുള്ള ശ്ലോകങ്ങളെ ചേർത്തന്വയിക്കേണ്ടതാണു്. കുരിശിൽ കിടക്കുന്ന ക്രിസ്തുവിൻെറ മുഖചന്ദ്രനിൽ തൃപ്തി, ചിന്ത, കൃതകൃത്യത എന്നീ മൂന്നു പ്രത്യേകഭാവങ്ങൾ കളിയാടുന്നതായി പ്രസ്തുത മൂന്നു പദ്യങ്ങളിൽ വർണ്ണിച്ചിരിക്കുന്നു.

31. തദാനനേന്ദു = ആ മുഖചന്ദ്രൻ.

32. മരണക്കൊടുശയ്യ = മരണത്തിൻെറ ഭയങ്കരമായ ശയ്യ മഹിതത്യാഗമഹാനിദർശനം = ശ്രേഷ്ഠമായ ത്യാഗത്തിന് അത്യുത്തമമായ ഉദാഹരണം.

33. അമലത്യാഗ മഹാദ്ധ്വരവ്രതൻ = അമലത്യാഗമാകുന്ന മഹാദ്ധ്വരത്തിങ്കൽ നിഷ്ഠയോടുകൂടിയവൻ, അദ്ധ്വരം = യാഗം.

34. ഭൗതികസുഖം ക്ഷണഭംഗുരവും ദുഃഖത്തിൽ അവസാനിക്കുന്നതുമാകുന്നു. അതിനാൽ അതു് കാമ്യമോ അഭിനന്ദനീയമോ അല്ല. നരച്ചനാളിലും—മനുഷ്യൻ ജരാനരകളാൽ പീഡിതനായി,

സുഖാനുഭവങ്ങൾക്കു ശക്തിയില്ലാതായിത്തീരുന്ന വാർദ്ധക്യത്തിൽപ്പോലും. ഭംഗുരം = നശിക്കുന്നതു്. ഭൗതികം = ശാരീരികം, ലൗകികം.

35. സതതോദ്ഗളദസ്രം = എല്ലായ്പോഴും ഉദ്ഗളത്തായിരിക്കുന്ന (ഒഴുകിക്കൊണ്ടിരിക്കുന്ന) അസ്രത്തോടു—ചോരയോടു—കൂടിയതു്, ക്ഷതം = മുറിവ്, വ്രണം.

36. ക്രിസ്തുവിന്റെ ശരീരത്തിൽ ആണി അടിച്ചുകയററിയിരിക്കുന്ന കാഴ്ച കണ്ടിരുന്നുവെങ്കിൽ ഇരുമ്പുകൂടി അലിഞ്ഞുപോകുമായിരുന്നു എന്നു പറയുന്നതുകൊണ്ടു് അത്രയ്ക്കു ദുസ്സഹവും മർമ്മഭേദകവുമായിരുന്നു ആ ക്രൂരകർമ്മം എന്നു വെളിപ്പെടുന്നു.

37. പരിപാവനന്റെ — ക്രിസ്തുവിന്റെ—ഹൃദയരസമാകുന്ന മഷികൊണ്ടു് ഈ വൃത്തം—ചരിത്രം —കുരിശിൽ കുറിച്ചുവെന്നുഭാവം.

38. മിഴിയേ ... തേരുമേ = കവിതാ പാരായണത്തിൽ പരിതാപം പ്രകടിപ്പിച്ചതുകൊണ്ടു മാത്രമായില്ലെന്നും, കുരിശിലെ ക്രിസ്തുവിനെ അനുസ്മരിച്ചും, അനുതപിച്ചും, വിലപിച്ചും സ്വമനോവികാരത്തെ പ്രകടിപ്പിക്കേണ്ടതാണെന്നുംകൂടി ധ്വനിപ്പിക്കുന്നു.

39. അന്ധതമൻ = ഏററവും അന്ധനായയവൻ. അമലസ്നേഹസുവർത്തി ദീപ്തി = അമലമായ സ്നേഹത്തോടുകൂടിയ സുവർത്തി ദീപ്തി. സുവത്തി = നല്ല തിരി, നല്ലപോലെ വർത്തിക്കുന്ന എന്നും. ക്രിസ്തു പൊൽകുടമായും സുവത്തി ദീപ്തിയായും രൂപണം ചെയ്യപ്പെട്ടിരിക്കുന്നു.

40. യദൃച്ഛജനങ്ങളെ ഭർത്സിക്കുന്നു. മിത്രമഹോദയം = മിത്രന്റെ (സൂര്യന്റെ) മഹോദയം എന്നും, മിത്രത്തിന്റെ (ബന്ധുവിന്റെ) മഹോദയമെന്നും അർത്ഥം. ഇവിടെ മിത്രമഹോദയം ലോകബാന്ധവനായ ക്രിസ്തുവിന്റെ അവതാരമായി സങ്കൽപ്പിക്കപ്പെട്ടിരിക്കുന്നു. ദുരന്തദുർമ്മദം = ദുഃഖപ്രദമായ ദുരഹങ്കാരം.

41. ഇടർ = ദുഃഖം. അതീവകർക്കശം = ഏററവും കഠിനമായിട്ടുള്ളതു്.

42. കലിശ + ഉഗ്രമാനസർ = കലിശോഗ്രമാനസർ = കലിശം—വജ്രായുധംപോലെ ഉഗ്രമായ—ഭയങ്കരമായ—ഹൃദയത്തോടു കൂടിയവർ.

43 മുതൽ 3 ശ്ലോകത്താൽ പാദവർണ്ണനം ചെയ്യുന്നു. മറിയം = മഗ്ദലനമറിയം.

ആത്മനി = ആത്മാവിൽ. ശാന്തിസൗരഭം = ശാന്തിയാകുന്ന സൗരഭം. നറുമത്തർ = നല്ല അത്തർ (ഒരുമാതിരി സുഗന്ധദ്രവ്യം).

44. ക്രിസ്തു സ്വശിഷ്യന്മാരൊന്നിച്ച് ഗലീലക്കടലിൽ സഞ്ചരിക്കവേ, കടൽ പെട്ടെന്നു പ്രക്ഷുബ്ധമായി പരിണമിച്ചു. അപ്പോഠം ശിഷ്യന്മാർ വിശ്വാസരഹിതരായിത്തീർന്നുതുടങ്ങി. ഉടൻ ക്രിസ്തു ആ കടലിൽക്കൂടി നടന്നുകാണിച്ച് അവരുടെ തരളിതമായ വിശ്വാസത്തെ സുദൃഢമാക്കി; ഇതാണ് സൂചിതം. ദൃഢ ... കല്പകം = ഉറച്ച ഭക്തിനിമിത്തം വിശിഷ്ടമായി, അതിസ്ഫുടമായ വിശ്വാസത്തെ പ്രദാനം ചെയ്ത കല്പവൃക്ഷം.

45. വിഗതാഭം = ശോഭ മങ്ങിയതു്. രുധിരത്തിലാപ്ലുതം = രക്തത്തിൽ കുളിച്ചതു്—മുഴുകിയതു്.

46. രുജ = ദുഃഖം. പാപമാകുന്ന ചളിക്കണ്ടിൽനിന്നും ലോകത്തെ ഉദ്ധരിക്കുവാൻ ശ്രമിച്ചതാണല്ലോ അദ്ദേഹം ചെയ്ത തെററ്.

47. വിപാകം = ഫലം. നല്ല മാർഗ്ഗങ്ങളിൽ പ്രായേണ മുള്ളു നിറഞ്ഞിരിക്കുന്നതായി കാണുന്നു—അതായതു് പരിശുദ്ധമായ ജീവിതസരണി ക്ലേശങ്ങളോടുകൂടിയതാണെന്നു ഭാവം.

48. മഞ്ജുഭൂഖേന്ദുമണ്ഡലം = മനോഹരമാകുന്ന ചന്ദ്രമണ്ഡലം.

49. ക്രിസ്തുവിനെ തറച്ചിരുന്ന കുരിശിൻമുകളിൽ 'യഹൂദന്മാരുടെ രാജാവായ നസ്രായക്കാരൻ ഈശോ ഇവനാകുന്നു' എന്നൊരു വാക്യം എഴുതിച്ചേർത്തിരുന്നു. എന്നാൽ അതു ശരിയായ

വാക്യമല്ലെന്നു കവി അധിക്ഷേപിക്കുന്നു. നിഖിലൈകനാഥനായ ക്രിസ്തുവിനെ ലോകത്തിലെ ഒരു ജനവിഭാഗത്തിൻെറ—നാഥനായിമാത്രം കല്പിക്കുന്നതു് യഥാർത്ഥത്തിൽ ഒരു ന്യൂനതയാണല്ലോ. അരിവൃന്ദം = ശത്രുസമൂഹം.

50 മുതൽ 53 വരെ പദ്യങ്ങളിൽ മുൾക്കിരീടം വർണ്ണിക്കപ്പെടുന്നു. അന്വയം = വംശം. വിഭു = പ്രഭു. അജ്ഞന്മാരുടെ പ്രവൃത്തിയെപ്പററി ചിന്തിച്ച് ഉള്ളുപൊള്ളുന്ന സ്ഥിതിക്കു മുള്ളുകൊണ്ടു ശിരസ്സും വേദനിക്കേണ്ടതുതന്നെ എന്നു സാരം.

51. ലോകസേവനത്തിനു മുതിർന്ന ക്രിസ്തുവിൻെറ നേരെ ചിലർക്കുണ്ടായ അസൂയയുടെ ഫലമായിട്ടാണല്ലോ അദ്ദേഹത്തെ മുൾക്കിരീടം ധരിപ്പിച്ചതു്.

52. 50-ാം ശ്ലോകത്തിൻെറ ഒരു വിശദീകരണമാണിതു്.

53. മഹിതത്യാഗ.....ചിഹ്നം = ശ്രേഷ്ഠമായ ത്യാഗത്തിൻെറ ഒരേ ഒരു വിജയചിഹ്നം.

54. ശുഭദായകഹസ്തയുഗ്മം = മംഗളത്തെ ദാനം ചെയ്യുന്ന കൈകൾ രണ്ടും.

55. കുരിശിൻകൈകളിൽ ഇരുകരങ്ങളേയും നീട്ടി അല്പം കുനിഞ്ഞുള്ള ശിരസ്സോടെ കുരിശിൽ കിടക്കുന്ന ക്രിസ്തുവെ കണ്ടാൽ ഏതാണ്ടു പറക്കാനൊരുങ്ങുന്ന പക്ഷിയുടെ ഒരു ഭാവപ്രതീതി ഉണ്ടാകാവുന്നതാണ്.

56. പിതൃ ...കോടി = പിതാവ്, പുത്രൻ, പവിത്രാത്മാവ് എന്നിങ്ങനെ ജഗദീശ്വരനെ മൂന്നായി വിഭജിച്ചിട്ടുള്ള വേദാന്തതത്വഭാഗം. ഹിന്ദുമതത്തിൽ സൽഗ്ഗുണബ്രഹ്മത്തിനു ത്രിമൂർത്തീഭാവഭേദം കല്പിച്ചിട്ടുണ്ടല്ലോ.

57. അവതീർണ്ണൻ = അവതരിച്ചവൻ

58. ആദവും അവ്വയുമാണ് ക്രിസ്തീയ വിശ്വാസപ്രകാരം ആദ്യമനുഷ്യർ 'പറുദീസ' എന്ന ഉദ്യാനത്തിൽ ജീവിച്ചിരുന്ന അവരോട് ഒരു വൃക്ഷത്തിന്റെ ഫലം മാത്രം ഭക്ഷിക്കരുതെന്നു ദൈവം കല്പിച്ചിരുന്നു. ആ വൃക്ഷത്തിനു വേദത്തിൽ 'അറിവിന്റെ വൃക്ഷം' എന്നാണ് പറയുന്നതു്.

59. പൂർവ്വാർദ്ധത്തിൽ അലങ്കാരം വിഷമം. ഉത്തരാർദ്ധത്തിൽ പ്രകൃതത്തെ സമർത്ഥിക്കുന്നതിനാൽ അർത്ഥാന്തരന്യാസം.

60. സുധാകലശം = അമൃതകുംഭം. സുരാഘടകങ്ങൾ = മദ്യകുംഭങ്ങൾ

61. നിധാനം = നിക്ഷേപം.

62. അഥവാ ജഗത്പ്രഭു വഴിതററി........വിരഞ്ഞണവോനാണ് എന്നന്വയം.

63. രാജ്യതന്ത്രം ദുർമ്മതാന്ധന്മാരായ ആളുകളുടെ അധീനത്തിലാണ് നിലകൊള്ളുന്നതു്. അതു പലപ്പോഴും നീതിയുടെ ഗളച്ഛേദം ചെയ്യുകയുമാണ് പതിവ്. ക്രിസ്തുവിന്റെ വധം തന്നെ ഒരു ദൃഷ്ടാന്തമാണല്ലോ.

64. ക്രിസ്തുവിന്റെ മരണസമയത്തു് ശത്രുക്കളെക്കൂടാതെ സ്വമാതാവും ചില സ്ത്രീകളും യോഹന്നാനെന്ന ശിഷ്യനും മാത്രമേ അടുത്തുണ്ടായിരുന്നുള്ളു.

65. ഖലജിഹ്വ = ദുഷ്ടന്റെ നാക്ക്. ശ്രുതി = ശ്രോത്രമെന്നും ശാസ്ത്രമെന്നും.

66 മുതൽ 69 വരെ പദ്യങ്ങൾ യഹൂദരിലൊരാൾ ക്രിസ്തുവിനെ അധിക്ഷേപിച്ചു പറയുന്നതാണ്. ഇങ്ങനെയുള്ള പല അത്ഭുതങ്ങൾ പ്രവർത്തിച്ച നിനക്ക് ഇപ്പോൾ ആ ശക്തി നഷ്ടപ്പെട്ടതെങ്ങനെയെന്നും മററും അന്തർഗ്ഗൂഢം. യമദംഷ്ട്രകളാകുമാണികൾ = കാലന്റെ കോമ്പല്ലാകുന്ന ഇരുമ്പാണികൾ. ത്രപ = ലജ്ജ.

70. സരളത_ം = ഭംഗി.

71. ചരമമുഹൂർത്തത്തിൽ ക്രിസ്തു അരുളിച്ചെയ്യുന്ന സപ്ത വാക്യങ്ങളിൽ ഒന്നാമത്തേതാണിതു്.

72. പ്രതിയോഗികരം = ശത്രുക്കരം. സൂക്തി—നല്ലവാക്ക്. അനവദ്യം—കുററമററതു്, നിർമ്മലം.

73. മനുജോത്തംസം = മനുഷ്യന്റെ ശിരോലങ്കാരം. ചരാചരങ്ങരംക്കുണ്ടായ ആനന്ദാദിവികാരങ്ങളുടെ വർണ്ണനമാണ് അടുത്ത 6 പദ്യത്തിലുള്ളതു്.

74. മഞ്ജുസ്മിതം = മനോഹരമായ പുഞ്ചിരി.

75. ഭ്രമരങ്ങരം = വണ്ടുകരം. വല്ലരീനികരം = ലതാസമൂഹം.

76. തരുശാഖകരം = വൃക്ഷക്കൊമ്പുകരം. തത്ര = അവിടെ.

77. മനോജ്ഞം = മനോഹരം. നിസ്വനം = ശബ്ദം. നിസ്തുല്യം = തുല്യമററതു്.

78. ദിശകരംക്കു മുഖം പ്രസന്നമായ്—ദിക്കുകളുടെ മുഖം തെളിഞ്ഞു. ജലദങ്ങരം = മേഘങ്ങരം.

79. അപകാരപരൈകചിന്ത = ഉപദ്രവം ചെയ്യണമെന്നുള്ള ഏകവിചാരം. ഘാതകാധമർ = നികൃഷ്ടന്മാരായ കൊലപാതകന്മാർ.

80. പരദൃഷ്ടി = ശത്രുവിന്റെ കണ്ണു്. വധ്യർ = വധിക്കപ്പെടേണ്ടവർ. അനുകമ്പ്യർ = അനുകമ്പയെ അർഹിക്കുന്നവർ.

81. പ്രതികാരപരങ്ങരം = പ്രതിക്രിയാ(പകരത്തിനു പകരം ചെയ്യു) പരങ്ങരം കണ്ണിനു കണ്ണു്, മൂക്കിനുമൂക്ക് എന്നിങ്ങനെയുള്ള മൃഗീയ നിയമങ്ങളായിരുന്നു അക്കാലത്തെ ലോകം പഠിച്ചു ആദരിച്ചു വന്നതു്. അതിമാനുഷം = ദൈവികം.

82. നരമാനസദീപം = മനുഷ്യമനസ്സാകുന്ന വിളക്ക്. സ്നേഹ മനസ്സ് = സ്നേഹമാകുന്ന പ്രകാശം; സ്നേഹത്തിന്റെ പ്രകാശമെന്നും. സ്നേഹത്തിനു മനുഷ്യപക്ഷത്തിൽ പ്രേമമെന്നും ദീപപക്ഷത്തിൽ എണ്ണയെന്നും.

83. അതിൽനിന്നു് = പ്രേമചിത്തത്തിൽനിന്നു്. സകലാസ്യദായകം = എല്ലാ മൂഢതകളേയും ഉളവാക്കുന്നതു്.

85. കരുണാമൃതധാര = കാരുണ്യമാകുന്ന അമൃതിന്റെ ഒഴുക്കു്. അപ്പൊരുരം = ആ വിശിഷ്ടമായ ആശയം (വേദാന്തം).

86. മൃദുവർണ്ണമെഴുന്ന = സൗമ്യങ്ങളായ അക്ഷരങ്ങൾ ചേൎന്ന വാക്സ്വരൂപമായ പുത്തൻപൂമാലയിലെ പൂക്കളായി മൃദുവർണ്ണങ്ങളെ കല്പിച്ചിരിക്കുന്നു. 71-ാമത്തെ ശ്ലോകത്തിൽ വിവരിച്ചവണ്ണം ക്രിസ്തുവിന്റെ മൃദുവചസ്സുകേട്ട് ആർദ്രമനസ്കനായിത്തീർന്ന വലതുഭാഗത്തെ കള്ളന്റെ മുഖത്തു പ്രസാദവും ശരീരത്തിൽ രോമാഞ്ചവുമുണ്ടായി എന്നു സാരം.

88. അവിവേകധനസ്സ് = അവിവേകമാകുന്ന വില്ല്. ദക്ഷിണവർത്തിതസ്കരൻ = വലത്തുഭാഗത്തു സ്ഥിതിചെയ്യുന്ന കള്ളൻ. അയാറം ഉപദേശിക്കുന്നതാണ് അടുത്ത മൂന്നു ശ്ലോകം.

89. പരൻ = ഈശ്വരൻ. ഖണ്ഡനം = പീഡനം.

90. അപരാധലവം = അല്പമായ അപരാധം.

93. ഉഴലുക = കഷ്ടപ്പെടുക. കീടസമാനർ = പുഴുവിനു തുല്യമായവർ.

94. ശുഭ്രഗോക്കൾ = നിർമ്മലരശ്മികൾ. അഹരന്ധമൂകം = പകലിൽ കണ്ണുകാണാത്തുള്ള മൂങ്ങ.

95. ആകരം = രത്നാദികൾ വിളയുന്ന നില.

96. വലത്തുഭാഗത്തെ കള്ളൻ ബാല്യത്തിൽ ഒരു കുഷ്ഠരോഗിയായിരുന്നു. ശത്രുഭയം നിമിത്തം മേരി ശിശുവായ യേശുവിനേയും

കൊണ്ടു ദേശാന്തരഗമനം ചെയ്യവേ, ഈ കള്ളന്റെ ഭവനത്തിൽ ഒരു ദിവസം വിശ്രമിക്കാനിടയായിട്ടുണ്ടു്. യേശുവിനെ കുളിപ്പിച്ച ജലത്തിൽ വലത്തുഭാഗത്തെ കള്ളനെ അവന്റെ മാതാവ് അന്നു സ്നാനം ചെയ്യിക്കുകയുണ്ടായി. അങ്ങനെ അവന്റെ ഉടൽ പണ്ടേ ശുദ്ധിയുള്ളതായിത്തീർന്നു. ഇപ്പോഠം പ്രസ്തുത വാക്യശ്രവണം മൂലം മനസ്സും സംസ്കൃതമായി.

96—99. വലത്തുഭാഗത്തെ കള്ളന്റെ യേശുവിനോടുള്ള അനുതാപവചസ്സുകളാണ്. കുപഥം = ദുർമ്മാർഗ്ഗം. ആർജ്ജിക്കുക = സമ്പാദിക്കുക. വിശുദ്ധദിവ്യഭ്രുവലയം = സ്വർഗ്ഗം. ഭവൽപദസേവാപരൻ = അങ്ങയുടെ കാലടികളെ പണിയുന്നതിൽ താൽപ്പര്യമുള്ളവൻ.

100. ആത്തഗദ്ഗദം = ഉണ്ടായ ഗദ്ഗദസ്വരത്തോടുകൂടി. അസ്പഷ്ടതരാക്ഷരങ്ങളാൽ = അവ്യക്തവർണ്ണങ്ങഠംകൊണ്ടു്.

101. നിഖിലാഘനാശനൻ = സകല പാപങ്ങളും സംഹരിക്കുന്നവൻ.

102. കള്ളനെ അനുഗ്രഹിച്ചു പറയുന്ന ഈ ഭാഗം, ക്രിസ്തു കുരിശിൽ കിടന്നുകൊണ്ടു് അരുളിച്ചെയ്യുന്ന സപ്തവാക്യങ്ങളിൽ രണ്ടാമത്തേതാണ്.

103. ശുഭ... സേവ്യം = ഉത്തമരായ സഭാജനങ്ങളാൽ മാത്രം സേവിക്കപ്പെടുവാൻ യോഗ്യമായുള്ളതു്. വിശങ്കം = ശങ്ക—സംശയം—കൂടാതെ.

104. ഭാവശുദ്ധി = വികാരശുദ്ധി. ത്രിദിവാർഹൻ = മോക്ഷത്തിന്നു് അവകാശി.

105 പത്രോസു തുടങ്ങിയ വിശ്രുതശിഷ്യർപോലും ക്രിസ്തുവിന്റെ ദൈവത്വത്തിൽ സംശയിച്ചിട്ടുണ്ടു്. കള്ളനാകട്ടെ, അപ്രകാരം ചെയ്യാത്തതിനാൽ അവരേക്കാഠം വിശിഷ്ടശിഷ്യനായിത്തീർന്നുവെന്നു ഭാവം.

106. ഹൃദി = ഹൃദയത്തിൽ. പശ്ചാത്താപമാണല്ലോ എല്ലാ പാപത്തിനുമുള്ള പ്രായശ്ചിത്തം.

107. ''ഇന്നു നീ എന്നോടുകൂടി സ്വർഗ്ഗത്തിലിരിക്കും''മെന്നുള്ള ക്രിസ്തുവിൻെറ മെല്ലപറഞ്ഞ വാക്യത്തെ അനുസ്മരിച്ച് കള്ളൻെറ ആത്മാവ് സ്വർഗ്ഗത്തിലേക്കുയരുന്നതായി കവി ഭാവനാദ്വാരാ ദർശിക്കുന്നു.

108—109. മൂന്നാമത്തെ വാക്യം അമ്മയായ മേരിയോടും പ്രിയശിഷ്യനായ യോഹന്നാനോടുമായി അരുളിച്ചെയ്യുന്നു: ''അല്ലയോ മാതാവേ, ഇന്നുമുതൽ ഭവതിയുടെ പുത്രൻ ഞാനല്ല, ഇവനാകുന്നു. പ്രിയശിഷ്യാ, ഈ നില്ക്കുന്നതു നിൻെറ അമ്മയാണെന്നു നീ വിസ്മരിക്കാതിരിക്കുക''.

110. സാന്ത്വന+ഉക്തി = സാന്ത്വനോക്തി = സമാധാന വാക്ക്. സംസ്കൃതസ്വരസന്ധി. ഉല്ക്കടവ്യഥാഹതം = വർദ്ധിച്ച ദുഃഖത്താൽ തളർന്നതു്. തദീയമാനസം = അവളുടെ ഹൃദയം.

111. പ്രസവത്രീഹൃദയം = മാതാവിൻെറ ഹൃദയം, തണുത്ത കാററടിക്കുമ്പോഴും അഗ്നി വർദ്ധിക്കുന്നതല്ലാതെ നശിക്കുന്നതല്ലല്ലൊ.

112. അതനുപ്രിയം = അനല്പമായ സ്നേഹം. ക്ഷതി = നാശം.

113. കന മെയ് = തങ്കംപോലെ ശോഭിക്കുന്ന അന്യൻെറ ശരീരം; ഈശ്വരൻെറ ശരീരമെന്നും. അനവദ്യം = നിർമ്മലം. ആത്മജർ = മക്കൾ.

114. മഹി....ൻ = മഹിതവും ഉദാരവും ആയ ഗുണങ്ങൾക്ക് ആകര—ഇരിപ്പിട—മായിട്ടുള്ളവൻ. പരൻ—ഈശ്വരൻ. തത്+വിയോഗമാൽ = ആ വേർപാടിനാലുള്ള ദുഃഖം.

115. മേരിയുടെ ലോകോത്തരമായ നിലയെ അനുസ്മരിപ്പിക്കുന്നു.

116. നിജ ......ണ്ഡം = ഭൂതനിർമ്മിതമായ തന്റെ ശരീരം. പൗരസ്ത്യശാസ്ത്രമനുസരിച്ച പഞ്ചഭൂതനിർമ്മിതമാണ് ശരീരം. ബഹു .. ൽ = നാനാവിധത്തിൽ മർമ്മസ്ഥാനങ്ങളെ പിളർക്കുന്നതായ ദുഃഖത്താൽ.

117. സപ്തവാക്യങ്ങളിൽ നാലാമത്തേതു്.

118. ക്രിസ്തുവിന്റെ ശരീരാസ്വാസ്ഥ്യം വർണ്ണിക്കുന്നു.

119. അനല ...ഗതികൾ = അഗ്നിജ്വാലയുടെ മേലോട്ടുള്ള ഉയർച്ചയ്ക്കു്.

120. ലോകത്തിനുവേണ്ടി ക്രിസ്തു തന്റെ പിതാവിനെപ്പോലും ത്യജിക്കാൻ സന്നദ്ധനായിരുന്നുവെന്നുഭാവം.

121. നാരകോഗ്രവ്യഥ = നാരകീയമായ കഠിനദുഃഖം.

122. അന്നു—വിലക്കപ്പെട്ട കനി അവ്വാ തിന്ന ദിവസമെന്നു സാരം.

123. ജന ...തി = ജനങ്ങളുടെ ദുഷ്കർമ്മത്തിനു പ്രായശ്ചിത്തം. പരമാത്മപ്രഭവൻ = പരമാത്മാവിൽനിന്നു ജനിച്ചവൻ (ക്രിസ്തു)

124. അമലാത്മീയസുഖം = പരിശുദ്ധമായ ആത്മസുഖം.

127. പരമാത്മസുഖാതിതൃഷ്ണ = കരിശുമരണംമൂലം അവതാരോദ്ദേശം സാധിച്ച് പരമാത്മസവിധമെത്തി ആനന്ദമനുഭവിപ്പാനുള്ള അഥവാ പാപികളായ മർത്ത്യരുടെ ആത്മാക്കൾ രക്ഷപ്പെട്ടു മുക്തിയനുഭവിക്കണമെന്നുള്ള ആഗ്രഹമെന്നുമാവാം.

128. ഘോരപിപാസ = ഭയങ്കരമായ വരൾച്ച.

129. 'ദാഹിക്കുന്നവർ എന്റെ അടുക്കൽ വരട്ടെ' എന്നു ക്രിസ്തു ഒരിക്കൽ ജനതയോടു പറഞ്ഞിട്ടുണ്ടു്.

130. ഒരിക്കൽ ക്രിസ്തു വിശപ്പുകൊണ്ടു വിവശരായിരുന്ന അയ്യായിരം ജനങ്ങളെ അഞ്ചപ്പം വിഭജിച്ചുകൊടുത്തു സംതൃപ്തരാക്കി. അത്ര തന്നെയുമല്ല, അവർ ഭുജിച്ചു തൃപ്തിയടഞ്ഞശേഷം അപ്പം ബാക്കിവരുകയും ചെയ്തു.

മറെറാരവസരത്തിൽ യേശു, മാതാവായ മേരിയോടൊരുമിച്ചു കാനാൻ എന്ന ദേശത്തു് വിരുന്നുപോയിരുന്നു. വിരുന്നിന്റെ മദ്ധ്യത്തിൽ പാനീയദ്രവ്യമായിരുന്ന വൈൻ മുഴുവൻ തീർന്നുപോയി. ആതിഥ്യകാരി കണക്കിലധികം പരിഭ്രമിച്ചുവശായി. ഈ അവസരത്തിൽ മേരി, പുത്രനായ യേശുവിനോട് വീട്ടുടമസ്ഥനെ സഹായിക്കണമെന്നു് ആവശ്യപ്പെട്ടു. അതനുസരിച്ചു തന്റെ അത്ഭുതശക്തിയാൽ പച്ചവെള്ളത്തെ മുന്തിരിച്ചാറാക്കി പകർത്തുകയും ചെയ്തു.

131. കിണററിനടുത്തുവെച്ചു് ഒരു സ്ത്രീയോട് 'നിനക്കു ഞാൻ ജീവന്റെ ജലം തരാം' എന്നു പറഞ്ഞിട്ടുള്ളതിനെ സൂചിപ്പിച്ചിരിക്കുന്നു.

132. ഏകതാനത = ഏകാഗ്രത്വം. ക്രിസ്തുവിന്റെ ദാഹം ദൈഹികമെന്നതിനേക്കാൾ ആത്മീയമായിരുന്നുവെന്നു ഭാവം.

133. പ്രതിയോഗി = ശത്രു.

134. ആരാമത്തെ വാക്യം; പ്രവാചകന്മാർ ക്രിസ്തു അവതരിക്കുമെന്നും ഇന്നയിന്ന സംഭവങ്ങൾ എല്ലാം ഉണ്ടാകുമെന്നും മുമ്പേ പറഞ്ഞിട്ടുണ്ടു്.

ക്രിസ്തുവിന്റെ ജീവിതത്തിലെ പ്രധാനരംഗങ്ങളെ അനുസ്മരിപ്പിക്കുന്നു. നിസ്വൻ = ദരിദ്രൻ. കാരുവൃത്തി = ആശാരിത്തൊഴിൽ.

137. യേശു, ലോകത്തിനു ധർമ്മോപദേശങ്ങൾ ചെയ്തു നടന്നതിനേയും, അത്ഭുതങ്ങൾ പ്രവർത്തിച്ചുവന്നതിനേയും അനുസ്മരിപ്പിക്കുന്നു.

138. ക്രിസ്തു 40 ദിവസം താബോർ മലയിൽ നിരാഹാര വ്രതം അനുഷ്ഠിച്ചു.

139. കൃതകൃത്യൻ—134-ാമത്തെ ശ്ലോകത്തിൽ "മമജീവിത കൃത്യമൊക്കെയും നിറവേറി" എന്നു പറഞ്ഞിട്ടുണ്ടല്ലോ. അതിനെ അനുസ്മരിപ്പിക്കുന്നു.

140. കൃതികരം = സുകൃതികരം (ധന്യർ). വിശദാത്മപ്രഭ = വ്യക്തമായ ആത്മശോഭ. വിസ്ഫുരിക്ക = പ്രകാശിക്കുക.

141. സപ്തവാക്യങ്ങളിൽ അവസാനത്തേതു് അരുളിച്ചെയ്യുന്നു. കരണം = ശരീരം.

142. "ശതേശൻ"—യൂദന്മാരുടെ സൈന്യത്തലവനു് പറഞ്ഞു വരുന്ന പേരാണു് ശതാധിപൻ എന്നുള്ളതു്. പൃതനാധിപൻ, = സൈന്യാധിപൻ, ശബ്ദം വായുവിൽ കടന്നു സ്വർഗ്ഗത്തിലെത്തി യെന്നു സാരം.

143. വചസ്സുമം = വാക്കാകുന്ന പൂവു്. വികരവായ്പ് = വികാരവർദ്ധനവു്.

144. ക്രിസ്തുവിനെ കുരിശിൽ തറച്ചതു്, ഒരു വെള്ളിയാഴ്ച ഏകദേശം 12 മണി സമയത്താണു്. ഉദ്ദേശം 3 മണി സമയത്താണു് മരിച്ചതു്. അതിനാലാണു് ഒരു യാമം ($7\frac{1}{2}$ നാഴിക) എന്നു വിവരിച്ചിട്ടുള്ളതു്.

146—149. ക്രിസ്തുവിൻെറ മരണാവസരത്തിൽ സംഭവിച്ച പ്രകൃതിയുടെ അവസ്ഥാന്തങ്ങളെ ഭംഗിയായി വർണ്ണിക്കുന്നു. വാരിദച്ഛട = മേഘസമൂഹം. പ്രതിസീരകം = തിരശ്ശീലകം. ദേവതാലയ .. മാനകം = ക്ഷേത്രങ്ങളുടെ അകത്തെ മുറികളിൽ തൂങ്ങികിടക്കുന്നവ. വിപാടിതങ്ങൾ = പിളർന്നവ. ശവ... കോടികം = ശവക്കല്ലറകളുടെ അഗ്രഭാഗങ്ങൾ. ദേവാലയങ്ങളിലെ തിരശ്ശീലകൾ കീറുകയും ശവക്കല്ലറകൾ തുറക്കപ്പെടുകയും ചെയ്തുവെന്നു ബൈബിളിൽ പറയുന്നുണ്ടു്.

147. അലങ്കാരം—സ്വഭാവോക്തിയും, സമുച്ചയവും.

150. രുഷ്ട = കോപിഷ്ട.

151. പ്രകൃതി വീണ്ടും ശാന്തമായി. ക്ഷമിക്കണമെന്നു ക്രിസ്തു പഠിപ്പിച്ചിട്ടുള്ളതിനെ പ്രകൃതികൂടി അനുസ്മരിച്ചു വർത്തിച്ചു എന്നു സാരം.

152. നരസം...പംക്തി = മനുഷ്യർ സമ്പാദിച്ച പാപസമൂഹം. ധ്യേയം = ധ്യാനിക്കത്തക്കതു്.

153. വൈശസം = കൊല (ദുഃഖം). ആതതായി = കൊലപാതകൻ. നിരയം = നരകം.

154. സഹിസ്ണുത = സഹനശീലം. കാരു..ത = കരുണാഗുണ വിശിഷ്ടത നിദർശനം = മാതൃക.

155. സ്നേഹിക്കുന്നവനെ സ്നേഹിക്കുന്നതിലല്ല, ദ്രോഹിക്കുന്നവനെ സ്നേഹിക്കുന്നതിലാണു്, ആന്തരമായ കാരുണ്യഭാവം അടങ്ങിയിരിക്കുന്നതെന്നു സാരം. ഘൃണ = ദയ.

156. വിഹഗോത്തമൻ = പക്ഷിശ്രേഷ്ഠൻ. 'പെലിക്കൻ' ഒരു പക്ഷിയാണു്. അതു് ഹൃദയം പിളർന്നു് സ്വന്തരക്തം കുഞ്ഞുങ്ങൾക്കു കൊടുത്തുകൊണ്ടു മൃതിയടയുന്നു. തിര്യക്കുകൾപോലും ക്രിസ്തുവിനെ അനുകരിക്കുന്നു. ആ സംഗതി അനുസ്മരിച്ചിട്ടെങ്കിലും വിശേഷബുദ്ധിയുള്ള മർത്ത്യർ ക്രിസ്തുവിൻെറ ആദർശത്തെ അനുകരിക്കേണ്ടതാണെന്നു സാരം.

157. മററുള്ളവർ നമ്മോടു് എങ്ങനെ അനുവർത്തിക്കണമെന്നു നാം ആഗ്രഹിക്കുന്നുവോ, അതുപോലെ നമ്മളും അന്യരോടു് അനുവർത്തിക്കേണ്ടതാണെന്നുള്ള തത്ത്വം ഉദ്ബോധിപ്പിക്കുന്നു.

158. സൽവാക്യങ്ങൾ മനുഷ്യഹൃദയത്തെ അലങ്കരിക്കുന്ന

സപ്തരത്നനിർമ്മിതമായ മാലയായി ഇവിടെ സങ്കൽപ്പിക്കപ്പെട്ടിരിക്കുന്നു.

159—160. ക്രിസ്തുവിന്റെ ത്യാഗമാഹാത്മ്യത്തെ വർണ്ണിക്കുന്നു. നിഷ്കാമമായ ആ സ്നേഹ—ത്യാഗ—കർമ്മത്താൽ ക്രിസ്തുദേവൻ എന്നും സംസേവ്യനായി വിലസുന്നു.

161. മന്ദ്രരവം = ഗംഭീരമായ ശബ്ദം. തദ്ഗുണം = ഇവിടെ ക്രിസ്തുവിന്റെ സ്നേഹം—ത്യാഗമെന്നർത്ഥം. തദ്ഗുണം = ത്യാഗത്തിന്റെ ഗുണവൈശിഷ്ട്യമെന്നുമാകാം.

162. അത്യന്തം നിർമ്മലമായ കീർത്തിദ്ധ്വജത്തിന്റെ അടിയിൽ ക്രിസ്തുവിന്റെ നാമം തങ്കരേഖാങ്കിതമായി പരിലസിച്ചുകൊണ്ടിരിക്കുന്നുവെന്നു ഭാവം.

163. ലോകം അധഃപതിക്കുവാനുണ്ടായ കാരണവും, ക്രിസ്തു അതിനെ ഉദ്ധരിച്ച വിധവും ക്രോഡീകരിച്ചു കവി കാവ്യം ഉപസംഹരിക്കുന്നു. വൃത്തം—ശാർദ്ദൂലവിക്രീഡിതം :

ക്രൂശാവസ്ഥിത യേശുദേ വവദനാം-
ഭോജാത് സ്വയം നിസ്സൃതാം
വാണീം, നിസ്തുലസപ്തവാക്യഘടിതാ-
മാശ്രിത്യ ഭക്ത്യാമയാ,
യത്കാവ്യം രചിതം, സമസ്തജനതാ-
സൗഖ്യോദയാത്ഥം ശുഭം,
തത്ത സൈ്യവ സമപ്പ്യയേ ഭഗവതഃ
പാദാരവിന്ദേവരാ.

# महात्यागी

मलयाळकाव्यस्य संस्कृतानुवादः

अनुवादकः

पण्डितरत्नम्

के. पि. नारायणपिषारोटी

मूलकविः

विद्वान् एम्. ओ. अवरा

# अभिनन्दनानि

## I

प्रत्नभारतेऽस्मिन् निवसतां समेषामपि गीर्वाणवाणीप्रणयिनां सुप्रसिद्धमिदं तत्त्वं, यद्वैदिकलौकिकसाहित्यलक्षणे संस्कृतवाङ्मये, निःश्रेयसनिदानभूतविज्ञानगोचरात्मादिपदार्थाः, तद्दर्शिनो धन्यधन्याः शुकवामदेवादयो महात्मानः, सर्वलोकक्षेमावहाः सामान्यविशेषरूपा अनेके धर्माः, महत्यामप्यापदि अपरित्यक्तद्धर्माः परोपकारनिरताः पुण्यकीर्तयो नलरामयुधिष्ठिरादयो महापुरुषाः, तेषां परमपवित्राणि चरित्राणि च हृदयङ्गमया सरण्या प्रसन्नैर्मधुरमधुरैर्वचोभिः प्रतिपाद्यन्ते इति ।

संस्कृतसाहित्येऽस्मिन् भारतप्रसिद्धमहापुरुष-तच्चरित्र-तदुपदिष्टधर्मादिकमिव, भारतेतरलोकनिवासिजनसमुदायप्रसिद्धमहापुरुष–तद्वृत्तान्त–तदुपज्ञातमत–तदुपदिष्टधर्मा नैवोपवर्णिता उपलभ्यन्ते । अस्मिन्नेव भारते लब्धजन्मनोः बुद्धजिनदेवयोस्तत्प्रवर्तितयोर्मतयोः, वेदमतविलक्षणयोरपि भूयसा ह्यंशेन वेदमतसालक्षण्यात्, तदुपवर्णनं क्वचिद्दृश्यमानं न विस्मयमावहति ।

किञ्च, संस्कृतसाहित्यान्तर्गता मनोहरा विषयाः यथा तदितरलोकभाषासु बह्वीषु अनूदिताः, अधुनाप्यनूद्यन्ते च, तथा इतरभाषामयसाहित्यान्तर्भूता अर्थाः संस्कृतभाषायाम् अद्यापि नानूद्यन्त इतोयं न्यूनता अपलपनीयैव । एतादृशन्यूनतापरिजिहीर्षया विविधभाषाविचक्षणा गीर्वाणवाणीनिपुणाश्च केचिद्विपश्चित. इदानीं भारतेतरदेशप्रसिद्धानि तत्तन्मतानि तत्तन्मतप्रवर्तकमहापुरुषचरित्राणि च समुपवर्ण्य सुरवाणीमयान् कांश्चन

लघून् प्रबन्धान् व्यरचयन्, विरचयन्ति चेत्येतत् महदेवास्माकं प्रमोदस्थानम् । विविधमततत्त्वविजिज्ञासुभ्यः अधुनातनेभ्यः भारतीयेभ्यश्च महोपकारकमिदं प्रस्थानं स्वागतवचनार्हं भवति ।

प्रस्थानेऽस्मिन् प्रत्यग्रतया संस्कृतवाङ्मये प्रादुर्भूतं प्रस्तुतं ''महात्यागी'' नाम लघुकाव्यम् । लघुकाव्यस्यास्य प्रणेता श्रीमान् के. वि. नारायणपिषारोटिमहोदयः कैरलीगैर्वाणीवाण्योरनितरसाधारणधिषणः काव्यनिर्माणनिपुणो भवतीत्येतत् तत्काव्यमवलोकयतामतिरोहितं भवेत् ।

इदं च लघुकाव्यं विदुषा एम्. ओ. अवरामहोदयेन केरलभाषायां विरचितस्य प्रख्यातयेशुदेववृत्तवर्णनपरस्य अतिसुन्दरस्य काव्यस्य अनुवादरूपं भवति । ''महात्यागी'' त्याख्ये संस्कृतकाव्येऽस्मिन्, येशुदेवस्य क्रूशारोहणात्परं देहवियोगावधि यन्निर्वृत्तं तत्सर्वं वृत्तं विषयतया वर्ण्यमानं विराजते ।

लघुकाव्यमिदं प्रसाद–माधुर्य–सौकुमार्यादिकाव्यगुणसम्पन्नं सहृदयहृदयाह्लादि विलसतीति सर्वेषामेव संस्कृतभाषाप्रणयिनां प्रशंसां लप्स्यते । विलोक्य चेमं ग्रन्थं नितरामभिनन्दामः ।

इति

अनन्तशयनम्,
25-2-1976.

डोक्टर एस्. वेङ्कटसुब्रह्मण्ययर्
अध्यक्षः, संस्कृतविभागः, केरलविश्वविद्यालयः ॥

II

'काव्यं तु जायते जातु कस्यचित् प्रतिभावतः' इत्यभियुक्ताः सङ्गिरन्ते। अस्य काव्यस्य कर्ता प्रतिभासंपन्नः। लोकोत्तरो नायको यदि विषयीक्रियते तदा हेम्नः परमामोद इव काव्यस्य शोभा वर्धते। त्यागसुरभिणा जोवितेन को ह्यपरः स्पृहणीयतरो नायकः श्रीयेशोर्भगवतः? अयमपूर्वः कविनायकसंयोगः काव्यस्यास्य अतिमात्रमादेयतां प्रतिपादयति।

केरलभाषया प्रथममवतीर्णस्यास्य काव्यतल्लजस्य रुचिरतां बहवः प्राशंसन्। अद्य तु संस्कृतभाषया दीव्यतोऽस्य कान्तिर्मनोहार्धता च द्विगुणितेव दृश्यते। युक्तं चैतत्। अस्ति वा काचनान्या भाषा विश्वस्मिन्नपि विश्वे,या प्रसादे गाम्भीर्ये च दैव्या वाचस्तुलामाकाङ्क्षेत? लोकोत्तरेण त्यागमहिम्ना अनन्यसाधारणसौभाग्यं भगवतः क्रिस्तोर्जीवितं प्रतिबिम्बितुमस्ति वान्यः स्वच्छतरो दर्पणः संस्कृतादृते? धन्यवादानर्हति सचेतसामसौ कविरिदं काव्यमेष संस्कृतानुवादकर्ता च।

कालिदासवल्लभया वैदर्भ्या परिलालितस्यास्य काव्यस्य आमोदप्रसरः चिराय भूयादानन्दाय सहृदयानामिति सामोदमाशासे।

श्रीवेङ्कटेश्वरविश्वविद्यालयः

तिरुपति

श्रीकृष्णशर्मा

१५-२-१९७६.

III

क्रूर 'क्रूशनदारु' धारितकरस्योद्यद्दयावारिधे
र्वीरस्याद्भुतदिव्यरूपपुरुषस्यास्याम्बुजान्निः सृतम् ।
घोरं 'शासनसप्तकं' विजयते शश्वन्महीमण्डले
नीरन्ध्रान्धतमिस्रजीवितपथे दीपं परं प्रोज्वलम् ॥

प्रशस्तानेककवितातल्लजैः केरलेषु यः ।
प्रसिद्धस्तस्य सुमतेरवराख्यकवेः कृतिः ॥
वृत्तं श्रीयेशुनाथस्य महात्यागकथाश्रितम् ।
अयत्नललिता शैली सदलङ्कारभासुरा ॥
विवर्तनं देववाण्यां नारायणमनीषिणा ।
संस्कृताचार्यवर्येण सावधानं कृतं तथा ॥
रसिकाः, स्वागतं; स्वैरमभ्येत्यास्वादयन्त्विदम् ।
काव्यामृतं यथाकामं लोकोत्तरसुखप्रदम् ॥

Madras University
10-2-1976.

Dr. K. Kunjunni Raja

IV

क्रूशे कीलितहस्तपादयुगलेनाभाषितं येशुना
यत्तत् सार्थकवाक्यसप्तकमशेषाणामनुग्राहकम् ।
गाढं तत् परिचिन्त्य काव्य 'मवरा' नाम्ना निबद्धं रसात्
सालंकारगिरा विभूषितमनुध्यानोचितं राजते ॥
भाषाकवेः प्रकृतसत्कवनं विशेषेणानूदितं प्रतिपदं प्रतिपादमेवम् ।
येनातिसुन्दरसमुज्ज्वलदेववाण्यां नारायणो विजयते स बुधाग्रगण्यः॥

तिरुवनन्तपुरम्
२६—२—१९७६

प्रोफ. पि. सि. देवस्य

V

# अनुवादकाशंसा

येशुनाथो विजयते कारुण्यामृतवारिधिः ।
यतः समुद्गता विश्वं पुनन्ति वचनोर्मयः ।।
नमस्तस्मै भगवते क्रिस्तवे विश्वबन्धवे ।
यः क्रूशदारुविद्धाङ्गः सप्तवाक्यान्युदाहरत् ।।
अमुष्य दैवपुत्रस्य महात्यागमलौकिकम् ।
अधिकृत्याकरोत् काव्यमवराख्यः सुहृन्मम ।।
नाम्ना ह्येतन्महात्यागो कैरल्या रचित पुरा ।
अनूदितं मयेदानीं गैर्वाण्या विश्वभाषया ।।
श्रेयसे कल्पतामेतद् भूयसे कर्म मामकम् ।
क्रिस्तुदेवमहात्यागयज्ञधूपानुवासितम् ।।

नारायणीयम्
श्रीशिवपुरम्
२८—५ –१९७६

सहृदयविधेयः
के. पी. नारायणपिषारोटी

# महात्यागी

शूले कीलितमर्धमीलितदृशं,
स्कन्धे विलग्नाननं
सर्वाश्लेषणसम्प्रसारितकरं
कारुण्यपूराकरम
आर्त्तत्राणपरायणं श्रितशिर-
स्त्राणं शितैः कण्डकैः
वन्देऽहं परमेशुनाथममलं
वन्दारुमन्दारकम् ।।

K. P. U.

# महात्यागी

श्रीयेशुनाथवदनोद्गतसप्तवाक्य-
सप्तस्वरैर्मधुरतां परितो दिशन्तीम् ।
कूशाह्वयामसुलभामवनौ विपञ्ची
वाणि त्वमेहि दधती निकटं मदीयम् ।। १

भोगे त्यक्तवतः स्पृहां सकललो-
कानुग्रहार्थं महा-
त्यागं दैवसुतस्य संश्रितवतः
स्मृत्वा पदाब्जद्वयम् ।
अङ्गैरुत्पुलका प्रतिक्षणमम-
न्दानन्दबाष्पामृतं
वर्षित्वोपगता स्खलद्गतिरपि
त्वं वाणि, कल्याणिनी ।। २

अलिनीलतृणाम्बरावृतं
कलयामो वयमद्रिमग्रतः ।
रचितामधिरोहणीं यथा
दिवमारोदुमभीप्सतां नृणाम् ।। ३

खलनिश्वसितैर्मलीमसं
परिहर्तुं किमयं समीरणम् ।
मुखमुन्नमयन् वितिष्ठते
बत गाङ्गुल्तगिरिर्महोन्नतः ॥ ४

जगतां सुकृतं सविग्रहं
नगराजो बहुविश्रुतो ह्यसौ ।
परिशुद्धतलं जरूसलं
मनुते किं नु निरीक्ष्य निश्चलम् । ५

धरणीधरनामयोगतः
प्रथितं तन्निजगौरवं गिरौ ।
चरितार्थमभूत् पवित्रस-
चरितेनात्र चिराद् गरीयसा ॥ ६

बत कश्चन कालिमैष को-
न्विह काकोलसमः समीक्ष्यते ।
नरदृष्टिनिरोधनोद्यता
नरकाग्न्युत्थितधूमिका किमु? ७

घनगर्जनभाक् तटिल्लता-
वरनिस्त्रिंशधरः पिशाचकः ।
विनिपातयितुं किमेत्ययं
नरके लोकमशेषमञ्जसा? ८

अतिभोनिकरस्य चास्य नि-
श्वसितेनैव नभखतोद्यता ।
किमिवातितरां प्रकम्पते
सकलं वस्तु महीतलस्थितम् ॥ ९

रविरम्बरमध्यगोऽप्यहो
तमसान्धेन किमेष बाधितः ।
अशुभोदयभीजुषा कथं
वदनेनाहह वेपते क्षमा ॥ १०

अपि सन्तमसावृते गिरा–
वतितुङ्गे पुनरत्र दृश्यताम् ।
द्युतिमच्छुभदीप्तिमण्डलं
किमपि प्रस्फुटतारकप्रभम् ॥ ११

बहुदुस्सहदुःखचिन्तन–
व्यतिषक्तां धिषणामपि क्षणात् ।
सुखयत्तदिदं महो दशां
त्रिदिवस्यादिशति क्षितावपि ॥ १२

अयमप्रतिमः प्रभाचयः
पुरुषाकारधरोऽवतिष्ठते ।
क इवैष सुवन्द्यकान्तिमा-
नथ हेतुः क इवात्र दर्शने? ॥ १३

कदशानलतापयोगतः
परिनिर्दग्धसमस्तपाप्मना ।
किमु निर्मलभक्तचेतसा
कनकेनारचितं कलेबरम् ।। १४

अगणयमभौमसद्गुण-
व्रजमादाय दयारसार्द्रितम् ।
अवधानवतादिवेधसा
रचितः किं न्वभिवन्द्यविग्रहः ।। १५

अमितद्युतिरीशपार्षद-
प्रवरेष्वन्यतमो न खल्वयम् ।
स्थिरतां भज चित्त, दृश्यते
पुरतोऽस्माभिरिहैशरेव हि ।। १६

अयि नाथ, नमस्करोम्यहं
विमलप्रेमगुणैकधिष्ण्य भोः ।
अपि पङ्किलमाप पूततां
भुवनं त्वत्पदपद्मसङ्गमात् ।। १७

मम नेत्र, निरुद्धवृत्तितां
भज मा शीतलबाष्पधारया ।
सुखमल्पकमश्नवान्यहं
विरलं खल्विह दिव्यदर्शनम् ।। १८

स्फुटमङ्गलतावतिष्ठते
बत हा क्रूश इवावकीलिता ।
नयने, भवत निमीलिते
त्यज हे स्वान्त, विचारपाटवम् ।। १९

अतिदुष्टपिशाचकैतत्रा-
चरितेष्वन्यतमं भवेदिदम् ।
क्व विभुः प्रणयाद्र्मानसः ?
क्व विधे, क्रूशनदारु दारुणम्? ।। २०

करुणं किमिदं विलोक्यते?
नरपापौघविमोचनोद्यतः ।
धरणीमवतीर्ण ईश्वरः
किमगात् क्रूशनदारुसङ्गमम्? ।। २१

उपकारशतानि यश्चरेत्
तमभिद्रुह्यति हन्त दुर्जनः ।
हिमशीतलदीधितिं विधुं
किमु नाच्छादयति क्षितेस्तनुः? ।। २२

जटया कलिताः शिरोरुहा
रुचिरश्मश्रुपरीतमाननम् ।
नतमीषदिवार्धमीलितं
मुकुलाभं च विलोचनद्वयम् ।। २३

कुरिशायतहस्तयोजितं
दृढकीलैरदयं प्रवेधितम् ।
रुधिराक्तसुदीर्घदोर्युगं
भुजशीर्षं च समुन्नतं श्लथम् ॥ २४

परिपूर्णहृदन्तरोद्गलत्–
करुणापूरनिभेन सोष्मणा ।
रुधिरेण समाचितं भुजा-
युगमध्यं, जठरं भृशानतम् ॥ २५

कुरिशाह्वयदारुधारितं
दृढकीलाहतिभिः क्षतं मुहुः ।
रुधिरं प्रवहन्निरन्तरं
विमलाभं मृदु पादपङ्कजम् ॥ २६

अवलोकिजनान्तरङ्गनि-
र्मथनं कुर्वदिव क्षणे क्षणे ।
किमपि प्रचलद् भुजान्तरं
बत हा निश्चसितं तथायतम् ॥ २७

जगतः परिपावनोऽशकः
परतत्त्वान्तरवस्तु मत्प्रभुः ।
वरिवर्ति मनुष्यपापसं-
हतिनाशाय परिष्वजन् मृमित । २८

बत यद्यपि चैवमुज्झितः
स्वयमज्ञानहतैर्हि मानवैः ।
सहकारि ममास्ति दैवमि-
त्यनुचिन्त्यान्तरतीव तृप्तता ।। २९

इह यत्सुखलब्धये स्वयं
तनुमप्यत्यजदेष, तैः खलैः ।
कृतमात्मनि बुद्धिलाघवा-
दपकारं तु विचिन्त्य चिन्तना ।। ३०

कदनं न हि गण्यमात्मनः
करणीयं कृतमेव साध्विति ।
वितता कृतकृत्यतापि च
प्रतिभात्यस्य मुखेन्दुमण्डले ।। ३१

न शरीरगतिं न च स्थितिं
न च मानं स मनागचिन्तयत् ।
भयदं मृतितल्पमप्यहो
महितत्यागमहानिदर्शनम् ।। ३२

श्वसनोच्छ्वसनादिकेऽक्षमा-
ण्यतिकृच्छ्राणि दशान्तराण्यपि ।
सहते स्म स मुक्तवैशसो
विमलत्यागमहाध्वरव्रतः ।। ३३

क्षणभङ्गुरमन्तदुःखदं
समवाप्तुं सुखमाधिभौतिकम् ।
परपीडनकर्म कुर्वते
न नराः किं नु जगं गता अपि ॥ ३४

परिपूतकलेबरेऽकरोत्
क इवैवं बत कीलवेधनम् ।
सततोद्गलदस्रकं त्विदं
जनयेत् कस्य न हृत्क्षत क्षतम् ॥ ३५

अतितापदमस्य दर्शनं
विदधीताद्रमयोऽपि च क्षणात् ।
करुणाविमुखाः पिशाचकाः
खलु तेऽमी, नियतं न कीलकाः ॥ ३६

परिपावनहृद्रसेन यत्
कुशदारुण्यतितीक्ष्णकीलकैः ।
लिखितं, चरितं कथं नु तत्
समषीका विलिखेद्विलेखनी? ॥ ३७

न तु रक्तमिदं, मषी ह्यसौ
न च कीलोऽय, मियं हि तूलिका ।
इदमक्षरमेव, न क्षतं
नयन, क्षालय मैतदञ्जसा ॥ ३८

परिपूर्णदयाविवेकभाक्
कलशः केन नु विद्ध एषकः ।
कतमोऽन्धतमो व्यनाशय-
द्विमलस्नेहसुवर्तिदीपिकाम् ।। ३९

अतिमात्रसुदुष्टसेवना-
द्धृदयापूर्णदुरन्तदुमदाः ।
सुहृदभ्युदयेऽपि लोचने
दधते नैव विकासभासुरे ।। ४०

अपनीय शुचं नृणां सुखं
वितरीतुं करमित्थमुद्यतम् ।
क्षतमादधतां मनोऽसता-
मतिमात्रं दृषतोऽपि कर्कशम् ।। ४१

बत ये कृतकीलवेधनाः
कुशदाग्रे कुलिशोग्रमानसाः ।
उपगूहितुमीहतेऽत्र ता-
ननुरक्तं हि विभोः करद्वयम् ।। ४२

स्वयमात्मनि शान्तिसौरभं
विसरेदित्यतिमात्रभक्तितः ।
निजमूर्ध्न्यनुलेपवासिते
मरिया दिव्यसुमं दधार यत् ।। ४३

उदधौ सलिलोपरि व्रज-
त्रपत्रिघ्नं निजशिष्यमण्डले ।
य उदित्वरभक्तिसंयुतं
स्फुटविश्वासमनेष्ट कल्पकः ।। ४४

अगतिष्वखिलार्थसाधनं
जगदालम्बनभूतमुज्ज्वलम् ।
भगवत्पदपद्ममद्य त-
द्विगताभं रुधिरौघसम्प्लुतम् ।। ४५

गुरुपुण्यपथेऽस्खलद्गति-
श्चरति स्मेत्यपराधवान् भवान् ।
परिदण्डनमेवमाप्तवान्,
नरनीतिर्हि विरुद्धचारिणी ।। ४६

निजधर्ममहो सदा नृणां
चरतां किं नु विपाक ईदृशः? ।
अथवा परिपूतपद्धतिः
सकला नन्विह कण्टकावृता ।। ४७

व्यथया बत मेघमालया
पिहितं मञ्जुमुखेन्दुमण्डलम् ।
प्रियदर्शनमेतदीक्षितुं
न समर्थोऽस्म्यमृतेऽपि किं विषम्? ।। ४८

अयमेव यदूदनाथ इ-
त्यरिभिस्तैः परिहासपूर्वकम् ।
कृशदारुणि निर्मिता लिपि-
र्न हि युक्ता निखिलैकनायके । ४९

मनुजान्वयपापधारणा-
नतमेतद् भवतः शिरो विभो ।
बहुकण्टकवत् किरीटमु-
द्वहति, त्यागगतिर्महाद्भुता ।। ५०

बहुसंख्यमहाघकारिणां
दुरसूयाविषवृक्षकण्टकाः ।
तव मूर्धनि यैः कृता, अमी
ह्यतिपैशाचिकचित्तवृत्तयः ।। ५१

अविवेकिकृताघचिन्तन-
व्यथितस्वान्त, जगत्प्रभो, तव ।
उचितं शिरसो विभूषणं
निशितैरेव हि कण्टकैः कृतम् ।। ५२

दिविषद्विनुतैशुमस्तक-
स्थितदुष्कण्टकभृत् किरीट, भोः ।
न करिष्यति कस्तव स्तवं
महितत्यागजयैकलक्षण! ।। ५३

निजपार्श्वयुगे भुजद्वयं
शुभदायि प्रविसारयन् भवान् ।
कृशदारुणि किं नु वर्तते
जगदाश्लेषणबद्धकौतुकः ॥ ५४

अथवा नरलोकगां व्यथा-
मखिलां स्कन्धतले त्वमुद्वहन् ।
प्रवितत्य पतत्रयोर्द्वयं
धरणीतो डयितुं किमुद्यतः? ॥ ५५

पितृपुत्रपरात्मनामभिः
प्रथितं विश्रुततत्त्वकत्रयम् ।
कृशदारुशिखात्रयेण किं
विशदं व्याकुरुषे जगत्पते! ॥ ५६

जनसञ्चयरक्षणोत्सुको
ह्यवतीर्णः परिपूर्ण ईश्वरः ।
उपधातुमहो स्वमस्तकं
किमु गर्ह्यं कृशदारु लब्धवान् ॥ ५७

इह बोधतरुः किलाव्वया
विहिते ह्यागसि मूलकारणम् ।
मृतिमाप्नुवतः स चेशितुः
कृशमूर्त्याश्रयतामुपागतः ॥ ५८

क्व दशा कुश, ते हतादिमा
क्व दशा चाद्यतनी महीयसी ।
परमादरणीयतां व्रजे-
दतिनीचोऽपि महत्समागमात् ।। ५९

कुशसोमनि पार्श्वयोरमू
शयितावन्तिक एव तस्करौ ।
अभितः किमिमं स्थितौ सुधा-
कलशं मद्यघटौ निषेवितुम् ।। ६०

सुकृतैकनिधिः क्व चेशिता
क्व महापातकिनौ च चस्करौ ।
महता मणिनेह काचयो-
र्घटना केन कृता च्युतात्मना ।। ६१

मनुजातपथेन गच्छतः
पतितान् कर्दमगर्तकेऽवशान् ।
समुपैत्यथवानुकम्पया
द्रुतमुत्तारयितुं जगत्प्रभुः ।। ६२

अपथस्थितमूढशक्तिभि-
र्निगृहीतांगक, राज्यतन्त्र भोः ।
विनिकृन्तसि नीतिकन्धरा-
मसिना हन्त! कथं नु कथ्यते? ।। ६३

जननी सुतवत्सला प्रिय:
स च शिष्य: सुहृदश्च केचन ।
अकृपाश्च विरोधिसञ्चया:
प्रतितिष्ठन्त्यभितस्तत: कृशम् ॥ ६४

विलपत्स्वखिलेषु तीव्रया
व्यथया दग्धमनस्सु तत्र हि ।
श्रुतिदुस्सहमोदृशं भृशं
खलजिह्वा वमति स्म दुर्विषम् ॥ ६५

''कपटैर्बहुभि स्त्वमीश्वरं
किल जल्पन्निदमुच्यसे मया ।
यदि चेश्वरता तव स्वयं
निजरक्षाममुत: समार्जय ॥ ६६

परलोकगतं हि ख़ासरं
परमानीतवतस्तवाधुना ।
अवितुं किमु नात्मजीवितं
वद, शक्ति: कुशदारुबन्धनात् ॥ ६७

विधवां सुतजीवदानतो
दययेहानुगृहीतवान् भवान्
कथमन्तमुपैति हन्त भो
यमदंष्ट्राकाठेनैर्नु कीलकै: ॥. ६८

इह कश्मल तावकं छलं
सफलं नैव भवेन्मनीषिषु ।
शठ निष्क्रप तावकः पिता
क्व गतः संप्रति दैवतो वद'' ।। ६९

श्रुतवानिदमीशिता दया–
मसृणामुन्नमयन् कनीनिकाम् ।
मृदुलां सरलां सरस्वतीं
मधुरामेवमथाभ्यभाषत ।। ७०

''करुणार्द्रमते, क्षमस्व भोः
पित, . रेषामपराधमीदृशम् ।
यदिमे न विदुः स्वकर्म वा
न च वा त्वत्करुणामयि प्रभो'' ।। ७१

प्रतियोगिजनेष्वपीदृशं
प्रतिवर्णं प्रवहद्दयारसम् ।
तदिदं प्रथमं सुभाषितं
भुवनं वेत्ति तथैव चान्तिमम् ।। ७२

अनवद्यविशिष्टभाषितं
मनुजाग्र्ये वदतीदमीदृशम् ।
क्षणकालमदश्चराचरं
परमानन्दविनिश्चलं स्थितम् ।। ७३

शिशिरः पवनोऽर्थमुक्तवान्
शमदं तस्य, तदा तरूव्रजः ।
चलता शिरसा रसान्वितः
सुममञ्ज्जुस्मितवानवस्थितः ।। ७४

अनुगानकरा इवालिनः
कृतझंकाररवा उपाययुः ।
कुसुमेषु लताश्चलद्दला
ददुराह्वानपुरस्सरं मधु ।। ७५

विहगा अधिरुह्य शाखिनो
मधुरं मङ्गलगीतमालपन् ।
धृतभक्तिकमात्तनर्तना
ववृषुर्वीललता सुमावलिम् ।। ७६

कृपया क्षमयार्थशाभया
महिते ह्येवमपूर्वनिस्वने ।
उदिते विससार निस्तुला
सुषमा काचन तत्र सर्वतः ।। ७७

अवहन् ककुभः प्रसन्नतां
दिननाथः किरणानवाकिरत् ।
जलदा ववृषुश्च सद्रसं
दिवि मालास्रजनोपमास्तदा ।। ७८

निजशत्रुगणा रुजं परां
कृतवन्तः खलु घातकाधमाः ।
अपकारपरैकचिन्तया
भुवनं पङ्किलतां नयन्ति ये ॥ ७९

इह यद्यपि ते वधोचिताः
परमेशस्य दयार्हतां गताः ।
करुणानिलयः स हि प्रभुः
किमु नैतेपि तदीयपुत्रकाः ॥ ८०

प्रतिकारपरानहो चिरा-
दितिहासानपठन्निमे नराः ।
अतिमानुषगाममी कथम्
त्ववगच्छेयुरिमां मनःस्थितिम् ॥ ८१

निजशत्रुगणेऽपि मानुषः
सकलः प्रेम परं प्रकाशयेत् ।
नरमानसदीप उज्ज्वले-
दनघस्नेहमहस्समेधितः ॥ ८२

तदुदीतमहा त्विषा भवेद्
भुवनं सन्ततमेव शोभनम् ।
परहिंसनपातकं तमः
शममृच्छेत् सकलान्ध्यदायकम् ॥ ८३

इति खल्वनुचिन्त्य तत्कृते
परिमोक्ष्यन् निजजीवितं प्रभुः ।
इदमाह स, कोऽत्र बिस्मयो
महतां धीर्मनसोऽप्यगोचरा ॥ ८४

कुशदारुगतः खलाग्रणी-
र्मिशिहादक्षिणसीम्नि तस्करः ।
करुणामृतवर्षि सार्थकं
वचनं तच्छ्रुतवान् धृतादरम् ॥ ८५

मृदुलाक्षरवाङ्मयस्रजा
ननु जीवे परिभूषिते तदा ।
उदितं खलु भेदमाननं
स्फुटयामास सरोमविक्रियम् ॥ ८६

कुटिलः स तु वामपार्श्वगः
सहसा क्रिस्तुमिदं तदोचिवान् ।
जगदीश्वर एव चेत् स्वयं
कुरु संरक्षणमात्मनोऽथ नौ ॥ ८७

अविवेकधनुःप्रमुक्तत-
द्वचनास्त्रप्रतिविद्धकर्णवान् ।
अपरश्चकितः क्षणं पुन-
र्न्यगदद्दक्षिणगः स तस्करः ॥ ८८

"अयि मा खलु मा वदेद्दृशी-
व्यपवादृभक्तिगुणा गिर: परे ।
बहुधाप्यपकारकारिणौ
न च नार्हाव कठोरदण्डनम् ॥ ८९

परिशुद्धि इहेश्वरस्त्वयं
भुवनं स्वर्गसमानतां नयन् ।
अपराधलवाद्धतोऽधुना
परिश्रान्तो भजतेऽद्य दण्डनम् ॥ ९०

मतिमानहमित्यहंकृतो
न निमग्नो भव घोरपातके ।
इह पक्षयुगं वदेज्जन:
स्मर, सत्यं न तिरोभवेत् क्वचित्" ॥ ९१

स मुहु: स्रवदश्रुधारया
परिषिञ्चन् मलिनं कलेबरम् ।
इयदेव च गद्गदोत्तर
कथयित्वा विरराम तस्कर: ॥ ९२

दुरिताभिधगह्वरान्तरे
प्रतिबद्धा इव कीटका नरा: ।
भगवन्, किमिवेह जानते
भवदीयं मतमुत्तमोत्तमम् ॥ ९३

मिहिर: किरणैर्निजै: शुभै-
जगदन्धत्वमपाकरोत्यसौ ।
द्युनिमस्य महात्मन: कथं
पुनरीक्षेत दिवान्धकौशिक: ।। १४

अथ चेश्वरसङ्गमाद्व्रजे-
दतिमूर्खोऽपि किलात्मवेदिताम् ।
परमाकरपाकशक्तित:
स्वयमिङ्गाल उपति हीरताम् ।। १५

मिशिहापदतीर्थसङ्गमा-
च्छुचितां यो वपुष: पुराप्तवान् ।
अधुना महनीयसंस्कृतिं
स्वधियोऽप्याप्य स धन्यतां गत: ।। १६

अपराधिजनाग्रिमोऽहमि-
त्यवबोधं सुदृढं समेयिवान् ।
अनुतापमथैष हीश इ-
त्यपि विश्वासमवाप्य शुद्धवान् ।। १७

कुपथे चरता मयार्जितं
सुचिरात् पापमशेषमीश्वर ।
करुणानिलय, क्षमस्व भो
मलिनोऽहं प्रणमामि पादयो: ।। १८

"अतिमात्रपवित्रदिव्यभू-
वलयान्ते क्वचिदावसन् भवान् ।।
अनुसंस्मरताद्विभो भवत्-
पदसेवारतमङ्ग मामपि" ।। ९९

गलदश्रुजल सगद्गद
पुनरस्पष्टतराक्षरोद्गमम् ।
विनिगद्य वचोऽनुतापभा-
ग्विरतोऽभूद्दयनीयजीवितः ।। १००

परितापिनि तत्र पापिनि
स्वकदृष्टिं विमलां दयावशात् ।
विनिवेश्य सहार्दमूचिवान्
परमेशो निखिलाघनाशनः ।। १०१

"सममेव मया न संशयः
परुदोसां स्वयमद्य यास्यसि ।
अथ वत्स्यसि तत्र मुक्तशुक्
तव शंसाम्ययि! नित्यमंगलम्" ।। १०२

शुभपार्षदसेवितं निजं
परुदोसापदमप्यसंशयम् ।
प्रदिशत्यनुतापिपापिस-
न्ततयेऽसौ करुणामयो विभुः ।। १०३

कुलधर्मतयैव वञ्चन
हरण चान्वहमाचरन्नयम् ।
स्वयमीदृशभावशुद्धितः
प्रतिपेदे त्रिदिवार्हतामहो! ॥ १०४

बहुविश्रुततामुपागता
अपि शिष्या गुरुदिव्यवैभवम् ।
न विशश्वसु, रेष तस्कर–
स्त्वतिविश्वसिसुशिष्यतामगात् ॥ १०५

य इहाकृत घोरपातकं
बहुधाद्यावधि सोऽपि तस्करः ।
अनुतापवशादभूदहो!
नवजन्म प्रतिपन्नवानिह ॥ १०६

अयि भक्त, विशुद्धिपीयुष-
श्चरितं ते सुतरां विमोहनम् ।
गुरुणा सहितो, विभावये,
परुदोसामभिपत्स्यते भवान् ॥ १०७

भगवानवदत् स्वमातरं
रुदतीं तापविलीनमानसाम् ।
कृशदारुगमङ्कं स्मरन्
“स्मर मातस्तव पुत्र एष हि” ॥ १०८

तरसा निजशिष्यमप्यसौ
करुणावारिधिरेवमूचिवान् ।
"जननी ननु तावकीयमि-
त्यनुचिन्त्यैव भजस्व मा॰घिव"ति ।। १०९

सुतभाषितसान्त्वनेन सा
न समाश्वासमुपागता सती ।
अपि च द्रुतमुत्कटव्यथा-
हतमासीददसीयमानसम् ।। ११०

प्रियपुत्रवियोगसन्तपत्
प्रसवित्रीहृदयेऽग्निरुत्थितः ।
परिसान्त्वनशीतमारुत-
प्रगतौ किं प्रशमं गमिष्यति? ।। १११

अलघुप्रियतास्पदे सुते
पुरतो हन्त तिरोबुभूषति ।
सुतमन्यमवेत्य तत्क्षतेः
किमु माता शमनाय शक्नुयात्? ।। ११२

कनकोज्ज्वलमन्यविग्रहं
निरवद्यं परिहृत्य कौतुकात् ।
निजपुत्रतनूपगूहनं
विदधानाः खलु हन्त! मानुषाः ।। ११३

स्वसुरः पुनरीशिता महान्
महितोदारगुणाकरः परः ।
विरहार्तिममुष्य दुस्सहां
मृदुलाङ्गी सहतां कथं नु सा? ॥ ११४

सति मेऽपि, जगत्पितुर्गता
जननीत्वं त्वममोघजीविता ।
व्यथया कृत, मन्यदुर्लभां
स्थितिमाचिन्त्य समाश्वसिह्यये! ॥ ११५

सुतभीतिकपिण्डमीश्वरे
सहसोद्गन्तुमितः समुद्यते ।
बहुधा वन मर्मघट्टन-
व्यथया किञ्चिदिवास्फुरन्मनः ॥ ११६

"शरणागतनाथ देव हे
करुणाब्धे, करुणालवं विना ।
भवदीयमिमं प्रियं सुतं
कथमेव त्वमुपेक्षसे विभो!" ॥ ११७

विललाप बतैवमाप्तवान्
व्यथया क्रिस्तुरपेतधैर्यताम् ।
प्रसृतं तिमिरं मुखे, मृते-
र्विषतो दिव्यजना अपोहशाः ॥ ११८

द्रुतमेव स नीलिमागम-
    द्वदनं ग्लानमगात् प्रसन्नताम् ।
अनलस्य शिखा कथन्तरां
    प्रतिबद्धोर्ध्वगतिर्भवेच्चिरम्? ।। ११९

गतिरस्ति पिता ममेति या
    मतिरेतावदभूदतिस्थिरा ।
बत साप्यभवन्निरास्पदा
    तदिदं त्यागमहानिदर्शनम् १२०

नररक्षणचिन्तया मुहुः
    सहमानो नरकोग्रयातनाम्
भजते परितृप्तामयं
    परमत्यागिवरो जगद्गुरुः ।। १२१

मनुजो विषयेच्छयेश्वर-
    स्मृतिमुज्झन्नजनिष्ट पातकी ।
अत एव रुजां व्रजत्यसौ
    शुभजीवोऽपि मनुष्यतावशात् ।। १२२

जनदुष्कृतिनिष्कृतेः कृते
    दयया यत् स्वयमेवमुद्यतः ।
जगदीश्वरनीतिगौरवं
    परमात्मप्रभवस्ततोऽन्वभूत् ।। १२३

विमलात्मसुखाभिपुष्टये
क्षिपतेशेन हि शोकदोहदम् ।
कथितां भणितिं सुरस्त्रियः
खलु तां शुश्रुवुरिद्धविस्मयाः ।। १२४

मनुजाः सकलास्त्यजन्तु तं
प्रियशिष्या अपि सा जनन्यपि ।
परतः परमेश्वरोऽपि वा
न स धीरो विचलेन्मनागपि ।। १२५

विवशत्वविवृद्धिसूचकं
सुपरिम्लानवदाननाम्बुजम् ।
विवशं च विवर्णमङ्गकं
ग्लपितं चौष्ठपुटं वहन्नयम् ।। १२६

परमात्मसुखातितृष्णया
परिदूनो भृशशुष्कजिह्वया ।
न्यगदद् गुरुराशु, वर्धते
महती मे भगवन्, पिपासुता ।। १२७

मरणार्तिभरं समश्नतः
कदनं घोरपिपासुतैव हि ।
सहतेऽन्यहितार्थमेतद-
प्यधुना त्यागविधेयतां गतः ।। १२८

उपयन्तु पिपासवोऽत्र मा-
मिति या वावददीशिता हि सः ।
जलमर्पयतेति चार्थयद्,
गहनार्था हि परस्य भारती ।। १२९

य इहाद्भुतपञ्चपूपकै-
रकरोत् पञ्चसहस्रतर्पणम्
अनयत् सलिलं च केवलं
नवमार्द्रीकदशां निजेच्छया ।। १३०

अथ यो वरवर्णिनीमणेः
समया कूपमयत्नमुत्कटाम् ।
शमयन् जलपानकामना-
मदिशत् सूक्तिशुभामृतं पुरा ।। १३१

महतः खलु तस्य का भवे-
दिह तृष्णाद्भुतवीर्यशालिनः? ।
बहुपापिजनावनस्पृहा
भृशतीक्ष्णात्मतृषैव सा भवेत् ।। १३२

नरकार्ह जनोद्धृते नरो
कुरुते यत्नमतीव सज्जनः ।
कलयन् प्रतियोगिनं त्वमुं
कदनं हन्त! ददाति दुर्जनः ।। १३३

''विहितं मम जीवितेन यत्
करणीयं परिपूर्णमेव तत्'' ।।
इति षष्ठमुदीरयत् प्रभु-
र्वचनं तद्धरदानतत्परम् ।। १३४

जगदादिमवासरात् प्रभृ-
त्यखिलं सिद्धजनोदितं वचः ।
परिपूर्णफलं ह्यजायते-
त्यभिधत्ते परमेश्वरोऽत्र किम्? ।। १३५

अनवाप्य पराश्रयं पुरा
लघुकुक्ष्यामजनिष्ट योऽधनः ।
अगमत् श्रितकारुवृत्तिर-
प्ययमोशो जगदेकवन्द्यताम् ।। १३६

विपिनेष्वपि सञ्चरन्नहो
विकिरन् श्लाध्यवचामणिव्रजम ।
अखिलेषु महत्तमाद्भुतै-
रनिशं भक्तिमसाववर्धयत् ।। १३७

नरपापभरं व्यपोहितुं
हृदयं शोधयितुं च सोऽनघः
दिनविंशतियुग्मकं व्यधा-
दुपवासं हि पुरा निरामयम् ।। १३८

अपि चाखिलजीवपापनि-
ष्कृतये यन्निजजीवितं जहौ ।
तत एव किमु ब्रवीत्ययं
कृतकृत्यं स्वमपास्तसंशयम् ।। १३९

कृतिनां कृतकृत्यता तथा
यतिनां शान्तगंभीरतापि च ।
व्यलसद्वदने मुहुस्तदा
विशदा व्यस्फुरदात्मनः प्रभा ।। १४०

मरणे भगवानुपस्थिते
करणग्लानिमुपेत्य सोऽभ्यधात् ।
''परमेश! भवत्पदद्वये
पुरुतापानहमर्पयाम्यसून्'' ।। १४१

अपि सैन्यपतेः शतेशितु-
र्हृदयं कंपयदेतदीरितम् ।
पवनो गगनात् समाददत्
त्रिदिवं मङ्क्षु निनाय सादरम् ।। १४२

महितं तदिदं वचस्सुमं
परमानन्दविकारजृंभिताः !
पुरुभक्तिभरानतास्तदा
शिरसा पारिषदोत्तमा दधुः ।। १४३

कृशदारुणि चैवमीशिता
स विषेहे कदनं सुदुस्सहम् ।
भृशनिश्चलमेकयामकं,
पुनरापान्यसुखाभिलाषिताम् ।। १४४

नरहृद्भवभावचिन्तना-
न्यनुभूयैवमथायमीश्वरः ।
मुखमानमयन् मनागसू-
नजहा, न्मन्दममीलतां दृशौ ।। १४५

उदभूत् स्तनितं सुनिष्टुरं
सहसाक्रन्ददतीव वारिधिः ।
क्षितिगोलमिवावखण्डयन्
प्रववौ तीव्ररयः समीरणः ।। १४६

न्यप तु भ्रमदुत्तमाङ्गको
लतिकाभिः सहितस्तरुव्रजः !
व्यनदन् विपिनानि मारुतै-
